Reg: No. M. 2689.
T. 32.

License No: 427
Dated 14-8-1943.


# മലയാളരാജ്യം

പുസ്തകം ൨൦ | കൊല്ലം ൧൯൪൭ അക്ടോബർ ൨൦-ാംനു | ലക്കം ൯൯
പേജ് ൧൬ | ൧൧൨൩ തുലാം ൩-ാംനു തിങ്കളാഴ്ച | ഒറ്റപ്രതി ൩ ണ ൨

# ഭാരതീയരായ പുതിയ ഗവർണ്ണർമാർ

## ജീവചരിത്രസംക്ഷേപങ്ങൾ

മധ്യസംസ്ഥാനങ്ങളുടേയും ബീറാറിൻ്റേയും ഗവർണ്ണറായി നിയമിതനായിരിക്കുന്ന മംഗലദാസ് പക്വാസ ബോംബേ ലെജിസ്ലേറ്റീവ് കൌൺസിലിൻ്റെ ഇപ്പോഴത്തെ പ്രസിഡൻ്റാണ്. അദ്ദേഹം 1882 മേമാസം 7-ാംനു ജനിച്ചു. ബോംബേ എൽഫിൻസ്റ്റൺ ഹൈസ്കൂളിലും എൽഫിൻസ്റ്റൺകാളേജിലും വിദ്യാഭ്യാസംചെയ്തു. അദ്ദേഹം എൽഫിൻസ്റ്റൺ കാളേജിലെ സമർത്ഥനായ ഒരു വിദ്യാർത്ഥിയായിരുന്നു. ബി. ഏ-യ്ക്കു് ധീരജ്‌ലാൽ മാത്രദാസ് സ്കോളർഷിപ്പും എൽ. എൽ.



മധ്യസംസ്ഥാനഗവർണ്ണർ
ശ്രീ: മംഗലദാസ് പക്വാസ

ബി-യ്ക്കു് ആർനോൾഡ് സ്കോളർഷിപ്പും നേടി. അതിനുശേഷം 30 വർഷക്കാലം വക്കീലായി ജീവിതം നയിച്ചു. 1932-ൽ 14 മാസവും, 1940-ൽ 12 മാസവും 1942-43 വർഷങ്ങളിൽ 17 മാസവും ജയിലിലായിരുന്നു. മി: പക്വാസ ബോംബേ പീസ്കമ്മിറ്റി പ്രസിഡൻ്റാണ്.

ഇൻഡ്യൻ ഇടക്കാലഗവണ്മെൻ്റിലെ ഇൻഡസ്ട്രീസ് ആൻഡ് സപ്ലൈസ് മിനിസ്റ്ററും പശ്ചിമബംഗാളിലെ ഗവർണ്ണറായി നിശ്ചയിക്കപ്പെട്ടിരിക്കുന്നയാളുമായ മി: സി. രാജഗോപാലാചാരി ബി. ഏ, ബി. എൽ. സേലം ഡിസ്ട്രിക്ടിൽ ഹൊസൂറിനടുത്തുള്ള ഒരു ഗ്രാമത്തിൽ ജനിച്ചു. ബാംഗ്ലൂർ സെൻട്രൽകാളേജിലും മദ്രാസ് പ്രസിഡൻസി കാളേജിലും മദ്രാസ് ലാ കാളേജിലുംവിദ്യാഭ്യാസംചെയ്തു. 1900-ൽ അദ്ദേഹം 21 വയസ്സുമാത്രം പ്രായമുള്ളപ്പോൾതന്നെ വക്കീൽപണിയാരംഭിക്കയും സേലത്തു് ഒരു നല്ല പ്രാക്ടീസ് സമ്പാദിക്കുകയുംചെയ്തു. 1919-ലെ സത്യാഗ്രഹപ്രക്ഷോഭണത്തിലും 1920-ലെ നിസ്സഹകരണപ്രസ്ഥാനത്തിലും പങ്കെടുത്തു. ഗാന്ധിജി ജയിലിലായിരുന്നപ്പോൾ അദ്ദേഹത്തിൻ്റെ പത്രമായ യുവഭാരതം (Young India) നടത്തുകയുംചെയ്തു. രാജഗോപാലാചാരി 1921-ലും 1922-ലും ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൻ്റെ സെക്രട്ടറിയായും നിസ്സഹകരണപ്രസ്ഥാനം മുഴുവനും അതിനുശേഷം 1941-വരെയും പിന്നീടു വീണ്ടും 1946 ജൂലൈമാസം മുതലും കോൺഗ്രസ്സ് വർക്കിംഗ്കമ്മിറ്റിയിലെ ഒരു മെമ്പറും ആയിരുന്നു. അദ്ദേഹം ആളിന്ത്യാ സ്പിന്നിങ്ങ് അസോസിയേഷൻ്റെ ആരംഭംമുതൽ 1935-വരെ പ്രസിഡൻ്റായും പ്രൊഹിബിഷൻ ലീഗ് ഓഫ് ഇന്ത്യായുടെ സെക്രട്ടറിയായും ദക്ഷിണഭാരതഹിന്ദീപ്രചാരസഭയുടെ വൈസ്പ്രസിഡൻ്റായുമിരുന്നിട്ടുണ്ട്. ഇദ്ദേഹം 1937 ജൂലൈമുതൽ 1939 നവമ്പർവരെ മദ്രാസ്പ്രസിഡൻസിയിലെ ആഭ്യ



പശ്ചിമബംഗാൾഗവർണ്ണർ
ശ്രീ: സി. രാജഗോപാലാചാരി.

ന്തരവും ധനപരവുമായ കാര്യങ്ങളുടെ ചുമതലയോടുകൂടി പ്രധാനമന്ത്രിയായിട്ട് ഉദ്യോഗംവഹിച്ചു.

പൂർവ്വപഞ്ചാബിലെ ഗവർണ്ണറായി ഉദ്യോഗം വഹിക്കാൻപോകുന്ന സർ ചന്ദുലാൽ മാധവലാൽത്രിവേദി ഇൻഡ്യൻ സിവിൽ സർവീസിലെ ഒരംഗമാണ്. 1946 മേ മുതൽ ഇദ്ദേഹം ഒറീസ്സായിലെ ഗവർണ്ണറാണ്. 1893 ജൂലൈ 2-ാം തീയതി ജനിച്ചു. ബോംബെയിൽ വിദ്യാഭ്യാസം നടത്തി. 1917-ൽ ഐ. സി. എസ്സിൽ പ്രവേശിക്കുകയും 1821 നവംബർവരെ മധ്യസംസ്ഥാനങ്ങളുടെ അസിസ്റ്റൻ്റ് കമ്മീഷണറായിരിക്കുകയും ചെയ്തു. പല പ്രകാരത്തിൽ സേവനങ്ങളനുഷ്ഠിച്ചശേഷം 1932-ൽ ഇൻഡ്യാഗവണ്മെൻ്റിൻ്റെ ഹോം ഡിപ്പാർട്ടുമെൻ്റ് ഡെപ്യൂട്ടി സെക്രട്ടറിയായി നിയമിതനായി. 1934 ഏപ്രിലിൽ ഇദ്ദേഹം ഒഫിഷ്യേറ്റിംഗ് ജോയിൻ്റ് സെക്രട്ടറിയായി. 1935-36 വർഷങ്ങളിൽ ഇൻഡ്യാഗവണ്മെൻ്റ് സെക്രട്ടറിയായും 1936-37 വർഷങ്ങളിൽ 'ഛാററിസ്ഗാർ' (Chatisgarh) ഡിവിഷൻ കമ്മീഷണറായുമിരുന്നിട്ടുണ്ട്. 1937 മുതൽ 1942 മാർച്ചുവരെ സെൻട്രൽപ്രാവിൻസസിൻ്റേയും ബീറാറിൻ്റേയും ഗവണ്മെൻ്റ് ചീഫ്സെക്രട്ടറിയായും 1942 ജൂലൈ മുതൽ 1946 ജനുവരിവരെ ഇൻഡ്യാഗവണ്മെൻ്റിൻ്റെ യുദ്ധവകുപ്പു സെക്രട്ടറിയായും ജോലിനോക്കി.

1946 മുതൽ യു. പി. ഗവണ്മെൻ്റിൻ്റെ എക്സൈസ്, ഇൻഡസ്ട്രീസ് ആൻ്റ് ആഗ്രിക്കൾച്ചറൽ മിനിസ്റ്ററും ഇപ്പോൾ ഒറീസ്സാ ഗവർണ്ണറായി നിയമിതനുമായ ഓണ: ഡാക്ടർ കൈലാസനാഥകട്ജു എം. ഏ., എം. എൽ., എം. എൽ. ഏ. 1887 ജൂൺ 17-ാം തീയതി ജനിച്ചു. ജാഡ്പൂരിലെ പണ്ഡിത നിരഞ്ജനനാഥകാളിൻ്റെ പുത്രിയായ രൂപകിശോരിയെ വിവാഹംചെയ്തു. ആ മഹിള മരണമടഞ്ഞിട്ടു രണ്ടുവർഷമായി. ജോറാബാർ



ഒറീസാ ഗവർണ്ണർ
ശ്രീ. കൈലാസനാഥകട്ജു

ഹൈസ്കൂളിലും ലാഹോർ ഫോർമാൻ ക്രിസ്റ്റ്യൻ കാളേജിലും അലഹബാദ് സെൻട്രൽകോളേജിലും വിദ്യാഭ്യാസംചെയ്തു. 1908 മുതൽ 1914-വരെ കാൺപൂരിൽ പ്രാക്റ്റീസുചെയ്തു. 1914-ൽ അലഹബാദ് ഹൈക്കോർട്ടുബാറിൽ ചേരുകയും 1919-ൽ അലഹബാദ് യൂണിവേഴ്സിറ്റിയിൽനിന്നും ഡാക്ടർ ഓഫ് ലാസ് എന്ന ഡിഗ്രി സമ്പാദിക്കുകയും ചെയ്തു. 1921-ൽ അലഹബാദ് ഹൈക്കോർട്ടിൽ ഒരഡ്വക്കേറ്റായി ചേരുകയും ചെയ്തു. അനേകവർഷങ്ങളായി യു. പി. പ്രൊവിൻഷ്യൽ കാൺഗ്രസ്സ് കമ്മിറ്റിയിലെ ഒരംഗവും 1935 മുതൽ 1937-വരെ അലഹബാദ് മുനിസിപ്പൽ ബോർഡിൻ്റെ തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യക്ഷനുമായി ജോലിനോക്കിയിട്ടുണ്ട്. പ്രയാഗ മഹിളാവിദ്യാപീഠത്തിൻ്റെ ചാൻസലറും അലഹബാദ് ഡിസ്ട്രിക്റ്റ് അഗ്രി: അസോസിയേഷൻ്റെ പ്രസിഡൻ്റുമിദ്ദേഹമായിരുന്നു. 1918 മുതൽ 1943-വരെ അലഹബാദ് ലാജേർണലിൻ്റെ എഡിറ്ററും ബനാറീസ് യൂണിവേഴ്സിറ്റിയുടെ എക്സിക്യൂട്ടീവു കൌൺസിലിലെ ഒരു മെമ്പറായും ഇദ്ദേഹം സ്തുത്യർഹമാംവിധം കൃത്യം നിർവഹിച്ചിട്ടുണ്ട്.

"തുടയിൽ ഒരു വെടിയുണ്ടയേററതു നന്നായി; അതു തലയിലായിരുന്നെങ്കിൽ കാര്യംകൂടി നന്നാകുമായിരുന്നു" എന്നാണു കറാച്ചിയിൽ 1930 ഏപ്രിൽ 16-ാംനു സത്യാഗ്രഹംതുടങ്ങിയതിൻ്റെ ഫലമായി പോലീസ് വെടിവെപ്പുനടത്തിയപ്പോൾ ഇന്നു ബീഹാർഗവർണ്ണറായി നിയമിതനായ ശ്രീ. ജയറാംദാസ് ദൌലത്റാമിന് വെടിയേററ വാർത്തയറിഞ്ഞ ഗാന്ധിജി, അദ്ദേഹത്തിനു കമ്പിയടിച്ചതു്. ഭാരതത്തിൻ്റെ ഈ വീരസന്താനം 1892 ലാണു ജനിച്ചതു്. അദ്ദേഹം പലേ പത്രങ്ങളുടെയും പത്രാധിപത്യം ഏററു നടത്തിയിട്ടുണ്ട്. 1930-ൽ വെടിയേററ് ശയ്യാവലംബിയായ അവസരത്തിൽ 'ഗാന്ധിജിയെ അറസ്റ്റുചെയ്തതോടെ അദ്ദേഹം ഗാന്ധിജിയുടെ 'യങ്ങ് ഇന്ത്യ' (ഇന്നത്തെ 'ഹരിജൻ' പത്രത്തിൻ്റെ മൂലം) യുടെ പത്രാധിപത്യവും ഏ



ബീഹാർഗവർണ്ണർ
ശ്രീ: ജയറാംദാസ ദൌലത്റാം

ല്പ്പുകയുണ്ടായി. സിന്ധ്പ്രവിശ്യ കാൺഗ്രസ്സിൻ്റെ ജീവനാഡിയായിരുന്നു ഇദ്ദേഹം.

ഇന്ത്യയിലെ രാപ്പാടിപ്പക്ഷി എന്ന അപരാഭിധാനം ആർജ്ജിച്ച ശ്രീമതി സരോജിനീദേവിയാണ് ഐക്യസംസ്ഥാനത്തിലെ ആക്റ്റിംഗ് ഗവർണ്ണറായി നിയമിതയായതു്. ഏതൊരു ചൊറുചൊറുക്കുള്ള പുരുഷനും പൌരുഷത്തിനു ഒരാദർശമായെന്നുതക്കവിധം തൻ്റെ സജീവമായ പ്രയത്നംകൊണ്ടു് സുപ്രസിദ്ധയായ ഈ വീരവനിതയ്ക്കു ഇന്നും ആ 'രാപ്പാടി'യെന്ന പേർ നിലനില്ക്കുന്നതു അത്ഭുതാവഹമായിരിക്കുന്നു. അഥവാ കലാവാസനയും പൌരുഷവും തമ്മിൽ അത്ര അകലമൊന്നുമില്ലെന്നതിനു സരോജിനീദേവി ഒരു നിദർശനമാകുകയായിരിക്കും.

സരോജിനീദേവി ജനിച്ചതു 1879 ഫെബ്രുവരി 13-ാംനു-യാണ്. അവർ ഒരു പ്രസിദ്ധയായ സംഖ്യാഗണനശാസ്ത്രജ്ഞയോ, ഭൌതിക—രസതന്ത്രശാസ്ത്രജ്ഞയോ ആകണമെന്നാണ്, സരോജിനിയുടെ പിതാവ് ആഗ്രഹിച്ചതത്രെ. എന്നാൽ സരോജിനീദേവിക്കു കണക്കുമായി വലിയ താല്പര്യമുണ്ടായിരുന്നില്ല. 12 വയസ്സിലാണ് അവർ മെട്രിക്കുലേഷൻ പാസ്സായതു്. 13 വയസ്സിൽ 2000 വരിവരുന്ന ഒരു നാടകം അവർ രചിച്ചു. 1908-ൽ ബ്രാഹ്മണസ്ത്രീയായ അവർ ഒരു അബ്രാഹ്മണനായ മി. നായിഡുവിനെ വിവാഹം ചെയ്തപ്പോൾ ഇൻഡ്യയിൽ ഒരു കോളിളക്കംതന്നെയുണ്ടായി.

(ശേഷം പതിനഞ്ചാംപേജിൽ)

# ഇററലിയും പ്രാചീന സാഹിത്യവും

പാണാവള്ളി രാമകൃഷ്ണപിള്ള.

കാലത്തിനു ഒരു കഴിവുണ്ട്, പുതുമ കൊണ്ടു പൊതിഞ്ഞു പഴമയെ മറപ്പിക്കുവാൻ. പുതുമയുടെ ആകർഷണശക്തിയിൽ നാം മിക്കപ്പോഴും മയങ്ങുകയാണു പതിവ്. എപ്പോൾ അതു നമ്മെ നീരസപ്പെടുത്തി അസംതൃപ്തരാക്കുന്നുവോ അപ്പോഴാണ് നാം വീണ്ടും പഴമയിലേക്കു തിരിക്കുന്നത്. പഴമയിലേക്കു തിരിക്കുവാൻ പ്രധാനകാരണം ഭാവിയുടെ അനിശ്ചിതാവസ്ഥ മാത്രമാണ്. ഭൂതകാലത്തേക്കുള്ള തിരിഞ്ഞുനോട്ടത്തിൽ നാം മിക്കവാറും തൃപ്തരാവുകയും ചെയ്യുന്നു. കാരണം വർത്തമാനകാലത്തേക്കാൾ എന്തുകൊണ്ടും ഭൂതകാലം ശോഭനമായിരുന്നു എന്നൊരു അനുഭവജ്ഞാനം. സാഹിത്യത്തെ സംബന്ധിച്ചു ഇതു് അക്ഷരംപ്രതി ശരിയാണ്. ഇന്നത്തെ സാഹിത്യവും പ്രാചീനസാഹിത്യവും തമ്മിൽ ഒന്നു താരതമ്യപ്പെടുത്തി നോക്കുമ്പോഴറിയാം നമ്മുടെ പൂർവ്വികന്മാരുടെ തന്റേടവും തറവാടിത്തവും. നമ്മുടെ സാഹിത്യംപോലെ മററു സാഹിത്യങ്ങളുടേയും നില ഇതിൽനിന്നു ഒട്ടും വ്യത്യസ്ഥമല്ല. ഒരുകാലത്തു ലോകത്തിനുതന്നെ, വിശിഷ്യ യൂറോപ്പിനു മാർഗ്ഗദീപമായിരുന്ന ഇററലിയിലെ സാഹിത്യത്തിന്റെ സ്ഥിതി ആലോചിച്ചാൽ ഈ സംഗതി കുറച്ചുകൂടി സ്പഷ്ടമായിക്കാണാം.

ക്രിസ്ത്വബ്ദം പതിനഞ്ചാം ശതകത്തിലാണ് ഇററലിയിൽ സാംസ്കാരികമായ ഒരു നവോദയമുണ്ടായതു്. അതിനുമുമ്പ് അവിടത്തെ സാഹിത്യത്തെപ്പററി വലിയ മതിപ്പൊന്നുമുണ്ടായിരുന്നില്ല. പതിനഞ്ചാംശതകമെന്നു പറയുന്നതു് അത്ര വലിയ പ്രാചീനകാലമൊന്നുമല്ലല്ലോ. ക്രിസ്തുവിനു നാനൂറുകൊല്ലം മുമ്പു് ഗ്രീസിന്റെ സ്ഥിതി തന്നെ എത്ര ശോഭനമായിരുന്നു. എന്തുകൊണ്ടാണ് ഇററലിയിൽ സംസ്കാരോദ്ദീപനമായ ഒരന്തരീക്ഷം സൃഷ്ടിക്കുന്നതിനു ഇത്രയും താമസിച്ചതു് എന്നതു ന്യായമായ ഒരു ചോദ്യമാണ്.

൧൬-ാം ശതകത്തിന്റെ അവസാനം വരെ റോമാക്കാർ ഗ്രീക്കുസാഹിത്യത്തെയാണ് അനുകരിച്ചിരുന്നതു്. സുപ്രസിദ്ധ യവനതത്വചിന്തകന്മാരായ സോക്രട്ടീസ്, സിസറോ, പ്ലേറേറാ, അരിസ്റ്റോട്ടിൽ മുതലായവരുടെ കൃതികൾക്കായിരുന്നു ഇററലിയിൽ വലിയ പ്രചാരം. കേവലം അന്ധമായ ഒരു അനുകരണം മാത്രമായിരുന്നു അതിനു കാരണം. അക്കാലഘട്ടത്തിൽത്തന്നെ ഇററലിയിൽ ജനിച്ചുവളർന്നു അവിടത്തെ സംസ്കാരം ശ്വസിച്ചു ജീവിച്ച ഡാൻന്റിയുടെ പ്രതിഭാപ്രഫുല്ലമായ കൃതികൾപോലും ഇററലിക്കാർ വകവെച്ചിരുന്നില്ല എന്നു പറയുമ്പോൾ അനുകരണഭ്രാന്തിന്റെ നില ഏറെക്കുറെ മനസ്സിലാകും. സ്വന്തകുട്ടികൾക്കു, സിസറോ, പ്ലേറേറാ മുതലായ പേരുകൾ ഇടുന്നതിൽത്തന്നെ ആ കുട്ടികളുടെ മാതാപിതാക്കന്മാർ ബഹുമാന്യരായിരുന്നുപോൽ. അതും വലിയ വലിയ പ്രഭുക്കൾക്കു മാത്രമേ ആ പേരുകൾ ഇടുവാൻ പാടുള്ളു എന്ന ഒരു നിയമംകൂടി കാലക്രമേണ ഉണ്ടാക്കേണ്ടതായി വന്നു. സിസറോ തന്റെ ഒരു സ്നേഹിതനു് ഗ്രീക്കിൽ എഴുതിയിരുന്ന ഒരു എഴുത്തു ഇററാലിയൻഭാഷയിൽ തർജ്ജിമ ചെയ്ത ഒരു സാഹിത്യകാരന്റെ കൈയ്യിൽനിന്നും ആ എഴുത്തു വാങ്ങിക്കുവാൻ ഒരു ധനാഢ്യൻ തന്റെ ഏഴു കുതിരകളേയും ഒരു രഥത്തേയും കൊടുക്കാമെന്നു ഏററതായി കേട്ടിട്ടുണ്ട്. നോക്കണം, അനുകരണത്തിന്റേയും വീരാരാധനയുടേയും അനന്തരഫലങ്ങൾ.

പെട്ടെന്നു് ഒരു മാററം, ഒരു നവയുഗത്തിന്റെ അരുണോദയം. ഇററലി ഉണർന്നു. സാഹിത്യവും മററു കലകളും പൊന്തിത്തെളിയുവാൻ തുടങ്ങി. സംസ്കാരം പുഞ്ചിരിയിട്ടു ലോകത്തിന്റെ ബഹുമതിപത്രം വാങ്ങി. ഹൃദയംകവരുന്ന കവിതകളും രുധിരം തിളയ്ക്കുന്ന പ്രഭാഷണങ്ങളും ഇററലിയിൽ എവിടെയും ഉദിച്ചുയർന്നു. എന്തിനു്, അല്പകാലത്തെ സ്ഥിരപ്രയത്നംകൊണ്ടു് ഇററലി ലോകത്തിൽ ഏററവും വലിയ ഒരു സ്ഥാനം കരസ്ഥമാക്കി. പാരീസ്, വിയന്ന, ബെർളിൻ, ഓക്സ്ഫോർഡ് മുതലായ സ്ഥലങ്ങളിൽനിന്നും കലാകാരന്മാരും രാജ്യതന്ത്രജ്ഞന്മാരും ഇററലി സന്ദർശിച്ച് അവിടത്തെ സംസ്കാരത്തെപ്പററി പഠിച്ച് വിദേശങ്ങളിൽ പോലും പ്രചരിപ്പിക്കുവാൻ ശ്രമിച്ചുതുടങ്ങി. അല്പംകഴിഞ്ഞാണ് ഇററലിക്കാർക്കുതന്നെ മനസ്സിലായതു്, അവർ ചവുട്ടിനിന്നു മുമ്പോട്ടുകയറിയതു് ജീർണ്ണമായ തങ്ങളുടെ പുരാതനസംസ്കാരത്തിന്റെ ചവിട്ടുപടിയിൽ നിന്നുകൊണ്ടാണെന്നു്. ഒരുകാലത്തു മുററത്തെ മുല്ലപോലെ കരുതിയിരുന്ന ഡാൻന്റിയുടെ കവിതകളാണ തങ്ങളുടെ സാഹിത്യസരണിയെന്നു അറിഞ്ഞപ്പോഴാണ് ഇററാലിയർ സ്വയം തലതാഴ്ത്തിയതു്. പൊതുവേ നോക്കുകയാണെങ്കിൽ ഈ ഒരു പ്രബുദ്ധത പ്രാചീനസംസ്കാരത്തിന്റെ ഒരു ചൈതന്യവിശേഷംമാത്രമാണെന്നു കാണാൻ കഴിയും. എന്നാൽ ഈ കാലഘട്ടത്തിലുണ്ടായ പ്രചോദനാത്മകമായ ഔന്നത്യം ഇററലിയുടെ അനശ്വരമായ സമ്പാദ്യമാണെന്നു സമ്മതിച്ചേതീരൂ.

ലോകചരിത്രത്തിൽ തങ്കലിപികൾകൊണ്ടു രേഖപ്പെടുത്തിയിരിക്കുന്ന ഒരു അദ്ധ്യായമാണ് റോമൻചരിത്രം. അത്ഭുതാവഹമായ സംഭവങ്ങളുടെ സങ്കരം, പ്രാചീനമെങ്കിലും ലോകത്തിനാകമാനം അഭ്യുന്നതി നൽകുന്ന സംസ്കാരസോപാനം, ജ്ഞാനത്തിന്റെ ഭണ്ഡാഗാരം, കലകളുടെ കേളീരംഗം ഈ നിലകളിൽ റോമിന്റെ മേന്മ സുപ്രസിദ്ധസാഹിത്യകാരനായ 'ഡാൻന്റി'യുടെ കൃതികളിൽ സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു. അന്നു നിലവിലിരുന്ന വിദ്യാഭ്യാസസമ്പ്രദായങ്ങളും ആദർശജീവിതരീതികളും വാസ്തവത്തിൽ നമ്മെ പുളകംചാർത്തുന്നവയാണ്.

സാഹിത്യപരമായി 'ഡാൻന്റി' 'ബൊക്കായിയോ' മുതലായവരുടെ തൂലികാചലനം എത്രമാത്രം ശ്രേഷ്ഠമായ കലാചിത്രങ്ങളെയാണ് പ്രദാനംചെയ്തതു്. ചുററുപാടുമുള്ള നഗ്നസത്യങ്ങളേയും, മനുഷ്യഹൃദയങ്ങളെ ചിന്തിപ്പിക്കുവാൻ സാരോപദേശവുംവെച്ചുമത്തുന്ന അധരത്തോടുകൂടിയ പ്രകൃതിയേയും സാമ്രാജ്യലക്ഷ്മിക്കു് വിയർപ്പുമുത്തുതൂകുന്ന കൃഷീവലന്മാരെയുമാണ അവർ ചിത്രീകരിച്ചതെന്നു കാണുമ്പോൾ ഒരു പക്ഷേ ഇന്നത്തെ പുരോഗമനസാഹിത്യകാരന്മാർ, പുരോഗമനസാഹിത്യം ഇററലിയിലും ഉണ്ടായിയിരുന്നു എന്നു വാദിക്കുകയില്ലയോ യെന്നു സംശയം. പച്ചപ്പരമാർത്ഥങ്ങളെ തൂലികാഗ്രംകൊണ്ടു പൊക്കിയെടുത്തു് ജനതാമദ്ധ്യത്തിൽ കാണിച്ചു് അവരെ ചിന്തിപ്പിച്ചു് ആദർശാത്മകമായ ഒരു കലാലോകം സൃഷ്ടിക്കുകയായിരുന്നു അവരുടെ ലക്ഷ്യമെന്നു നമ്മുടെ സാഹിത്യകാരന്മാർ നന്നായിട്ടു മനസ്സിലാക്കിയാൽ നന്നു്. ഡാൻന്റിയെക്കാൾ ഒട്ടും പിന്നോക്കമല്ലായിരുന്നു 'പെട്രാക്ക്' എന്ന സാഹിത്യകാരൻ. അദ്ദേഹത്തിന്റെ വർണ്ണനകൾ സജീവചിത്രങ്ങളാണ്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള അഭേദ്യമായ ഐക്യം ഇത്രമാത്രം അടുപ്പിക്കുവാൻ കഴിഞ്ഞിട്ടുള്ള ഒരു കവി ഇററലിയിൽ ഉണ്ടായിട്ടേയില്ല. കൂടാതെ പാണ്ഡിത്യത്തിന്റെയും, സംസ്കാരത്തിന്റെയും കലവറതന്നെയായിരുന്നു അദ്ദേഹം.

സാഹിത്യത്തിന്റെ ആതുരാലയമാണല്ലോ നിരൂപണം. 'പെട്രോക്കി'ന്റെ പിൻഗാമികൾ ഈ ഒരു കലയേയാണ് അധികമായി പ്രോത്സാഹിപ്പിച്ചതു്. പ്രാചീനഗ്രന്ഥശാലകൾ പരിശോധിച്ചു് അവയിൽ പ്രസിദ്ധീകരണത്തിനു് യോഗ്യമായവ പ്രസിദ്ധീകരിക്കുക ഈവിധത്തിലുള്ള സേവനംകൊണ്ടു നിരൂപണകല അറിയാതെ വളർന്നു. പ്ലേറേറാ അരിസ്റ്റോട്ടിൽ മുതലായവരെപ്പററിയുള്ള നിരൂപണങ്ങൾ ഇന്നും ലോകത്തിലെ ഏററവും ശ്രേഷ്ഠമായ നിരൂപണത്തിന്റെ വിജയപതാകകളായി പാറിക്കളിക്കുന്നു. വ്യക്തിവിദ്വേഷമില്ലാതെ, ആത്മാർത്ഥതയ്ക്കു സ്ഥാനംനല്കി, യുക്തിയുക്തവും, ചിന്താപരവും, വിജ്ഞാനോദ്ദീപിതവുമായവിധത്തിലാണ് ഇററലിക്കാർ നിരൂപണം ചെയ്തിരുന്നതു്. പുരാതന തത്വചിന്തയുടെ വെളിച്ചത്തിൽക്കൂടി ഹൃദയത്തെ ധാർമ്മികമായ ഐക്യത്തിൽ അടുപ്പിക്കുകയെന്നതായിരുന്നു അവരുടെ ലക്ഷ്യം. ഭൂതകാലത്തിന്റെ തോളത്തു കൈവെച്ചുമാത്രമേ ഭാവിയിലേക്കു ഒന്നു് എത്തിനോക്കുവാൻ പോലും മനുഷ്യനു സാധിക്കുവെന്നാണ് ഇററാലിയർ നമ്മെ പഠിപ്പിക്കുന്നതു്. നമ്മുടെ നിരൂപകന്മാർ ഈ സംഗതികൾ ഒന്നറിയുന്നുവെങ്കിൽ എത്ര നന്നായിരുന്നു.

ഫ്ളോറൻസിലെ ഭരണമേധാവികളെന്ന നിലയേക്കാൾ സാഹിത്യകാരന്മാരെന്ന സ്ഥാനത്താണ 'വിജിയോ' ലെഡ്നാർഡോ ഇവർ പ്രശോഭിക്കുന്നതു്. ഇവർ രണ്ടുപേരും വലിയ പണ്ഡിതന്മാരായിരുന്നു. പുരാതനഗ്രന്ഥങ്ങൾ സംഭരിക്കയായിരുന്നു ഇവരുടെ ജോലി. രാപകൽ ഉറക്കമിളച്ചു യൂറോപ്പുമുഴുവൻ സഞ്ചരിച്ചു മനുഷ്യരേയും മതത്തേയും മററും പഠിക്കുകയെന്നതു ഒരു ചില്ലറക്കാര്യമല്ല. ഓരോ രാജ്യത്തെ ജീവിതരീതി, സംസ്കാരം, അവിടത്തെ ആളുകൾ മുതലായ സംഗതികൾ അദ്ദേഹത്തിന്റെ യാത്രാവാർത്തകളിൽ സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു. ഇംഗ്ലീഷുകാരുടെ ഭോജനക്രമങ്ങളും അതിനു അവർ അനാവശ്യമായിക്കളയുന്ന വിലയേറിയ സമയവും ഒരു ആക്ഷേപരൂപത്തിൽ അദ്ദേഹം നിശിതമായി വിമർശിച്ചിട്ടുണ്ട്. വേറെയും രസകരമായ സംഭവങ്ങൾ ഈ സാഹിത്യകാരന്മാരുടെ ഗ്രന്ഥങ്ങളെ ആകർഷണപ്പെടുത്തുന്നവയാണ്. യാത്രക്കിടയ്ക്കു ഉറക്കംവരാതിരിക്കുവാൻ ഇവർ എപ്പോഴും പച്ചവെള്ളംകൊണ്ടു കണ്ണുകഴുകിയിരുന്നു. തൽഫലമായി യാത്രകഴിഞ്ഞു കണ്ണിനു വലിയ കോട്ടം സംഭവിച്ചെന്ന സംഗതി എത്രയും വ്യസനകരമാണ്.

'അരിററിനോ' വലിയ ഒരു ഭാഷാന്തരീകരണനായിരുന്നു. പ്ലേറേറാവിന്റെ കൃതികളിലായിരുന്നു അദ്ദേഹം അധികമായി കൈവെച്ചിരുന്നതു്. അരിസ്റ്റോട്ടിൽ പ്ലേറേറാ മുതലായവരുടെ ജീവചരിത്രവും അദ്ദേഹം എഴുതിയിരിക്കുന്നു. വിലയേറിയ ഒരു ഗ്രന്ഥമാണ ഇതു്. ലളിതമായ ഭാഷ, വഴിഞ്ഞൊഴുകുന്ന പദപ്രയോഗം, ഹൃദയാകർഷകമായ ശയ്യാസുഖം ഇവയായിരുന്നു അദ്ദേഹത്തിന്റെ സാഹിത്യത്തിനുള്ള മേന്മ. അനന്തരകാലത്തെ സാഹിത്യങ്ങളിൽ നിഴലിച്ചിരുന്ന അനുഭൂതിയും ഇതുതന്നെ.

ഇററാലിയൻഭാഷയ്ക്കു ഒരു ജീവൻ നല്കിയതു അവിടത്തെ കവികളാണ്. പെട്രാക്കിന്റെ ഗീതകങ്ങളാണ് ഷേക്സ്പീയർ ഇംഗ്ലീഷുസാഹിത്യത്തിനു സമ്മാനിച്ചതു്. തുടർന്നു കീററ്സ്, ബൈറൻ, ഷെല്ലി മുതൽപേരും ഇതിനു വേണ്ട പ്രോത്സാഹനംനല്കി. ഗീതങ്ങൾ ഇന്നും വിശ്വസാഹിത്യത്തിലെ ഉദ്യാനങ്ങളാണ്. മറെറാരുകവിയാണ് 'പൊളിസിയാനോ' പ്രാചീനസംസ്കാരത്തിന്റെ ഹൃദയത്തുടിപ്പുകളാണ് ഇദ്ദേഹത്തിന്റെ കവിതകളിൽ മുഴങ്ങുന്നതു്. പദലാളിത്യം, ശബ്ദസൌന്ദര്യം, ആശയഗാംഭീര്യം, അലങ്കാരമനോഹാര്യം, ശയ്യാസുഖം ഇവയാണ് അദ്ദേഹത്തിന്റെ കവിതയുടെ പ്രത്യേകതകൾ. കൂടാതെ പ്രകൃതിവർണ്ണനകൾ ഹൃദയതന്ത്രികളെ തന്നത്താൻ പാടിക്കുന്നവ കൂടിയാണ്.

കൂടാതെ, ശാസ്ത്രം, തർക്കം, മുതലായ കലകളിലും ഇററലിക്കാർ ഒട്ടും പിന്നോക്കമായിരുന്നില്ല. കലാകുതുകികൾക്കു കല്പവൃക്ഷങ്ങളായിരുന്നു അവിടത്തെ പണ്ഡിതന്മാരും ഭരണമേധാവികളും. അത്ഭുതപ്പെടുവാനില്ല, പരിതഃസ്ഥിതിയാണല്ലോ എന്തിനും കാരണം. പ്രകൃതിശാസ്ത്രം, സമുദായം, മനുഷ്യർ ഇവരുടെ ചിത്രീകരണം, യുക്തിവാദം, നിരൂപണം ഇവരുടെ കയററം, അഭ്യുന്നതി, ലളിതവും നിശിതവുമായ സാഹിത്യം ഇവയിൽനിന്നുണ്ടാവുന്ന സംസ്കാരം, ഇവയാണ് ഇററലി ലോകത്തിനു സംഭാവനചെയ്തിട്ടുള്ള അമൂല്യ വിഭവങ്ങൾ. ഇന്നത്തെ ഇററലിയുടെ കറപിടിച്ച കുരുതിക്കളത്തിൽനിന്നും വമിക്കുന്ന വിഷവായു ഈ പ്രാചീനസംസ്കാര പരിമളത്തെ ഉയർത്തുന്നില്ലെന്നുള്ളതു് എത്രയോ പരിതാപകരമായ ഒരു സംഗതിയാണ്. കലങ്ങിത്തെളിയുമ്പോൾ എല്ലാം മംഗളമായിത്തീരുമെന്നു പ്രത്യാശിക്കാം.

—o—



൧൭ വയസ്സു പ്രായമുള്ള സുധൻഷാ ലണ്ടൻ ഡ്രാമാ ക്ലബ്ബിൽ 'മോഡലിങ്ങ്' നടത്തുന്നതിനായി ചേർന്നു. ഇപ്പോൾ മിസ്സ് ഷാ ആർതർ റാങ്ക് കമ്പനിയിൽ ഒരു നടിയായി അഭിനയം ചെയ്യുന്നതിന് പരിശീലനം നടത്തിവരികയാണ്.

ഏകാങ്കനാടകം

# നേത്യാരമ്മയുടെ നൈരാശ്യം

ശാസ്തമംഗലം കെ. ശ്രീധരൻനായർ

## പാത്രങ്ങൾ

രാജശേഖരൻ—അപസർപ്പകൻ, ൩൫ വയസ്സ്. വിനയചന്ദ്രൻ—രാജശേഖരൻെറ അസിസ്റ്റൻറ്, ൨൫ വയസ്സ്. ഗോപാലമേനോൻ രാജശേഖരൻെറ സെക്രട്ടറി, ൩൦ വയസ്സ്. പി. കെ. ചൂളയ്ക്കൽ—ഒരു കോടീശ്വരൻ, ൫൦ വയസ്സ്. പരമു പിള്ള—ചൂളയ്ക്കലിൻെറ ശിപായി. ഭവാനിക്കുഞ്ഞമ്മ—൩൦ വയസ്സ്, ചൂളക്കലിൻെറ ഭാര്യ. ഹോട്ടൽപ്പയ്യൻ.

### രംഗം ൧

(രാജശേഖരൻെറ ആഫീസ്—ഗോപാലമേനവൻ ടൈപ്പ് ചെയ്തുകൊണ്ടിരിക്കുന്നു—ടെലഫോൺ മണി അടിക്കുന്നു)

ഗോപാ: (ഫോൺ എടുത്തു്)—ഹല്ലോ—അതേ—ഇതു് മി: രാജശേഖരൻെറ ആഫീസാണു. അതന്തേ? മി: ചന്ദ്രനോ? ഇല്ല—താമസിയാതെ വരും—ഓ—ശരി (ഫോൺ തിരിയെ വച്ചതിനു ശേഷം വീണ്ടും ടൈപ്പ് ചെയ്യുന്നു)

(കതകുതുറന്നു് രാജശേഖരൻ അകത്തു വരുന്നു)

രാജ: ചന്ദ്രൻ വിളിച്ചോ?

ഗോപാ:—ഇപ്പോഴാണ് വിളിച്ചതേയുള്ളു. കോട്ടയത്തുനിന്നും മടങ്ങിവന്നു എന്നു തോന്നുന്നു. ഇങ്ങോട്ടു വരുന്നു എന്നും പറഞ്ഞു.

രാജ: വിശേഷം വല്ലതുമുണ്ടോ?

ഗോപാ:—പ്രഭാതപ്പത്രിപ്പുകളിലെല്ലാം മോഷണത്തിൻെറ കഥ വിശദമായി കൊടുത്തിട്ടുണ്ട്. ഇതാ പത്രം. (എഴുന്നേററു പത്രം എടുക്കുന്നു)

രാജ: അത ഒന്നു പറഞ്ഞിരിക്കുന്നു?

ഗോപാ: (വായിക്കുന്നു) "ഇന്നലെ രാത്രിയിൽ ഏതോ അജ്ഞാതതസ്കരൻ മി: പി. കെ. ചൂളയ്ക്കലിൻെറ ഭവനത്തിനിന്നു് വിലയേറിയ ഒരു വജ്രമാല മോഷ്ടിച്ചുകൊണ്ടു പോയിരിക്കുന്നു. സി. ഐ. ഡി. ഇൻസ്പെക്ടർ മി. വെങ്കിട്ടറാവു ഊർജ്ജിതമായ അന്വേഷണങ്ങൾ നടത്തുന്നു. ലോകത്തിൽവച്ചു് ഏററവും വിലകൂടിയ കൂട്ടത്തിൽ ഉൾപ്പെട്ട രത്നങ്ങൾ നിർമ്മിതമായ മാലയാണിതു് എന്ന വസ്തുത പ്രത്യേകം പ്രസ്താവയോഗ്യമാണു."

(ആരോ കയറിവരുന്ന ശബ്ദം കേൾക്കുന്നു)

——മി: ചന്ദ്രനാണെന്നു തോന്നുന്നു.

(ചന്ദ്രൻ പ്രവേശിക്കുന്നു)

രാജ. ചന്ദ്രൻ! കൂടുതൽ വിവരങ്ങൾ വല്ലതുമുണ്ടോ?

ചന്ദ്രൻ: ഞാനൊന്നുമറിഞ്ഞില്ല. ഏതായാലും ഒരു കുഴഞ്ഞ കേസാണിതു്.

രാജ: എന്തുകൊണ്ടു്?

ചന്ദ്രൻ: ചൂളയ്ക്കലിൻെറ സ്വകാര്യമുറിയിലുള്ള ഇരുമ്പുപെട്ടി കേടുവരുത്താതെയാണ്. കാൺക്രീററിനുള്ളിലാണ് അതു് ഉറപ്പിച്ചിരിക്കുന്നതു്. അതു് തുറന്നതു് ആരായിരുന്നാലും ശരി, അവൾക്കു് അതിൻെറ രഹസ്യം നല്ലവണ്ണം മനസ്സിലായിരുന്നിരിക്കണം.—കതകും, ജന്നലും യാതൊന്നും കുത്തിത്തുറന്നിട്ടില്ല—ഒരു വിരൽപാടുപോലും അവിടെയിടത്തും കാണുന്നില്ല. തീർച്ചയായും തസ്കരൻ വീട്ടിനകത്തുള്ളവരിൽ ആരോ തന്നെ.

രാജ: ഇന്നലെ അവിടെ ആരെല്ലാമുണ്ടായിരുന്നു.

ചന്ദ്രൻ: അവിടെ മൊത്തം നാലു പേർ മാത്രമേയുള്ളു. ചൂളക്കൽ—അയാൾ പീടികമേട്ടിലെ റാണങ്ങളിലാണ്—ഒരു വേലക്കാരൻ, ഒരു തൂപ്പുകാരി, ഒരു തോട്ടക്കാരൻ—അവരാരുമല്ല ഇതു ചെയ്തതു്.

രാജ: അതെങ്ങിനെ തീർച്ചയാക്കി?

ചന്ദ്രൻ: അവർ അത്തരത്തിൽ പെട്ടവരല്ല. വളരെക്കാലമായി ചൂളയ്ക്കലിനെ ആശ്രയിച്ചു കഴിയുന്നവരാണു്. നവീനരീതിയിലുള്ള ഇരുമ്പുപെട്ടി തുറക്കാനുള്ള ബുദ്ധിചാതുര്യം അവർക്കാർക്കും ഇല്ല തന്നെ.

രാജ: പെട്ടി തുറക്കാനുള്ള സൂത്രം അവരാരെങ്കിലും എങ്ങിനെയോ മനസ്സിലാക്കി എന്നു വരരുതോ?

ചന്ദ്രൻ: ഒരിയ്ക്കലുമില്ല. ചൂളയ്ക്കലിനുമാത്രമേ ആ രഹസ്യം അറിയാവൂ—ഇതെല്ലാമാണ് വിവരങ്ങൾ—ഞാൻ രോഗാനു സമ്മതിച്ചു!

(ടെലഫോൺ മണിയടിക്കുന്നു)

രാജ: മേനോൻ!——ആരാണെന്നു ചോദിക്കണം.

മേനോൻ: (ഫോൺഎടുത്തു്) ഹല്ലോ——അതേ——മി: രാജശേഖരൻെറ ആഫീസ്.——അദ്ദേഹം ഇവിടെയുണ്ട്. ഞാൻ വിളിക്കാം.

രാജ: എന്താ മേനോൻ?

മേനോൻ: (പതുക്കെ) മി: ചൂളയ്ക്കലാണ് വിളിക്കുന്നതു്. മോഷണത്തെപ്പററി അറിഞ്ഞയുടൻതന്നെ പീടികമേട്ടിൽനിന്നും ഓടി എത്തിയിരിക്കയാണ്——ഇന്നു നാലുമണിയോടുകൂടി അങ്ങു് അദ്ദേഹത്തിൻെറ വീട്ടിൽ ചെല്ലണമെന്നു് പറയുന്നു.

രാജ: ഇപ്പോൾതന്നെ ചെല്ലാമെന്നു് അറിയിച്ചേക്കു

(മേനോൻ വിവരം അറിയിക്കുന്നു)

ചന്ദ്രൻ: ഈ മോഷണം അദ്ദേഹത്തിനു് ഒരു തീരാത്ത നഷ്ടമാണ് വരുത്തിയിരിക്കുന്നതു്.

രാജ: വരൂ നമുക്കു പോകാം. പക്ഷെ ഈ മോഷണകാര്യം അയാൾ ഇത്ര വേഗം അറിയാൻ ഇടയായതെങ്ങിനെ—ഏതായാലും പോകാം.

(കർട്ടൻ)

### രംഗം ൨

(മി: ചൂളയ്ക്കലിൻെറ ഭവനം)

(രാജശേഖരനും ചന്ദ്രനും വരുന്നതുകണ്ടു് പരമുപിള്ള തൊഴുതു വാങ്ങിനില്ക്കുന്നു.)

പരമു: രാജശേഖരൻസാറോ?

രാജ: അതേ.

പരമു: ഏമാൻ കാത്തിരിക്കുകയാണ്—ഇതാ, ഇതിലേ വരാം.

രാജ: (നടന്നുകൊണ്ടു്) പരമുപിള്ളേ! മി: ചൂളയ്ക്കൽ ഈ മോഷണത്തെപ്പററി എങ്ങിനെയറിഞ്ഞു?

പരമു: പത്രത്തിൽനിന്നാണെന്നു തോന്നുന്നു. അദ്ദേഹം ഫോണിൽവിളിച്ചു് ഇന്നുതന്നെ വരുന്നു എന്നു പറഞ്ഞു.

ചന്ദ്രൻ: (രഹസ്യമായി രാജശേഖരനോടു്) അയാൾ എങ്ങിനെ ഇതറിഞ്ഞു?

രാജ: മിണ്ടാതിരിക്കൂ. ഞാൻ അതന്വേഷിച്ചറിഞ്ഞുകൊള്ളാം.

പരമു: (ഒരു വലിയ മുറിയുടെ കതകു് തുറന്നുകൊണ്ടു്) ഇതാ അവർ വരുന്നു (കതകു് അടച്ചതിനുശേഷം പോകുന്നു) വിശാലമായ ഒരു മുറിയിൽ മി: ചൂളയ്ക്കൽ ഇരിയ്ക്കുന്നു.)

ചൂള: നമസ്തേ! ഇരിക്കണം.

രാജ: ഇതു് എൻെറ അസിസ്റ്റൻറ് മി: വിനയചന്ദ്രനാണ്.

ചൂള: (ചന്ദ്രനോടു്) നമസ്തേ! മി: രാജശേഖരൻ! വലിയ ഒരത്യാഹിതമാണ് സംഭവിച്ചിരിക്കുന്നതു്. ആ മാല ഇൻഷുവർചെയ്തിരിക്കുന്ന കമ്പനിയിലെ അപസർപ്പകൻ നിങ്ങളല്ലേ?

രാജ: അതേ——മി: ചന്ദ്രൻ നേരത്തേ ഇവിടെവന്നു് വേണ്ട അന്വേഷണം നടത്തി എന്നു ഞാൻ അറിഞ്ഞു—പോലീസിനു് യാതൊരു തുമ്പും കിട്ടിയിട്ടില്ലെന്നാണ് തോന്നുന്നതു്.

ചൂള: ഞാനും അങ്ങിനെയാണ് കേട്ടതു്.

രാജ: മോഷണം ഈ വീട്ടിലെ അംഗങ്ങളിൽ ആരോ ചെയ്തതാണെന്നുള്ളതിനു് സംശയമില്ല. ആരും കതകു്തല്ലിപ്പൊളിച്ചു് അകത്തുകടന്നതായ ലക്ഷ്യമൊന്നുമില്ല. സ്വാഭാവികമായ രീതിയിൽതന്നെയാണ് ഇരുമ്പുപെട്ടി തുറന്നിരിക്കുന്നതു്. അതു തുറന്നയാളിനു്, അതിൻെറ രഹസ്യം അറിയാമെന്നു മാത്രമല്ല, വിരൽപാടുകളൊന്നും ഉണ്ടാകരുതെന്നു് അയാൾ ഏററവും നിഷ്കർഷിച്ചതായും കാണുന്നു.

ചൂള: ഓഹോ!——നിങ്ങൾക്കു് ആരെയെങ്കിലും സംശയമുണ്ടോ?

രാജ: ഇല്ല———അങ്ങയുടെ നഷ്ടത്തിൽ എനിയ്ക്കു് വലുതായ ഖേദമുണ്ടു്. രണ്ടുലക്ഷം രൂപയ്ക്കല്ലേ അതു് ഇൻഷുവർ ചെയ്തിരിക്കുന്നതു്? അതിനു് തീർച്ചയായും നാലുലക്ഷത്തോളം വിലവരണം.

ചൂള: അതു് ശരിയാണ്———എനിയ്ക്കു് നിങ്ങളോടു് ചിലതെല്ലാം തുറന്നു സംസാരിക്കണമെന്നുള്ളതു കൊണ്ടാണ് നിങ്ങളെ ഞാൻ ഇങ്ങോട്ടു ക്ഷണിച്ചതു്. ഇവിടെവച്ചു് നാം പറയുന്ന സംഗതികൾ എല്ലാം വളരെ ഗോപ്യമായിരിക്കുമല്ലോ?

രാജ: തീർച്ചയായും.

ചൂള: മി: രാജശേഖരൻ!——മാല മോഷ്ടിച്ചതു് ആരാണെന്നു് എനിക്കറിയാം.

ചന്ദ്ര: ആരാണ്?

രാജ: (പെട്ടെന്നു് കാര്യങ്ങൾ മനസ്സിലായതുപോലെ)——ഓഹോ വീട്ടിനകത്തു് പൂർണ്ണസ്വാതന്ത്ര്യമുള്ള ഒരാളല്ലേ?

ചൂള: അതേ——എൻെറ ഭാര്യ——

രാജ: നിങ്ങളുടെ ഭാര്യയോ?

ചൂള: എനിക്കു് അതു് സമ്മതിക്കാതെ തരമില്ല——എല്ലാം വിശദമായി പറയുകയാണെങ്കിൽ ഈ കുഴഞ്ഞ പ്രശ്നത്തിനു് ഒരു തുമ്പു കണ്ടുപിടിക്കാമെന്നു തോന്നുന്നു.

രാജ: ചിലപ്പോൾ.

ചൂള: ഒരുവർഷത്തിനു മുൻപാണ് ഞാൻ വിവാഹിതനായതെന്നു് നിങ്ങൾക്കറിയാമല്ലോ. അവൾ ഒരു കോടീശ്വരിയാണെന്നും എൻെറ സ്വത്തുക്കളെ സ്വന്തംവകയായി കരുതി കാത്തു ബോധത്തോടുകൂടി പെരുമാറുമെന്നും ഞാൻ വിചാരിച്ചുപോയി—

രാജ: വിവാഹക്കാര്യം ഞാൻ പത്രത്തിൽ കണ്ടതായി ഓർമ്മിക്കുന്നു.

ചൂള: ഒരുമാസത്തിനുമുമ്പു് എൻെറ ഭാര്യ 'നേത്യാരമ്മ' എന്ന പേരിൽ അറിയപ്പെടുന്ന തട്ടിപ്പുകാരിയാണെന്നു് എനിയ്ക്കു് അറിയാൻ ഇടയായി. ഇൻഡ്യൻ യൂണിയനിലെ പോലീസുകാർക്കു് അവൾ സുപരിചിതയാണ്. അവളുടെ സാമർത്ഥ്യംകൊണ്ടാണ് ഇതുവരെയും ലാക്കപ്പിലാകാതിരുന്നതു്.

രാജ: ഇതറിഞ്ഞതിനുശേഷം അങ്ങു് എന്തുചെയ്തു?

ചൂള: ഞാൻ അവളോടു് തുറന്നു സംസാരിച്ചു——ഉടൻതന്നെ വിവാഹമോചനം വേണമെന്നു് ഞാൻ ശഠിച്ചു.

രാജ: അവരുടെ മറുപടി എന്തായിരുന്നു?

ചൂള: ഒരു ചിരിമാത്രം:—വജ്രമാല്യമോ, രണ്ടുലക്ഷം രൂപയോ കൊടുക്കാമെന്നു് സമ്മതിക്കുകയാണെങ്കിൽ വിവാഹമോചനത്തിനു് അവൾ തയ്യാറാണെന്നു പറഞ്ഞു.

രാജ: അങ്ങു് അതു് നിരസിച്ചു അല്ലേ?

ചൂള: അതേ—ചിരിച്ചുകൊണ്ടു് അവൾ പറഞ്ഞു, എങ്ങിനെയെങ്കിലും അവൾ മാല തട്ടിക്കുമെന്നു്.

രാജ: അവരാണ് മോഷ്ടിച്ചതെന്നു് അങ്ങു വിശ്വസിക്കുന്നോ?

ചൂള: അവളാണ് മോഷ്ടിച്ചതെന്നു് എനിക്കറിയാം——അവൾതന്നെ എന്നോടു പറഞ്ഞു——!

രാജ: ഇന്നാണോ പറഞ്ഞതു്?

ചൂള: അവൾ കുറച്ചുമുൻപു് ഫോണിൽ പറഞ്ഞു, മാല അവളുടെ പക്കലുണ്ടെന്നും രണ്ടുലക്ഷംരൂപാ കൊടുക്കാമെങ്കിൽ അതു മടക്കിത്തരാമെന്നും.

രാജ: നല്ല ധൈര്യമുള്ള സ്ത്രീതന്നെ. കുഴഞ്ഞുപോകുകയേയുള്ളൂ.

ചൂള: പക്ഷെ, നിങ്ങളുടെ സഹായമുണ്ടെങ്കിൽ ഒരുപായം കണ്ടുപിടിക്കാൻ സാധിച്ചേക്കാം.

രാജ: ഞങ്ങൾ തീർച്ചയായും സഹായിക്കാം——(അല്പം ആലോചിച്ചു്)——സിഗററ് ഒന്നുമില്ലേ?——ഞങ്ങൾ കൊണ്ടുവന്നതു് തീർന്നുപോയി—

ചൂള: തരാമല്ലോ—(എഴുന്നേററു് മേശയുടെ സമീപത്തേക്കുപോകുന്നു) ഞാൻ ഇവിടെവിടെയോ ആണ് ടിൻ വച്ചിരുന്നതു് (മേശ, അലമാര, ക്യാബിനററ് മുതലായതു്, പരിശോധിക്കുന്നു.) അതെവിടെ പോയി?——ഇതാ, കിട്ടി!—

(രാജശേഖരനും ചന്ദ്രനും സിഗററ് കത്തിക്കുന്നു.)

രാജ: അങ്ങയുടെ അഭിപ്രായം കേൾക്കട്ടെ.

ചൂള: ഇന്നുച്ചയ്ക്കു് ഞാൻ ബാങ്കിൽ പോയി ഒരുലക്ഷം രൂപാ എടുത്തുകൊണ്ടു വന്നിട്ടുണ്ടു്. അത്രയും പണമേ എൻെറ കൈവശം ഇപ്പോൾ ഉള്ളൂ. ആയിരം രൂപയുടെ നൂറുനോട്ടുകൾ——നോട്ടുകൾ കാണുമ്പോൾ എൻെറ ഭാര്യ സമ്മതിക്കാതിരിക്കയില്ലെന്നു തോന്നുന്നു

രാജ: രണ്ടുലക്ഷമല്ലേ അവർ ആവശ്യപ്പെട്ടതു്?

ചൂള: അതേ—പക്ഷേ നാണയം കൊടുക്കുകയാണെങ്കിൽ അവൾ ഒരുലക്ഷം കൊണ്ടു് തൃപ്തിപ്പെട്ടേക്കും.

രാജ: എനിയ്ക്കു് വിവരങ്ങളെല്ലാം അറിയാമെന്നു് അവർക്കു് മനസ്സിലാകുമ്പോൾ ഒരുലക്ഷത്തിനു് സമ്മതിച്ചേക്കുമെന്നു്, അല്ലേ?

ചൂള: അതുതന്നെ——

രാജ: (ഒരു ദൃഢനിശ്ചയത്തോടെ) അവർ സമ്മതിക്കുമെന്നു് തോന്നുന്നു.

ചൂള: അവൾ 'മെട്രോ' ഹോട്ടലിലാണ് താമസം——അവിടെനിന്നാണ് എനിയ്ക്കും ഫോൺചെയ്തതു്——അതുപോകട്ടെ നിങ്ങൾ ആ മാല കണ്ടിട്ടുണ്ടോ?

രാജ: ഇല്ല.

ചൂള: എന്നാൽ പോകുന്നവഴി മെസ്സേർസ് ആർ. പി. ആൻഡു് കമ്പനിയിൽ കയറണം. അവർ ആ മാലയുടെ ഒരു ശരിയായമാതൃക പശകൊണ്ടു് ഉണ്ടാക്കിവച്ചിട്ടുണ്ടു്.

രാജ: അങ്ങിനെതന്നെ——

ചൂള: അവൾ മാല തിരിയെ തരുമ്പോൾ അതിലെ രത്നങ്ങളെല്ലാമുണ്ടോ എന്നു് സൂക്ഷിച്ചുനോക്കണം.

രാജ: അങ്ങു് ഭയപ്പെടേണ്ട.

ചൂള: ഒരുകാര്യം—— എൻെറ ഭാര്യ 'മിസ്സസ് മേത്ത' എന്ന പേരിലാണ് അവിടെ താമസിക്കുന്നതു്.

രാജ: (എഴുന്നേററു്) ഞങ്ങൾ പോകുന്നു. ഇന്നുരാത്രി ഏഴുമണിയോടുകൂടി ഞാൻ അവരെ കാണാം. എട്ടുമണിക്കു് മാലയുംകൊണ്ടു ഞാൻ ഇവിടെ വരാം.

ചൂള: ശേഷ്!——പരമുപിള്ളേ!

(പരമുപിള്ള പ്രവേശിക്കുന്നു)—ഇവർക്കു് വഴി കാണിച്ചുകൊടുക്കൂ.

പരമു: ഉത്തരവു്—ഇതാ ഇതിലേ—(വഴിയിൽ അടയ്ക്കുന്നു) മാല തിരിച്ചുകിട്ടിയോ, സാർ—അതേപ്പററിതന്നെ ഞങ്ങൾ വിചാരിച്ചുകൊണ്ടിരിക്കയാണ്.

രാജ: പരമുപിള്ള ഖേദിക്കേണ്ട—ഞങ്ങൾ അതുകണ്ടുപിടിക്കാം.—

പരമു. അതുമതി—(ഗേററു തുറന്നുകൊടുത്തിട്ടു് തൊഴുതുകൊണ്ടു് പിൻവാങ്ങുന്നു)

ചന്ദ്ര: അയാളോടു് സിഗററ്, ചോദിച്ചു, തന്ന ടിന്നോടുകൂടി ഇങ്ങു കൊണ്ടുപോന്നു അല്ലേ?

രാജ: അതിനെന്താ?—നിങ്ങൾക്കു് ഒട്ടും ബുദ്ധിയില്ല. അപസർപ്പകനാണു പോലും!

ചന്ദ്ര: എനിയ്ക്കു് യാതൊന്നും മനസ്സിലാകുന്നില്ല.

രാജ ഒന്നും മനസ്സിലാകണ്ട. ഉടൻതന്നെ ആഫീസിലേക്കു് പോകൂ.

ചന്ദ്ര: നിങ്ങളോ?

രാജ: നേരെ ആർ. പി. ആൻഡു് കമ്പനിയിലേക്കു്. അവിടെനിന്നു് 'മെട്രോ' ഹോട്ടലിലേക്കും.

(കർട്ടൻ)

### രംഗം ൪

(മെട്രോ ഹോട്ടലിലെ ഉദ്യാനം. ഭവാനിക്കുഞ്ഞമ്മ ഒരുകസാരയിൽ ഇരിക്കുന്നു. രാജശേഖരൻ പ്രവേശിക്കുന്നു)

രാജ: നമസ്തേ. കുഞ്ഞമ്മേ! അല്ല മറന്നുപോയി. മിസ്സിസ് മേത്ത്! അതോ നേത്യാരമ്മയെന്നു വിളിക്കുന്നതാണോ ഇഷ്ടം?

ഭവാനി: നിങ്ങളാര്?

രാജ: പേരു് രാജശേഖരൻ—മി: ചൂളയ്ക്കലിൻെറ മാല ഇൻഷുവർ ചെയ്തിരിക്കുന്ന കമ്പനിയിലെ അപസർപ്പകൻ. ആ മാലയുടെ കാര്യത്തെപ്പററി സംസാരിക്കാനാണ് ഇങ്ങോട്ടുവന്നതു്.

ഭവാനി: ആരാണ് നിങ്ങളെ ഇങ്ങോട്ടയച്ചിരിക്കുന്നതു്?

രാജ: എനിയ്ക്കു് കഥയെല്ലാമറിയാം കുഞ്ഞമ്മേ! —മോഷണക്കാര്യം അറിഞ്ഞ

(ശേഷം നാലാംപേജിൽ)

(മൂന്നാംപേജിൽനിന്നുതുടർച്ച)

യുടനെതന്നെ ചുളയ്ക്കൽ സ്ഥലത്തുവന്നു. അദ്ദേഹവുമായി സംസാരിച്ചു് വരുന്ന വഴിയാണു ഞാൻ. രണ്ടുലക്ഷം രൂപായാണെങ്കിൽ മാല തിരയെ കൊടുക്കാമെന്നു നിങ്ങൾ സമ്മതിച്ചതായി അദ്ദേഹം പറഞ്ഞു. കുറച്ചു മുണ്ടാക്കണമെന്നു് അദ്ദേഹത്തിനു് ആഗ്രഹമില്ല.

ഭവാനി: കിഴവൻ പിന്നീട്ടു് എന്തു പറഞ്ഞു?

രാജ: വളരെ കാര്യങ്ങൾ—നിങ്ങൾ അദ്ദേഹത്തിനെ കബളിപ്പിച്ചു് വിവാഹം കഴിച്ചതും, മാലയും, രണ്ടുലക്ഷം രൂപയും തരാതെ വിവാഹമോചനകാര്യം സാദ്ധ്യമല്ല എന്നു പറഞ്ഞതും, എല്ലാം.

ഭവാനി: എന്റെ വ്യവസ്ഥകൾക്കു് അയാൾ സമ്മതിച്ചോ?

രാജ: അതല്ല ചോദ്യം; ഞങ്ങളുടെ വ്യവസ്ഥ നിങ്ങൾ സ്വീകരിക്കുമോ എന്നറിഞ്ഞാൽ മതി—നിങ്ങളുടെ ഭാവി അത്ര ശോഭനമല്ലല്ലോ.?

ഭവാനി: എന്തുകൊണ്ടല്ല? മാല എന്റെ കയ്യിലാണു്.

രാജ: അതുകൊണ്ടുള്ള വിശേഷം? ഇവിടത്തെ എല്ലാ പ്രമുഖവ്യാപാരികൾക്കും മാല മോഷണംപോയ കാര്യം അറിയാം. അതു് അത്ര എളുപ്പത്തിൽ ചിലവഴിക്കാവുന്ന ഒരു ചരക്കല്ല.

ഭവാനി: അതും ശരിതന്നെ-പക്ഷേ-

രാജ: എന്നുമാത്രവുമല്ല. മി: ചുളയ്ക്കൽ ഇക്കാര്യത്തിൽ ഒന്നും പ്രവർത്തിക്കുന്നില്ലെങ്കിൽതന്നെയും പോലീസ് വെറുതേയിരിയ്ക്കുകയില്ല.

ഭവാനി: ശരി—അതിനെന്തു്?

രാജ:—ഒരു ന്യായമായ ഒത്തുതീർപ്പിൽ എത്തുന്നതിനുവേണ്ടി എന്തുംചെയ്യാമെന്നു് ചുളയ്ക്കൽ ഏററിട്ടുണ്ടു്. മാല തിരിയെ തന്നു് വിവാഹമോചനത്തിനു സമ്മതിക്കുന്നപക്ഷം ഒരുലക്ഷം രൂപ നിങ്ങൾക്കു തരാം:—പണം ഇപ്പോൾ എന്റെ പക്കലുണ്ടു്, ഇതാ ഈ പാക്കററിൽ നൂറു്, ആയിരംരൂപാനോട്ടുകൾ—

ഭവാനി: ബാങ്കിൽനിന്നു കിട്ടുന്ന പുതിയ നോട്ടുകൾ-എനിയ്ക്കു് വലിയ ഇഷ്ടമാണു്.

രാജ: എന്താ സമ്മതിച്ചോ?

ഭവാനി: സമ്മതിച്ചു (അടുത്തുവന്ന ഹോട്ടൽ പ്യൂണിനോടു്) എടോ! ചായയുംമററും കൊണ്ടുവരൂ.

(ഹോട്ടൽപ്യൂൺപോകുന്നു)

രാജ: സമ്മതിച്ചതു് നന്നായി. മാല എവിടെ?

ഭവാനി: എന്റെ ഈ ഹാൻഡ്ബാഗിനകത്തു് (മാലഎടുക്കുന്നു) എന്തൊരു ഒപ്പട!

രാജ: പണം ഇതാ- എണ്ണിനോക്കണം.

ഭവാനി: എനിക്കു് നിങ്ങളെ വിശ്വാസമാണു്. (മാല രാജശേഖരനെ കൊടുക്കുന്നു.) നിങ്ങൾക്കു് ആരാണു് പ്രതിഫലം തരുന്നതു ?

രാജ: ഞാൻ അക്കാര്യം ആലോചിച്ചിട്ടില്ല.

ഭവാനി: ഞാൻ ഇന്നു വലിയ ഉദാരശീലയായിരിക്കുകയാണു്. ചുളയ്ക്കൽ വലിയ പിശുക്കനാണെന്നു് എനിക്കറിയാം. അതുകൊണ്ടു് എന്റെവകയായി ഒരു ചെറിയ പ്രതിഫലം ഞാൻ തരാം-എന്താ, എന്തുവേണം?

രാജ: ആയിരംരൂപ ആയാലോ?

ഭവാനി: ഒരു വിരോധവുമില്ല-ഇതാ എടുത്തുകൊള്ളൂ.

രാജ: മുകളിൽ ഇരിക്കുന്ന നോട്ടുതന്നെ എടുക്കട്ടെ?

ഭവാനി: ഓഹോ--എനിക്കു് ബാക്കിയുള്ള തൊണ്ണൂററൊൻപതെണ്ണം മതി.

(രാജശേഖരൻ ഒരുനോട്ടു് എടുക്കുന്നു.)

രാജ: (എഴുനേററു്) ഞാൻ പോകുന്നു.

ഭവാനി: അങ്ങിനെതന്നെ (ആലോചിച്ചിട്ടു്) നിങ്ങൾക്കു് തമാശയുള്ള കഥകൾ കേൾക്കുന്നതിനു് ഇഷ്ടമാണോ?

രാജ: അതേ, പക്ഷേ നല്ല തമാശയുള്ളതായിരിക്കണം.

ഭവാനി: ഏററു. നാളെ രാവിലെ ൭-൩൦-നു് ഉള്ള വണ്ടിയിൽ ഞാൻ മദ്രാസിലേക്കു് പോകുകയാണു്. ട്രെയിൻ പോകുന്നതിനു് അല്പം മുൻപു് നിങ്ങൾ സ്റ്റേഷനിൽ വരാമെങ്കിൽ ഞാൻ ഒരു കഥപറയാം. ചിരിച്ചു് മണ്ണുകപ്പിക്കുന്ന ഒരു കഥ.

രാജ: ശരി ഏഴേകാൽമണിക്കു് ഞാൻവരാം

ഭവാനി: എന്നാൽ വേഗംപോയി മാല ചുളയ്ക്കലിനു കൊടുക്കണം.

(കർട്ടൻ)

### രംഗം ൫

(റെയിൽവേസ്റ്റേഷൻ- മദ്രാസിലേക്കുള്ള എക്സ്പ്രസ് തയാറായിനിൽക്കുന്നു-സമയം ഏഴേകാൽമണി. ഒന്നാംക്ലാസ്സു് മുറിയിൽനിന്നും തല വെളിയിലേക്കിട്ടു് ഭവാനിക്കുഞ്ഞമ്മ ഇരിക്കുന്നു. രാജശേഖരൻ ധൃതയിൽ നടന്നെത്തുന്നു)

ഭവാനി: നിങ്ങൾ വരുമോ എന്നു ഞാൻ സംശയിച്ചു.

രാജ: വരാതിരിക്കേണ്ട കാരണങ്ങൾ ഒന്നുമല്ല. ഇനിയും അഞ്ചുമിനിട്ടുമാത്രമേയുള്ളു വണ്ടി പുറപ്പെടാൻ.

ഭവാനി. നാളെ ഞാൻ മദ്രാസിലായിരിക്കും. നിങ്ങൾതന്ന തൊണ്ണൂററൊൻപതു നോട്ടും ചിലവാക്കാനുള്ള വഴികൾ ആരായേണ്ടിയിരിക്കുന്നു.

രാജ: ആ കഥയുടെ കാര്യം മറന്നുപോയോ?

ഭവാനി: ഓ. അതോ?-അതൊരു തകർപ്പൻ കഥയാണു്. ചിരിച്ചു തലയടിക്കുന്ന ഒരു കഥ.

രാജ: പറയണം കേൾക്കട്ടെ.

ഭവാനി: (ചിരിച്ചുകൊണ്ടു്) തടിയാ, തന്നെ ഞാൻ കബളിപ്പിച്ചു. വെറും മണ്ടനാക്കി പരമാർത്ഥം വെളിപ്പെട്ടപ്പോൾ നിങ്ങളുടെ കമ്പനിക്കാർ എന്തു ചെയ്യുമെന്നു് കണ്ടറിയണം! - -

രാജ് ഓഹോ!- -

ഭവാനി: അതേ, മണ്ടനേക്കേ- - ഒരു കേൾവികേട്ട അപസർപ്പകനെ: നിങ്ങൾ ഇന്നലെ കണ്ട ആൾ ചുളയ്ക്കലാണെന്നു വിചാരിച്ചു അല്ലേ? അതു വാസ്തവത്തിൽ ആരായിരുന്നു എന്നറിയാമോ? ഈ മോഷണത്തിൽ എന്റെ കൂട്ടുകാരനായ താരാനാഥൻ!

രാജ; (അത്ഭുതത്തോടുകൂടി) അയ്യോ! പററിച്ചോ?

ഭവാനി: ഞാനും താരാനാഥനും മാല മോഷ്ടിക്കുന്നതിനു് തക്കം നോക്കിയിരിക്കുകയായിരുന്നു. വേലക്കാരൻ പരമുപിള്ളയെ ഞങ്ങൾ പാട്ടിലാക്കി. മിനിഞ്ഞാന്നു രാത്രി ഞാൻ കള്ളത്താക്കോൽകൊണ്ടു് ഇരുമ്പുപെട്ടി തുറന്നു് മാല മോഷ്ടിച്ചു. താരാനാഥൻ അതു വിൽക്കാൻ സകല ഒരുക്കങ്ങളും ചെയ്തുകഴിഞ്ഞതായി ഞാൻ അറിഞ്ഞു.

രാജ: എന്നിട്ടു ?

ഭവാനി: ഞാൻ താരാനാഥനോടു് മാല എന്റെ കയ്യിൽകിട്ടിയെന്നും അതു വേണമെങ്കിൽ രണ്ടുലക്ഷം രൂപ തരണമെന്നും പറഞ്ഞു. അപ്പോൾ അയാൾക്കു ഒരു യുക്തി തോന്നി. മി: ചുളയ്ക്കൽ പീരുമേട്ടിലാണെന്നും മോഷണക്കാര്യത്തെപ്പററി അയാൾ അറിഞ്ഞിരിക്കാൻ ഇടയില്ലെന്നും താരാനാഥൻ ശരിയായി ഊഹിച്ചു.

അയാൾ പരമുപിള്ളയെ സമീപിച്ചു—

രാജ: എന്നിട്ടു അയാൾ ചുളയ്ക്കലാണെന്നു ഭാവിച്ചുകൊണ്ടു് എന്നെ വിളിച്ചു. ഞാൻ നിങ്ങളെ കാണുകയാണെങ്കിൽ രണ്ടുലക്ഷത്തിൽ കുറഞ്ഞ തുകയ്ക്കു് മാലകൈക്കലാക്കണം എന്നയാൾ നിശ്ചയിച്ചു—

ഭവാനി: അതേ—

രാജ—ഞാൻ മണ്ടനമായി: ഞാൻ നിങ്ങൾക്കു് ഒരുലക്ഷംരൂപ തന്നു് മാല അയാൾക്കു് കൊടുക്കുകയും ചെയ്തു—

ഭവാനി: എന്താ, കഥ എങ്ങിനെയിരിക്കുന്നു?

രാജ: വളരെ രസകരമായിരിക്കുന്നു-പക്ഷേ നിങ്ങൾ വിചാരിക്കുന്നതുപോലെയല്ല—ഇതിലും രസകരമായ ഒന്നു് വേണമെങ്കിൽ ഞാൻ പറയാം—

ഭവാനി: എന്നാൽ കേൾക്കട്ടെ—

രാജ—ചുളയ്ക്കൽ എന്നു പറയുന്ന ആളിനെ കാണാൻ പോയപ്പോൾതന്നെ എനിക്കു എന്തുകൊണ്ടോ ഒരു സംശയം തോന്നി. പരമുപിള്ള കതകു തുറന്നപ്പോൾ ഞാൻ അയാളോടു ചോദിച്ചു, ചുളക്കൽ എങ്ങിനെ വിവരം അറിഞ്ഞു എന്നു്. പത്രത്തിൽനിന്നായിരിക്കാം എന്നു അയാൾ മറുപടി പറഞ്ഞു. അന്നു രാവിലത്തെ പത്രങ്ങളിലാണു് ആദ്യമായി ആ സംഭവത്തെപ്പററിയുള്ള വിവരം പ്രസിദ്ധപ്പെടുത്തിയിരുന്നതു്. പീരുമേട്ടിലുള്ള ചുളയ്ക്കൽ എങ്ങിനെയോ ആ വിവരം അറിഞ്ഞു ഉച്ചയായപ്പോഴേക്കും തിരുവനന്തപുരത്തെത്തിയിരിക്കുന്നു! എന്റെ സംശയം വർദ്ധിച്ചു.

ഭവാനി: നിങ്ങൾ ഞാൻ വിചാരിച്ചതുപോലെ—

രാജ—അത്ര മണ്ടനല്ല-ചുളയ്ക്കൽ എന്നു ഭാവിച്ചിരുന്ന ആളിനെ ഞാൻ ബലമായി സംശയിച്ചു. ഞാൻ അയാളോടു ഒരു സിഗററു ചോദിച്ചു. സിഗററിൻ കണ്ടുപിടിക്കുന്നതിനു് ഒരപരിചിതനെപ്പോലെ അയാൾക്കു് അവിടമെങ്ങും തിരയേണ്ടിവന്നു. അപ്പോൾ എനിക്കു കാര്യമെല്ലാം മനസ്സിലായി.

ഭവാനി: അയാൾ ഒരു കള്ളനാണെന്നു നിങ്ങൾ ഊഹിച്ചോ?

രാജ: ഊഹിച്ചു.

ഭവാനി: അയാൾ കള്ളനാണെന്നറിഞ്ഞിരുന്നിട്ടും, ആ മാലവാങ്ങി തിരിയെ കൊണ്ടുകൊടുത്തതെന്തിനു?

രാജ: അങ്ങിനെയൊന്നുമല്ല സംഭവിച്ചതു. നിങ്ങളെ കാണാൻ വരുന്നവഴി ആർ. പി. & കമ്പനിയിൽകയറി ആ മാലയുടെ പശകൊണ്ടുണ്ടാക്കിയ മാതൃക കാണണമെന്നു് അയാൾ എന്നോടു പറഞ്ഞു: കാണുക മാത്രമല്ല ഞാൻ ചെയ്തതു—ഞാൻ അവ വിലയ്ക്കുവാങ്ങി അയാൾക്കു കൊടുത്തു, എന്നെ പററിയ്ക്കുവാനുള്ള തിടുക്കംകൊണ്ടു് അയാൾ അതു ശരിയായി നോക്കിയില്ല.--നല്ല കഥയാണോ?

ഭവാനി: അതേ. അപ്പോൾ പെരുംകള്ളനായ താരാനാഥൻ എനിയ്ക്കു് ഒരുലക്ഷം രൂപ തന്നു് ഒരു ഇമിറേഷൻ മാല വാങ്ങി അല്ലേ? ഭേഷ്! അസൽ മാല നിങ്ങളുടെ പക്കൽ- -താരാനാഥനു് ഇമിറേഷൻ മാല- -എനിയ്ക്കു് ഏകദേശം ഒരു ലക്ഷം രൂപ!!

രാജ: ആ പറഞ്ഞതു് അത്ര ശരിയല്ല- -

(ട്രെയിൻ പോകാനുള്ള മണി അടിക്കുന്നു. കതകുകൾ അടയുന്ന ശബ്ദം- -ഒരു ബഹളം)

ഭവാനി: എന്തു് ശരിയല്ലേ?

രാജ: അല്ല. നിങ്ങൾക്കു തരാനായി താരാനാഥൻ എന്നെ ഏല്പിച്ചതെല്ലാം കള്ളനോട്ടുകളായിരുന്നു- - മുകളിലിരുന്ന ഒരെണ്ണം, എനിയ്ക്കു് തന്നതു്, ഒഴിച്ചു് നിങ്ങളുടെ പക്കലിരിക്കുന്ന തൊണ്ണൂററൊൻപതും കള്ളനോട്ടുകളാണു്—അതു ചിലവാക്കാൻനോക്കിയാൽ അപകടമാണു്- -

(ട്രെയിനിന്റെ വിസിൽ കേൾക്കുന്നു)

ഭവാനി: അയ്യോ! ചതിച്ചോ?

രാജ: എന്നാൽ പിന്നീടു കാണാം. ആ ആയിരംരൂപ തന്നതു് വലിയ ഉപകാരമായി- -നമസ്കാരം!- -

ഭവാനി: (രോഷാകുലയായി)-എടാ-

(ട്രെയിൻ നീങ്ങുന്നു. രാജശേഖരൻ ഉറക്കെ ചിരിക്കുന്നു)

(കർട്ടൻ)

—o—


## നിങ്ങളുടെ ഭാര്യ കുഞ്ചിയമ്മയാണെന്നു്!

ശ്രീ. എൻ. പി. ചെല്ലപ്പൻനായർ എഴുതുന്നു, "നാം എല്ലാവരും പഞ്ചുമേനവന്മാരാണു്. നമ്മുടെ ശ്രീമതിമാർ കുഞ്ചിയമ്മമാരും."

പി. കെ. രാജരാജവർമ്മയുടെ

### പഞ്ചുമേനവനും കുഞ്ചിയമ്മയും

1-ാംഭാഗം (2-ാംപതിപ്പു്) 1-ക. 4-ണ.
2-ാംഭാഗം 1-ക.

എല്ലാ പ്രധാന പുസ്തകശാലകളിലും കിട്ടും. അല്ലെങ്കിൽ, പി. ആർ. രാഘവവൻ, പാല്യക്കര പടി: കൊട്ടാരം, തിരുവല്ലാ. എന്നമേൽവിലാസത്തിൽ ആവശ്യപ്പെടുക.




# തുറമുഖത്തെത്തിയിട്ടും

—o—

ഒളപ്പമണ്ണ

[കേരളഗ്രന്ഥശാലാസംഘത്തിന്റെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ചു നടത്തപ്പെട്ട കവിതാമത്സരത്തിൽ സമ്മാനാർഹങ്ങളായ ഏററവും മികച്ച രണ്ടു കവിതകളിൽ ഒന്നാണു് ഈ പദ്യം]

മംഗളവിഭാതത്തിൻ
മന്ത്ജ്ജുളദീപസ്തംഭ-
മങ്ങതാ, നിൽപ്പു,പൊങ്ങി,-
പ്പൊന്നൊളി താവി, ത്താവി;
മരുത്തട്ടിപസ്തംഭ-
ശിരസ്സിൽക്കയറിനി-
ന്നുറക്കെക്കണ്ണും നീട്ടി-
നിവർന്നു, കൂവി, ക്കൂവി;
ശാന്തിതൻ മഹനാജ്ഞമാം
വെൺമുകിൽപ്പതാകകൾ
നീന്തിക്കളിപ്പൂ തെളി-
വാനിന്റെ ഹൃദയത്തിൽ;
അടങ്ങി കാററും കോളും
കടലിൽ; ക്കരയോര-
മടുത്തു—നൂത്തംവെച്ചു
കപ്പലിന്നുള്ളിൽ ഞങ്ങൾ
അനഘസ്വാതന്ത്ര്യത്തിൻ
സ്വച്ഛമാം തുറമുഖ-
ത്തണഞ്ഞിടുകയായി
ഭാരതമഹാനൗക.
എങ്കിലും കപ്പിത്താന്റെ
കൺകളിലുരുണ്ടുകൊ-
ണ്ടങ്കുരിപ്പതായ്ക്കണ്ടു
കണ്ണുനീരെന്തോമൂലം!

2

എത്രയോ നാളായെത്തും
പിടിയുമില്ലാതെങ്ങു-
മെത്താതിക്കപ്പൽ നടു-
ക്കടലിലുഴലുന്നു!
ഇരുളും വിഹായസ്സിൻ
വദനമിടയ്ക്കെല്ലാം;
മുരളുമിടിനാദ;-
മട്ടഹസിയ്ക്കും മിന്നൽ;
കേൾക്കുമപ്പപ്പോൾക്കൊടും-
കാററിന്റെയിരമ്പ;മ-
തോക്കുമ്പോൾപ്പോലും പേടി-
യാകുന്നു ഞങ്ങൾക്കിന്നും.
അമ്മാനമാടീ, കപ്പൽ
വാനിലേയ്ക്കെടുത്തെറി-
ഞ്ഞബ്ധിയിലിരച്ചാർക്കും
തിരച്ചാർത്തുകളയ്യോ!
എത്രയോ നാളായേവം
കടലിൻ നടു,ക്കെങ്ങു-
മെത്താ, തുഴന്നിടുന്നു
ഭാരതമഹാനൗക.
ഉലഞ്ഞുപോയീ; കീറി-
പ്പറിഞ്ഞുപോയീ കാററ-
ത്തലഞ്ഞലഞ്ഞിപ്പാവം-
എങ്കിലും കരപററി!
അപ്പോഴും കപ്പിത്താന്റെ
കൺകളിലുരുണ്ടുകൊ-
ണ്ടങ്കുരിപ്പതായ്ക്കണ്ടു
ചുടുബാഷ്പബിന്ദുക്കൾ-
അനഘസ്വാതന്ത്ര്യത്തിൻ
ശാന്തമാം തുറമുഖ-
ത്തണയുമ്പോഴേയ്ക്കുമി-
ബ്ഭാരതപ്പെരും കപ്പൽ
കാലത്തിൻ തല്ലിന്നാള-
മേൽക്കയാൽ രണ്ടായ്‌വിണ്ടു
കാണുമ്പോൾ,ക്കപ്പിത്താന്റെ
കണ്ണുകൾ നിറയുന്നു.

[പകർപ്പവകാശം പദ്യകാരനു്]

—o—

## നോട്ടീസ്

തിരുവല്ലാ ടെമ്പ്രറി മുൻസിഫ്കോർട്ടിൽ
൧൨൨. സീ. ൪൭.

വാദി—മാണിക്കൽപകുതിയിൽ മാണിക്കൽ മുറിയിൽ മുതുപ്പഴമൺമഠത്തിൽ കൃഷ്ണരു നാരായണരു പണ്ടാരത്തില്.

൨-ാം പ്രതി—ഇരവിപേരൂർപകുതിയിൽ വള്ളംകുളം പടിഞ്ഞാറേമുറിയിൽ പീടികപ്പറമ്പിൽ നാരായണപിള്ള ശങ്കരപ്പിള്ള.

൩-ാം പ്രതി. ടി-മുറിയിൽ കടയ്ക്കാവുങ്കൽ ചാക്കോ ഉണ്ണൂട്ടൻ.

൨-ാം ൩-ാം പ്രതികളെ തെര്യപ്പെടുത്തുന്നത്

മേൽനമ്പ്ര അന്യായം മാറിയെഴുതി ബോധിപ്പിക്കുന്നതിന് അനുവദിപ്പാൻ ഉത്തരവുണ്ടാകണമെന്നു വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-മാണ്ടു സിവിൽ പലവക ൩൦൪൭-ാം നമ്പർ ഹർജിസംഗതി ൧൧൨൩ തുലാം ൧൦-ാം൹ വിചാരണയ്ക്കുവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്ക് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്.)

൧൧൨൩-കന്നി ൨൪-ാം൹

—o

## നോട്ടീസ്

കൊല്ലം അഡീഷനൽ മുൻസിഫ്കോർട്ടിൽ
൧൨൦. സീ. ൧൩൩

വാദി. പുളിക്കുന്നപകുതിയിൽ കാവാലം വടക്കുംഭാഗത്തുമുറിയിൽ കൊച്ചുപുരയ്ക്കലായ കരിയമ്പള്ളിൽ തൊമ്മൻ ജോസഫ്.

പ്രതി—൧. കൊല്ലം കോട്ടയ്ക്കകത്തുചേരിയിൽ പുത്തൻമഠത്തിൽ ലക്ഷ്മിഅമ്മ ഗൗരിഅമ്മ. ൨. ടി-യിൽ ലക്ഷ്മിഅമ്മ പെണ്ണമ്മ. കൂടുതൽ ൪-ാം പ്രതി. മുരുക്കുംപുഴ മേയിലുമുറിയിൽ കിഴക്കതിൽവീട്ടിൽനിന്നും കൊല്ലം കോട്ടയ്ക്കകത്തു പടിഞ്ഞാറേ പുത്തൻമഠത്തിൽ കെ. എൻ. മാധവൻപിള്ള ഭാര്യ ലക്ഷ്മിക്കുട്ടിയമ്മ തങ്കമ്മ. ൫. ടി-യിൽ മൈനർ തങ്കമ്മ ശാന്തകുമാരി. ൬. ടി-യിൽ മൈനർ തങ്കമ്മ. പ്രേമകുമാരി മൈനർകളുടെ രക്ഷകി ൪-ാം പ്രതിയാകുന്നു.

ടി. പ്രതികളെ തെര്യപ്പെടുത്തുന്നത്.

ടി നമ്പർ കേസ്സു വീണ്ടും ഫയലിൽ എടുക്കുന്നതിനു അനുവദിച്ചുത്തരവുണ്ടാകണമെന്നു വാദി ബോധിപ്പിച്ച ഹർജി ൧൧൨൩ തുലാം ൧൧-ാം൹ വിചാരണയ്ക്കുവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧-മണിക്കു ടി-പ്രതികളോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോടതിമുമ്പാകെ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം ടി-പ്രതികളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൭—൨—൧൧൨൩.

-- o -

## പ്രതിസമൻസ്

കൊല്ലം പ്രിൻസിപ്പാൽ മുൻസിഫ്കോർട്ടിൽ
൧൧൨൨—സീ—൭൮൯.

വാദി—കൊല്ലം വടക്കുംഭാഗത്തുചേരിയിൽ തുണ്ടിൽവീട്ടിൽ കൃഷ്ണപിള്ള പരമേശ്വരൻപിള്ള.

പ്രതി—കുമ്മിൾപ്പകുതിയിൽ കടയ്ക്കൽ മുറിയിൽ ഏറത്തു നെട്ടൂർവീട്ടിൽ കേശവപിള്ള നാരായണപിള്ള.

ടി-പ്രതിയെ തെര്യപ്പെടുത്തുന്നത്.

ടി-പ്രതിക്കു ഈ കോടതിയിൽനിന്നും സമൻസയച്ചതിൽ കൈപ്പറ്റാതെ മടങ്ങിവന്നിരിക്കുന്നതിനാൽ അടുത്ത വിചാരണദിവസമായ ൧൧൨൩-തുലാം ൧൯-ാം തീയതി പകൽ ൧൧-മണിക്കു പക്ഷി നേരിട്ടോ അധികാരപ്പെടുത്തിയ ഏജന്റോ വക്കീലോ മുഖാന്തിരമോ ഈ കോടതിയിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും വീഴ്ചവരുത്തിയാൽ ടി-പ്രതിയെക്കൂടാതെ അന്യായം തീരുമാനിക്കപ്പെടുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൧൧൨൩—കന്നി—൧൭-ാം൹

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്.

—o—

കരുനാഗപ്പള്ളി മുൻസിഫ്കോർട്ടിൽ
1105 -ാമാണ്ടു സി, 140.

കൂടുതൽ വാദി—2. വള്ളികുന്നം പകുതി ഇലിപ്പക്കുളങ്ങരമുറിയിൽ പുതുക്കാട്ടുവെളുത്തകുഞ്ഞമ്മ ഗൗരിയമ്മ.

പ്രതികൾ—41. കൊല്ലം കിളികൊല്ലൂർ മങ്ങാട്ടുചേരിയിൽ നെടിയത്തു കുമരവെളുത്തകുഞ്ഞ്. 42. ടിയിൽ പത്മനാഭൻ മാധവൻ. 43. ടിയിൽ പത്മനാഭൻ മാധവിക്കുട്ടി. 46. ടി മുറി കണ്ണമത്തു പത്മനാഭൻ ഗൗരിക്കുട്ടി.

ടി പ്രതികളെ കൂടുതൽ പ്രതികളായി കക്ഷിചേക്കാൻ ഉത്തരവുണ്ടാകണമെന്നും മറ്റും വാദി ബോധിപ്പിച്ചിരിക്കുന്ന 1112-ാമാണ്ടു സിവിൽപലവക 11105-ാം നമ്പർ ഹർജിസംഗതി 123-ാമാണ്ടു തുലാമാസം 11-ാം൹ വിചാരണയ്ക്കുവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 12 മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

16-2-123.

—o—

## പരസ്യം (പ്രതിസമൻ)

—o—

ആലപ്പുഴ പ്രിൻസിപ്പാൽ
മുൻസിഫ് കോർട്ടിൽ
൧൨൨-ൽ സിവിൽ ൪൭൯.

വാദി ആലപ്പുഴ പകുതിയിൽ തിരുവമ്പാടിമുറിയിൽ മുത്തുപുരയിടത്തിൽ രാമൻ അപ്പു.

പ്രതി—കരുവാറ്റാ പകുതിയിൽ കരുവാറ്റാ വടക്കുംമുറിയിൽ നെടുമേലിത്തയ്യിൽ മത്തായി മാത്യൂ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നത്.

മേൽനമ്പരിൽ വാദി ബോധിപ്പിച്ചിരിക്കുന്ന അന്യായത്തിനു ഉത്തരംപറവാനായി ൧൧൨൩-ാമാണ്ടു തുലാമാസം ൧൦-ാം൹ അവധിവെച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു നിങ്ങൾ നേരിട്ടോ വക്കീൽമുഖാന്തിരമോ ഈ കോടതിയിൽ ഹാജരാകാത്തപക്ഷം നിങ്ങളെ കൂടാതെ ടി കേസ് തീർച്ചചെയ്യുന്നതാണ്.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൧൩-൨-൧൨൩.

—o—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്

ഏറ്റുമാനൂർ മുൻസിഫ്കോർട്ടിൽ
൧൧൨൩-ാമാണ്ടു ഡി. ആർ. പി. ൧.

ഹർജിക്കാരൻ—ഏറ്റുമാനൂർ പകുതി പടിഞ്ഞാറ്റുംഭാഗം കരയിൽ അതിരമ്പുഴ ചന്തയിൽ അരങ്കത്തു മാതുഅനി അബ്ദുൽ റഹിമാൻ.

എതൃകക്ഷി—൧. കോട്ടയംപകുതി വേളൂർകരയിൽ പുത്തനങ്ങാടിയിൽ പടിഞ്ഞാറെക്കരയിൽ ഇട്ടി പീലിപ്പോസ്. ൨. ടിയിൽ ചാക്കോ ചെറിയാൻ

ടി ൧-ം ൨-ം എതൃകക്ഷികളെ തെര്യപ്പെടുത്തുന്നത്.

കടനിവാരണ ആക്റ്റ് ൧൩-ാംവകുപ്പ ഹർജി അനുവദിച്ച് ഉത്തരവുണ്ടാകണമെന്നും മറ്റും ഹർജിക്കാരൻ ബോധിപ്പിച്ചിരിക്കുന്ന ൧൧൨൩-ാമാണ്ടു ഡി. ആർ. പി. ൧-ാംനമ്പർ ഹർജിസംഗതി ൧൧൨൩-ാമാണ്ടു തുലാമാസം ൧൦-ാം൹ വിചാരണയ്ക്കുവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൨ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൧൨൩-ാമാണ്ടു കന്നിമാസം ൨൭-ാം൹

## പരസ്യം

ചങ്ങനാശേരി മുൻസിഫ്കോർട്ടിൽ
123 D R. P. 2

ഹർജിക്കാർ—൧. മുട്ടാർപകുതിയിൽ ടി മുറിയിൽ അറുപതിൽപുത്തൻപറമ്പിൽ നസ്രാണി മക്കൾവഴി ൩൧ വയസ്സുള്ള പോത്ത വർഗീസ്. ൨. ടിയിൽ ടിയാൻ സഹോദരൻ ൨൭ വയസ്സുള്ള കുര്യൻ പോത്ത.

എതിർഹർജിക്കാർ—൧. നെടുമ്പ്രം പകുതിയിൽ അയച്ചകരിമുറിയിൽ അടങ്ങപ്പുറത്തു കോടിക്കൽ മാത്തു കൊച്ചുമാത്തു. ൨. ടി പകുതിയിൽ ടി മുറിയിൽ കോയിക്കൽ ചാക്കോ ഇടിക്കുള. ൩. ടി പകുതിയിൽ ടി മുറിയിൽ കോയിക്കൽ കരുവിള ചാക്കോ. ൪. പിപ്പീൾസുബാങ്കുക്ലിപ്തം Liquidators ൧. ആലപ്പുഴ മുൻസിഫ് കോടതിവക്കീൽ തോമസ് ജെ. കളപ്പുരക്കൽ. ൨. മുട്ടാറുപകുതിയിൽ വെടിക്കാട്ടു ഔസേപ്പു പോത്തൻ. ൫. നെടുമ്പ്രം പകുതിയിൽ അമച്ചകരിമുറിയിൽ തോട്ടക്കാട്ടുവടക്കുംമുറിയിൽ ഇടിക്കുള ചാക്കോ. ൬. തിരുവിതാംകൂർ പേട്രിയറ്റ്സ് ബാങ്കുക്ലിപ്തം. ടി ബാങ്കിനുവേണ്ടി Liquidator അമച്ചകരിമുറിയിൽ കോയിക്കൽ കുരുവിള ചാക്കോ.

ഹർജിക്കാർ ടിയാന്മാർക്കു മുട്ടാറുപകുതിയിലുള്ള സർവെ നമ്പർ ൧൩൩/൧ എ./ബി. സി. ൪൨ സെൻറുള്ള പുരയിടവും അതിൽ നിൽപ്പുള്ള പുരയുംകൂടി കടങ്ങൾ നീക്കി ൪/൧ കൊടുപ്പിക്കണമെന്നു വാദി ബോധിപ്പിച്ചിരിക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ൧൧൨൩-ാമാണ്ടു തുലാമാസം ൧൯-ാം൹ ഈ കോടതിയിൽ നേരിട്ടോ വക്കീൽമുഖാന്തിരമോ ആക്ഷേപമുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം.

ഉത്തരവുംപ്രകാരം
ഹെഡ്ക്ലാർക്ക് (ഒപ്പ്)

ചങ്ങനാശേരി ൧൧൨൩-കന്നി-൯-ാം൹

—o—

## പരസ്യം

തൊടുപുഴ മുൻസിഫ്കോർട്ടിൽ
൧൨൨-സീ-൩൨൩

വാദി—ദി. ഓറിയന്റൽ ബാങ്ക് ഓഫ് ഇൻഡ്യാ ലിമിറ്റഡ് തൊടുപുഴ. ടി ബാങ്കിനുവേണ്ടി മാനേജിംഗ്ഡയറക്ടർ തൊടുപുഴപകുതി ഒളമറ്റംമുറി കരുവിനാക്കുന്നേൽ മാത്യൂ സെബാസ്റ്റ്യൻ.

പ്രതി—മീനച്ചിൽതാലൂക്കു ളാലംപകുതി ളാലംമുറി പനക്കൽ ജോസഫ് ദേവസ്യാ.

മേൽനമ്പരിൽ വാദി പ്രതിയുടെമേൽ അന്യായംബോധിപ്പിച്ച് ൧൧൨൩ തുലാം ൧൬-ാം൹ അവധി വച്ചിരിക്കുന്നതിനാൽ പ്രതിക്കു വല്ല തക്കവുംഉണ്ടെങ്കിൽ വിചാരണദിവസമായ ൧൬-൩-൧൧൨൩-ൽ പകൽ ൧൧-മണിക്കു പ്രതി നേരിട്ടോ വക്കീൽമൂലമോ ഹാജരായിക്കൊള്ളേണ്ടതും അല്ലാത്തപക്ഷം പ്രതിയെക്കൂടാതെ തീർച്ചചെയ്യുന്നതും ആണെന്നുള്ള വിവരം തെര്യപ്പെടുത്തിക്കൊള്ളുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൧൬-൨-൧൧൨൩

—o

## പ ര സ്യ ം

ചേർത്തല പ്രിൻസിപ്പാൽ
ഡിസ്ട്രിക്ട് മുൻസിഫ് കോടതിയിൽ
110-ൽ സിവിൽനമ്പർ 913.

വാദിമാർ—ഇടപ്പള്ളി വലിയരാജാവു അവർകൾ.

അഡ്വക്കേറ്റ് ജി. ഗോപാലക്കത്താവ്.

പ്രതി—അരൂർ ചന്തിരൂർമുറിയിൽ മരടയിൽ താമസിക്കും ചട്ടേകാട്ട് ആനിബാ എന്നു വിളിക്കുന്ന പരിയത്തു മഹമ്മദ്.

പ്രതിയെ തെര്യപ്പെടുത്തുന്നത്

ഈ നമ്പ്ര ലേലസമയം ലേലസംഖ്യ വിധിക്കടത്തിൽ വകവെച്ചു വാദിമാർക്കുവേണ്ടി മുക്ത്യാർകാരനോ വാദിഭാഗം അഡ്വക്കേറ്റവർകളോ ലേലത്തിൽകൊള്ളുന്നതിനനുവദിക്കണമെന്നു വാദിമാർ ബോധിപ്പിച്ച ഹർജിയെപ്പറ്റി പ്രതിക്കു വല്ല ആക്ഷേപവുമുണ്ടെങ്കിൽ 1123 തുലാം 6-ാം൹ പകൽ 11 മണിക്കു ഈ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളണം.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

123 കന്നി 7-ാം൹

—o—

## പരസ്യം

—o—

കോട്ടയം ജില്ലാക്കോടതിയിൽ
൧൧൦-ൽ അസൽനമ്പ്ര ൯൦

വാദികൾ—വിജയപുരം പകുതിയിൽ മുട്ടമ്പലംകരയിൽ വാകശ്ശേരിവീട്ടിൽ അയ്യപ്പൻപിള്ള മാധവൻപിള്ള മു. പേരു. ൨

൨-ാം പ്രതി—കോട്ടയംപകുതിയിൽ കോടിമതകരയിൽ ചക്കപുരയ്ക്കലായ കൊച്ചുപുരയ്ക്കൽവീട്ടിൽ കദിജാഉമ്മാ അയിഷാ ഉമ്മാ. ൩-ാം പ്രതി ടിയിൽ ടിയാളുടെ മകൻ ഉമ്മർ അസ്സൻകുട്ടി.

മേൽനമ്പ്രവിധിക്കടത്തിനുവേണ്ടി കോട്ടയംപകുതിയിൽ തിരുനക്കരകരയിൽ പാലത്തുംകൽവക സ്ഥലത്തിനും മേക്കു കാസീൻ ബാവാറാവുത്തർ വക സ്ഥലത്തിനും കെട്ടിടത്തിനും വടക്കു പബ്ളിക്കു റോഡിനും കിഴക്കു റോഡിനുംതെക്കു ഇവ നടുവിൽ പണ്ടാരവകപാട്ടം സർവ്വെ ൬൧ ൧൨. ബീ. രണ്ടുസെൻറുള്ള പാറപ്പുറത്തു പുരയിടവും തന്നിൽ പടിഞ്ഞാറേതുമായി കല്ലും മരവുംകൊണ്ടു പണിയിച്ചു ഓടുമേഞ്ഞിരിപ്പു കെട്ടിടവുംകൂടി ലേലത്തിനായി ൧൧൨൩-ാമാണ്ടു തുലാമാസം ൧൪-ാം തീയതി-ക്കു അവധിവെച്ചിരിക്കുന്നതിനാൽ ലേലത്തിൽ ചേരണമെന്നു ആഗ്രഹമുള്ളവർ അന്നേദിവസം പകൽ ൧൨-മണിക്കു ഈ കോടതിമുമ്പാകെ ഹാജരായിക്കൊള്ളണമെന്നുള്ള വിവരം ഇതിനാൽ സകലമാനപേരെയും തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്)

കോട്ടയം ൨൨-൨-൧൧൨൩

— o—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്

— o —

കൊല്ലം ജില്ലാകോർട്ടിൽ
Contributory 2085 in Company Petition No 10/13

വാദി—T. N. & Q. Bank Ltd. in Liquidation.

പ്രതി—എൻ. കെ. അബ്രഹാം, പരിപ്പ്, ഒളശ്ശ, കോട്ടയം.

ടി പ്രതിയെ തെര്യപ്പെടുത്തുന്നത്

ഡിക്രി വിധിനടത്തികിട്ടുന്നതിനു ഉത്തരവുണ്ടാകണമെന്നും മറ്റും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൨൨-ാമാണ്ട് സിവിൽ പലവക ൨൬൦-ാംനമ്പർ ഹർജിസംഗതി ൧൨൩-ാമാണ്ട് തുലാമാസം ൧൫-ാം൹ വിചാരണക്കുവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൨ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജന്റോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്)

൧൨൩-ാമാണ്ട് കന്നി-൧൯

o—

## പ്രതിസമൻസ്

o

ഹരിപ്പാട്ട മുൻസിഫ്കോർട്ടിൽ
൧൧൨൧ സി. ൨൯൦.

വാദി—കുമാരപുരം താമല്ലാക്കൽതെക്കുതേവലപ്പുറത്തു എന്നുകൂടി പേരുള്ള മണ്ണാഞ്ചിറയിൽനിന്നും ടി പകുതി താമല്ലാക്കൽ തെക്കുംമുറിയിൽ പാട്ടിളശേരിൽ താമസം ഭരതൻ സുരേന്ദ്രൻ.

൨-ാംപ്രതി—കുമാരപുരം പൊത്തപ്പള്ളി വടക്കുംമുറിയിൽ മണ്ണാഞ്ചിറയിൽ താമസം കെ. ദേവകിയമ്മ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നത്.

മേൽനമ്പരിൽ വാദി ബോധിപ്പിച്ചിരിക്കുന്ന വ്യവഹാരത്തിനു സമാധാനം വല്ലതും ബോധിപ്പിക്കാനുണ്ടെങ്കിൽ ൧൧൨൩ തുലാമാസം ൧൨-ാം൹ പകൽ ൧൧ മണിക്കു ഈ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിക്കാത്തപക്ഷം പ്രതിയെക്കൂടാതെ മേൽനമ്പർ തീർച്ചചെയ്യുന്നതാണ്.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തം (ഒപ്പ്)

൨൧-൨-൧൧൨൩.

---o--

പരസ്യം

—o—

അപ്പീൽപ്രതിക്കുള്ള നോട്ടീസ്
സിവിൽ നടപടി നിയമം
൪൧-ാം ഉത്തരവ് ൧൪ ൧൫.
മാവേലിക്കര ജില്ലാകോർട്ടിൽ

II Bench

൧൧൨൨-ാമാണ്ട അപ്പീൽ ൨൭൧.

അപ്പീൽവാദി:—കണ്ടല്ലൂർപകുതിയിൽ പുതിയവിളമുറിയിൽ വട്ടപ്പറമ്പിൽ കല്യാണിഅമ്മ ജാനകിഅമ്മ.

അപ്പീൽ പ്രതി:—൪. മുതുകുളംപകുതിയിൽ തെക്കുംമുറിയിൽ നല്ലവീട്ടിൽ വടക്കേതറയിൽ കൃഷ്ണൻ മകൻ കൊച്ചുരാമൻ, ൫. ടിയിൽ കൃഷ്ണൻ മകൻ പരമു.

കൃഷ്ണപുരം മുൻസിപ്പുകോർട്ടിൽ ൧൧൪-ാമാണ്ട അസൽ ൯൬൭-ാംനമ്പരിൽ ൧൧൨൦-ാമാണ്ട ആടിമാസം ൩൧-ാംനു- നിശ്ചയിച്ച വിധിയിന്മേൽ ബോധിപ്പിച്ച അപ്പീൽ.

മേല്പറഞ്ഞ അപ്പീൽപ്രതിയെ തെര്യപ്പെടുത്തുന്നതു്.

മേല്പറഞ്ഞ വ്യവഹാരത്തിൽ മേല്പറഞ്ഞ മുൻസിഫ്കോർട്ടിൽനിന്നും നിശ്ചയിച്ച വിധിയിന്മേൽ അസ്സൽവാദി അപ്പീൽബോധിപ്പിക്കയും അതു ഈ കോർട്ട അപ്പീൽ രജിസ്റ്ററിൽ ചേർക്കയും ചെയ്തിരിക്കുന്നതും ഈ അപ്പീൽ വിചാരണക്കായി ൧൧൨൩-ാമാണ്ട തുലാമാസം ൧൧-ാംനു- നിശ്ചയിച്ചിരിക്കുന്നതും ആകുന്നു എന്നു അറിയിച്ചിരിക്കുന്നു. പ്രതി ഹാജരായി തർക്കിക്കാൻ നിശ്ചയിച്ചിരിക്കുന്നു എങ്കിൽ മേലാൽ നോട്ടീസോ മററം വല്ലപ്രാസസ്സോ പ്രതിയുടെ മേൽ നടത്തുന്നതിനു വേണ്ടി പ്രതിയുടെ മേൽവിലാസം മേൽ കാണിച്ചിരിക്കുന്ന വിചാരണതീയതിയിൽ കവിയാത്ത ഒരു ദിവസം കോർട്ടിൽ രേഖാമൂലം ബോധിപ്പിക്കേണ്ടതാകുന്നു. അതിനു വ്യത്യാസംവരുത്തിയാൽ ഈ അപ്പീലിൽ നിങ്ങളുടെ വാക്കുകേൾക്കാതിരിക്കാൻ ഇടവന്നേക്കാവുന്നതാകുന്നു.

ഈ അപ്പീൽകാര്യത്തിൽ പ്രതിക്കുവേണ്ടി പ്രതിതന്നെയോ വക്കീലോ വ്യവഹാരം നടത്താൻ നിയമപ്രകാരം അധികാരപ്പെടുത്തിയ മററുവല്ലവരുമോ ഈ കോർട്ടിൽ ഹാജരാകാത്തപക്ഷം പ്രതിയെ കൂടാതെ എക്സ്പാർട്ടിയായി ഈ അപ്പീൽ വിചാരണചെയ്തു തീർപ്പെടുത്തുന്നതാകുന്നു.

൧൧൨൩-ാമാണ്ട കന്നിമാസം ൧൯-ാം തീയതിയായ ഇന്നേദിവസം ഇതിൽ എന്റെ കൈഒപ്പും കോർട്ടുമുദ്രയുംവച്ചു കൊടുത്തിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്)

—o—

സിവിൽ പലവക ഹർജി വിചാരണ
നിശ്ചയിച്ച തിയതിയെക്കുറിച്ച്
എതൃകക്ഷിക്കു നോട്ടീസ്

—o—

കൊല്ലം ജില്ലാകോർട്ടിൽ

Contributory 2065 in Company
Petition No. 10/13

വാദി:— T. N. and Q. Bank Ltd.
in Liquidation

പ്രതി:—ദേവസ്യമത്തായി ഫാർമർ പറകുമായിൽ താഴത്തു് കലവൂർ കാണകരി ഏററുമാന്നൂർ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

ഡിക്രി വിധിനടത്തി കിട്ടുന്നതിനു് ഉത്തരവുണ്ടാകണമെന്നും മററും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ട് സിവിൽപലവക ൨൭൭-ാംനമ്പർ ഹർജിസംഗതി ൧൧൨൩-ാമാണ്ട തുലാമാസം ൧൩-ാം തീയതി വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൨ മണിക്കു് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻേറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്)
൧൧൨൩-ാമാണ്ട് കന്നിമാസം ൧൭-ാംനു-

—o—

പരസ്യനോട്ടീസ്

—o—

സിവിൽ നടപടി നിയമത്തിന്റെ
ആഡർ ൨൧ റൂൾ ൬൬.
പെരുമ്പാവൂർ മുൻസിഫ്കോർട്ടിൽ
൧൧൧൭-ാമാണ്ട സി ൧൧൫൩-ാംനമ്പർ
ആദ്യവ്യവഹാരം
൧൧൨൨ ൽ വിധിനടത്തു
ഹർജിനമ്പർ ൨൨൧.

വാദി:—പെരുമ്പാവൂർപകുതി ഇരിങ്ങോൾകരയിൽ കളരിയിൽ പുപ്പകത്തു് നാരായണൻ നാരായണൻനമ്പ്യാർ മു: പേർ.

പ്രതി:—൧. പെരുമ്പാവൂർപകുതി ടി കരയിൽ പെരുമ്പാവൂർക്ഷേത്രത്തിനു പടിഞ്ഞാറുവശം താമസം പേരണ്ടൂർപുപ്പകത്തു് രാമൻനമ്പ്യാർ (ഇപ്പോൾ എറണാകുളം സൌത്തു്റയിൽവേസ്റ്റേഷനിൽ ക്ലാർക്ക്) ൨. കൊച്ചിസംസ്ഥാനത്തു് ഇരുങ്ങാലക്കുട ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടർ ആയിരിക്കും പേരണ്ടൂർ തെക്കേപുപ്പകത്തു് രാമൻ രാമൻനമ്പ്യാർ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

ടി നമ്പർ പട്ടികവസ്തു ലേലത്തിൽ വില്പിച്ചു വിധിസംഖ്യ ഈടാക്കി കൊടുപ്പിക്കണമെന്നു വിധി ഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളെപ്പററിയും മററും വ്യവസ്ഥപ്പെടുത്തുന്നതിനു ൧൧൨൩-ാമാണ്ട തുലാമാസം ൧൩-ാംനു-ക്കു അവധി നിശ്ചയിച്ചിരിക്കുന്നതും ആകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൧൨൩-ാമാണ്ട കന്നിമാസം ൨൭-ാംനു-

—o—

പരസ്യം (പ്രതിസമൻ)
ആലപ്പുഴ പ്രിൻസിപ്പാൾ
മുൻസിഫ്കോർട്ടിൽ
൧൩൪-ൽ സി. ൧൧൩.

വാദി മാരാരിക്കുളം കാടരുമുറിയിൽ അഴിയകത്തുവീട്ടിൽ അന്തോണി അഗസ്റ്റീഞ്ഞു്.

കൂട്ടതൽ ൪-ാംപ്രതി—ആര്യാട്ട വടക്കനാര്യാട്ടുമുറിയിൽ പാറലിൽപുത്തൻ വീട്ടിൽ കാത്ത്യായനിയമ്മ കാവമ്മ.

കൂട്ടതൽ ൫-ാംപ്രതി—ടിയിൽ ഈശ്വരക്കുറുപ്പ് മാധവക്കുറുപ്പ്

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പരിൽ വാദി ബോധിപ്പിച്ചിരിക്കുന്ന അന്യായത്തിനു ഉത്തരം പറവാനായി ൧൧൨൩-ാമാണ്ട തുലാമാസം ൧൬-ാം തീയതി അവധിവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു നിങ്ങൾ നേരിട്ടോ വക്കീൽമുഖാന്തിരമോ ഈ കോടതിയിൽ ഹാജരാകാത്തപക്ഷം നിങ്ങളെ കൂടാതെ ടി. കേസുതീർപ്പുചെയ്യുന്നതാണ്.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൬—൨—൧൧൨൩.

—o—

പ്രതിസമൻസ്
കൊല്ലം പ്രിൻസിപ്പാൾ
മുൻസിഫ്കോർട്ടിൽ
൧൨൨—സീ—൨൬.

വാദി—കൊല്ലം കമ്പോളത്തിൽ ഉണ്ടിയൽവ്യാപാരം എസ്. പി. സുബ്രഹ്മണ്യയ്യർ.

പ്രതികൾ—൧. കൊല്ലം വലിയകടച്ചേരിയിൽ ജോനകപ്പുറത്തുപുതിയബംഗ്ലാവിൽ സീ. കെ. ഷാഹുദീൻമുസലിയാർ ൨. ടി-യിൽ ഈ. എസ്. മുകയ്തീൻ അബ്ദുൽക്കാദർ.

ടി. പ്രതികളെ തെര്യപ്പെടുത്തുന്നതു്. ടി-പ്രതികൾക്കു് ഈ കോടതിയിൽനിന്നും സമൻസ് അയച്ചതിൽ കൈപ്പററാതെ മടങ്ങിവന്നിരിക്കുന്നതിനാൽ അടുത്ത വിചാരണദിവസമായ ൧൧൨൩-തുലാം ൧൩-ാം തീയതി പകൽ ൧൧-മണിക്കു കക്ഷി നേരിട്ടോ അധികാരപ്പെടുത്തിയ ഏജൻേറാ വക്കീലോ മുഖാന്തിരമോ ഈ കോടതിയിൽ ഹാജരായി ആക്ഷേപമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും വീഴ്ച വരുത്തിയാൽ ടി പ്രതികളെ കൂടാതെ അന്യായം തീരുമാനിക്കപ്പെടുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്.)
൧൧൨൩-കന്നി-൧൯-ാംനു-

പരസ്യനോട്ടീസ്

—o—

വൈക്കം മുൻസിഫ്കോർട്ടിൽ
൧൧൧൦-ൽ സ്മാൾ ൩൨൭.

വാദി—വെച്ചൂർപകുതി കുടവെച്ചൂരുകരയിൽ ചേരക്കുളങ്ങര ദേവസ്വം ഉടമസ്ഥരായ വല്യശേരിലായ മനയിൽ നാരായണൻ കേശവപ്പണിക്കർ.

പ്രതികൾ—൩. വെച്ചൂർപകുതി എടയാഴംകരയിൽ കിളിയാട്ടുവീട്ടിൽ കാത്ത്യായനിസരസ്വതിഅമ്മ. ൭. ടിയിൽ ഈശ്വരൻ പത്മനാഭക്കുറുപ്പ്. ൮. ടിയിൽ കാത്ത്യായനി കമലാക്ഷിഅമ്മ. ൯. ടി-യിൽ പാപ്പി ഭവാനിഅമ്മ. ൧൦. ടിയിൽ ശങ്കുണ്ണിപ്പിള്ള കൃഷ്ണക്കുറുപ്പ്. ൧൧. ടിയിൽ ശങ്കുണ്ണിപ്പിള്ള നാരായണക്കുറുപ്പ്. ൧൨. ടിയിൽ നാണിഅമ്മ പൊന്നമ്മ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

ടി-നമ്പർ പട്ടികവസ്തു ലേലത്തിൽ വില്പിച്ചു വിധിസംഖ്യ ഈടാക്കിക്കൊടുപ്പിക്കണമെന്നു് വിധിയുടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളെപ്പററിയും മററും വ്യവസ്ഥപ്പെടുത്തുന്നതിനു് ൧൧൨൩-മാണ്ട് തുലാമാസം ൧൭-ാംനു-ക്കു അവധിനിശ്ചയിച്ചിരിക്കുന്നതും ആകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൧൨൩-കന്നി ൧൧-ാംനു-

—o—

പ്രതിസമൻ

—o—

വൈക്കം മുൻസിഫ്കോർട്ടിൽ
൧൧൨൨-ൽ സിവിൽ ൩൨൭.

വാദി—നടുവിലെ പകുതിയിൽ കിഴക്കുംചേരിമേൽ തെക്കേമുറിയിൽ തറയിൽ വീട്ടിൽ ഈശ്വരിഅമ്മ പാറുക്കുട്ടിഅമ്മ.

വക്കീൽ മി. ഏ. നാരായണപിള്ള.

പ്രതികൾ—൫. തൈക്കാട്ടുശ്ശേരിപകുതിയിൽ ടി മുറിയിൽ വാത്തിവീട്ടിൽ ഇരവി പരമേശ്വരൻനായർ. ൩. ടിയിൽ ഇരവി രാഘവൻനായർ. ൭. ടിയിൽ ഇരവി മാധവൻനായർ. ൧൨. ടിയിൽ കാത്ത്യായനിഅമ്മ സരോജിനിഅമ്മ. ൧൩. ടിയിൽ കാത്ത്യായനിഅമ്മ സുഭദ്രഅമ്മ. ൧൪. ടിയിൽ കാവമ്മ ജാനകിഅമ്മ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പർ വാദി നിങ്ങളുടെ മേൽ ബോധിപ്പിച്ചിരുന്ന വ്യവഹാരത്തിനു ഉത്തരംബോധിപ്പിക്കുന്നതിനു ൧൧൨൩ തുലാംമാസം ൧൧-ാംനു-ക്കു് അവധിവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧-മണിക്കു പ്രതികളോ നിയമപ്രകാരം അധികാരപ്പെടുത്തപ്പെട്ട വക്കീലോ ഏജൻേറാ ഈ കോടതിയിൽ ഹാജരാകാതെയിരുന്നാൽ പ്രതികളെ എക്സ്പാർട്ടി ആക്കി കേസ്സ് തീർച്ചചെയ്യുന്നതാണ്.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്.)

—o—

പരസ്യം

—o

ചേർത്തല മുൻസിഫ്കോർട്ടിൽ
൧൧൧൧-ൽ സിവിൽ നമ്പ്ര ൨൪൦

വാദി—മാരാരിക്കുളം പെരുന്നേർമംഗലം മുറിയിൽ കുണ്ടയിലാററ് കണക്കു് വെങ്കിടേശ്വരമല്ലൻ കൃഷ്ണമല്ലൻ

കൂട്ടതൽ ൨-ാംപ്രതി—തണ്ണീർമുക്കം വെന്തുരുത്തുമുറിയിൽ മേക്കരവെളിയിൽ താമസിക്കും പാലുവിരുത്തിയിൽ വേലായുധൻ ചന്ദ്രശേഖരൻ

പ്രതിയുടെ മേൽ വാദി വ്യവഹാരം ബോധിപ്പിച്ചിരിക്കുന്നതിനാൽ അതിനുത്തരം പറയുവാനായി ൧൧൨൩-ാമാണ്ട് തുലാമാസം ൧൨-ാംനു- ഈ കോടതിയിൽ ഹാജരായിക്കൊള്ളേണ്ടതും അല്ലാത്തപക്ഷം പ്രതിയെക്കൂടാതെ കേസ് തീരുമാനിക്കുന്നതാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)
൧൧൨൩ കന്നി ൨൩-ാംനു-

—o—

കാമബാണ
രസായനം

മൂത്രസ്ഖലനം, മേഹപ്പോക്കു്, ശുക്ലസ്രാവം, ഉഷ്ണപ്പുണ്ണ് മുതലായവയ്ക്കു് കൈകണ്ട ഒരു യോഗം.

കുപ്പി ൧-ക്കു് വില ൨ ക. ൮ ണ.

പിത്തകുലാന്തകൻ

എല്ലാവിധ പിത്തരോഗങ്ങൾക്കും കൈകണ്ട ഒരു സിദ്ധൌഷധം

30-നേരത്തെ മരുന്നടങ്ങിയ ഡപ്പി ഒന്നിനു് വില രൂപാ 2.

ബ്രഹ്മചാരിമഠം മധിക്കൽ ഹൗസ്, കൊല്ലം

സിവിൽ പലവക ഹർജി വിചാരണ
നിശ്ചയിച്ച തീയതിയെക്കുറിച്ച്
എതൃകക്ഷിക്കുനോട്ടീസ്സ്

—o—

I ബഞ്ച്
ആലപ്പുഴ ജില്ലാകോർട്ടിൽ
൧൧൧൯-ാമാണ്ട് അസ്സൽ ൧൫൩

വാദി കോഴിക്കോട്ടുതാലൂക്ക കസബ അംശം കാനിക്കന്നാംദേശത്തു പൈതൻപറമ്പിൽ W D സിസനി മുതൽപേർ

പ്രതികൾ—൨. കൃഷ്ണപുരം ചിറക്കടവുമുറിയിൽ പുതിയവീട്ടിൽമേക്കേബംഗ്ലാവിൽ താമസം നഥാനിയൽ വറുഗീസ്സ സാറാ. ൪. മാവേലിക്കരകുടച്ചിറമുറിയിൽ രാമപ്പാട്ടിൽ കിരിയാൻ വറുഗീസ്സ്. ൩. കൃഷ്ണപുരം ചിറക്കടവുമുറിയിൽ പുതിയവീട്ടിൽ മേക്കേബംഗ്ലാവിൽ നഥാനിയിൽ മറിയാമ്മാ. ൭. ടിയിൽനിന്നും കായംകുളംപോസ്റ്റാഫീസിൽ ജോലി നഥാനിയൽ ഇട്ടിച്ചെറിയ. ൮. ടി പുതിയവീട്ടിൽ മേക്കേബംഗ്ലാവിൽ നാഥാനിയൽ ഏലിയാമ്മ.

ടി പ്രതികളെതെര്യപ്പെടുത്തുന്നതു്

മേൽനമ്പ്രിൽ മരിച്ചുപോയ അസ്സൽ വാദിയുടെ അവകാശികളായി ഹർജിക്കാരെ കക്ഷിചേർക്കുന്നതിനു അനുവദിച്ചു ഉത്തരവുണ്ടാകണമെന്നുംമററും ഹർജിക്കാർ ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-മാണ്ട് സിവിൽ പലവക ൧൭൧-ാം നമ്പർ ഹർജിസംഗതി ൧൧൨൩-ാമാണ്ട് തുലാമാസം ൧൩-ാംനു- വിചാരണക്കുവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൨ മണിക്കു് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻേറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപംവല്ലതും ഉണ്ടെങ്കിൽബോധിപ്പിച്ചുകൊള്ളണം അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
൧൧൨൩-ാമാണ്ട് കന്നിമാസം ൧-ാംനു-

—*—

സിവിൽ പലവക ഹർജി വിചാരണ
നിശ്ചയിച്ച തീയതിയെക്കുറിച്ച്
എതൃകക്ഷിക്കു നോട്ടീസ്സ്

കോട്ടയം ജില്ലാകോർട്ടിൽ
൧൧൯ അസ്സൽ നമ്പ്ര ൧൨൭


കൂട്ടതൽ വാദി—തിരുവനന്തപുരത്തു പട്ടം കൌഡിയാർറോഡിൽ പാർവ്വതി വിലാസ് ബംഗ്ലാവിൽ താമസം ജോൺ ഡബ്ലിയു ചാക്കോ.

൯-ാംപ്രതി—ചെങ്ങന്നൂർ വടക്കേക്കര പകുതി അങ്ങാടിക്കൽ മുറിയിൽ മലേബംഗ്ലാവിൽ താമസം കോട്ടയം പോളച്ചിറയ്ക്കൽ ഉമ്മൻ തരകൻ കുഞ്ഞാണ്ടമ്മ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

ടി നമ്പ്ര വിധിനടത്തിച്ചുകൊടുക്കാൻ ഉത്തരവുണ്ടാകണമെന്നും മററും കൂട്ടതൽ വാദി ബോധിപ്പിച്ചിരിക്കുന്ന ഹർജി സംഗതി ൧൧൨൩ തുലാമാസം ൧൩-ാംനു- വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൨ മണിക്കു് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻേറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്)
൧൧൨൩-മാണ്ട കന്നി ൧൬-ാംനു-




# കതിർമാല

—o—

ഗ്രന്ഥകർത്താ,

എം. പി. അപ്പൻ എം. എ., എൽ. ടി.

വില അണ ൧൨.

സതാതനമായ സത്യവും അനശ്വരമായ സൗന്ദര്യവും ആയി കലയെ അവലോകിക്കാൻ ശീലിക്കയാകുന്നു ശ്രീ എം. പി. അപ്പന്റെ കവിത. ആനന്ദത്തിന്റെ അതിരുകവിഞ്ഞ ഓളം വെട്ടലുകളോ വിഷാദാത്മകമായ അപകടസ്ഥാനങ്ങളോ ഈ കവിതാപ്രവാഹത്തിൽ കണ്ടുവെന്നുവരില്ല. അപ്രതിഹതപ്രവാഹമോ പ്രപതനനിർഘോഷമോ ഗാംഭീര്യപ്രഭാവമോ അനുഭവമായില്ലെന്നുവരാം. അടിതെളിഞ്ഞുള്ള നിർമ്മലതയോടുകൂടി മർമ്മരശ്രുതിമീട്ടിക്കൊണ്ടു ഒരു ശരന്നിമ്നഗപോലെ അതു പ്രത്യക്ഷപ്പെടുന്നു.

കതിർമാല പ്രകൃതിസങ്കീർത്തനത്തിൽ തൊട്ടുതുകൊണ്ടാണു ഗ്രഥിതമായിട്ടുള്ളതു്: അതു മഞ്ജരിയുമാണു്. ഓരോ ക്ഷണത്തിലും നവ്യനവ്യാഭമായാരോമൽകാന്തികൾ കാൺമൂനിന്നിൽ, എന്ന, ക്ഷണേക്ഷണേയന്നവതാമുപേതിയായ രമണീയതയെ അനുസ്മരിച്ചുകൊണ്ടു

ഇന്നലെമററുള്ളോർ കാണാത്ത-
(ഭംഗികളിന്നുഞാൻകാണുന്നു നിന്മുഖത്തിൽ

എന്ന, നവനവോന്മോഷശാലിനിയായ പ്രതിഭയെ, കവി വിഡംബനം ചെയ്യുകാണുന്നു. അങ്ങനെ ഒരു അന്യാദൃശമായ ഭാവനാമാധുര്യം, അവലോകനാസരണി കതിർമാല ആവിഷ്കരിക്കാൻപോകുന്നുവെന്ന ഒരു മുന്നറിയിപ്പു കവി നമുക്കു തരുന്നു.

പുഞ്ചിരിക്കളിരൊളിചിന്നിയുല്ലസിക്കുന്ന പിഞ്ചുപൈതൽ-അദ്ദേഹത്തിന്റെ ഭാവനയിൽനിന്നു ഉടൽ പൂണ്ടരുളുന്നു.

ഉന്നിദ്രതാരത്തിലോ പൂവിലോ ത്ത-
(ത്തിലേം
നിന്നീലുജ്ജ്വലിക്കുന്ന തേജസ്സുകാണു-
(ന്നീല

എന്നുള്ളതാണു ആ പൈതലിലെ വിശേഷകല്പന ഭാരതീയസാഹിത്യത്തിൽ അതിപ്രധാനമായ കുമാരോദയവർണ്ണന. കാളിദാസാദികവികൾ, സൂക്ഷ്മസ്വഭാവം വർണ്ണിച്ചു ഫലിപ്പിച്ചിട്ടുള്ള ആ കവിതാസന്ദർഭം അദ്ദേഹത്തിന്റെ ദൃഷ്ടിക്കു വിഷയമാകുന്നില്ല. ശിശുക്കളെ എന്റെ അടുക്കലേക്കു വിടുവിൻ, സ്വർഗ്ഗരാജ്യം അവർക്കുള്ളതത്രേ ആകുന്നതു്, എന്ന അർത്ഥത്തിലുള്ള ഒരു ബൈബിൾ വാക്യം പോലെ, ശിശുഹൃദയത്തിന്റെ സംശുദ്ധി വാഴ്ത്തിപ്പോകുന്നതേയുള്ളു മി: അപ്പൻ. ഒഴിവുദിവസത്തിലെ സമയും ശ്രീ: അപ്പന്റെ കവിതയിൽ

ശ്രീലയായ് പ്രസന്നയായ്സ്വച്ഛ-
(ന്ദഗാനാലാപ-
ലോലയാംനദിപോലെ,

യാണൊഴുകിപ്പൊയ്ക്കൊണ്ടിരിക്കുന്നതു്. അതു് ചിന്താമധുരവുമാകുന്നുണ്ടു്. ജീവിതോത്സവത്തിന്റെ പൂഞ്ചിരിക്കതിരു ചാർത്തുന്നതും ചിന്തയും വികാരവും പൊൻചിറകുകൾ വീശി അന്തരീക്ഷത്തിൽ നിരങ്കുശം പറക്കുന്നതും ഇന്നത്തെ യുവകളുടെ കളിവട്ടത്തിന്റെ ആപ്പുവിളിയായിപ്പോകുന്നു.

ജീവിതാനന്ദം, കവിയുടെ പ്രസാദാത്മകത്വത്തിന്റെ പ്രതിഫലനമാണു്. സ്വച്ഛന്ദഗീതിയുടെ കലകലശ്രുതിമീട്ടൽ നിപുണശ്രോതൃങ്ങൾക്കു ഇതിൽ കേൾക്കാം. പ്രപഞ്ചത്തിലെ ഓരോന്നിലും ആനന്ദസ്ഫുരണം സമീക്ഷിക്കുന്ന കവി, ചുടുകണ്ണീർകൊണ്ടല്ലാ ജീവിതാനന്ദാമൃതം ആവോളം നമുക്കു പകർന്നുതന്നു സൽക്കരിക്കയാണു ചെയ്യുന്നതു്. കുരിശിൽ തറയ്ക്കപ്പെട്ട ദൈവപുത്രനെ തന്റെ ഭാവനയിൽ ഉയർത്തെഴുന്നേല്പിച്ചുകൊണ്ടു അപ്പൻ ആശ്വസിപ്പിക്കുന്നവിധമാണു അടുത്ത കവിതയിൽ. ശാന്തിസൗരഭം ഭൂവിലും സ്വർഗ്ഗത്തിലും വീശിക്കാണണമെന്നുള്ളതാണു് കവിയുടെ ഇതിലെ ആശംസ. സത്യവും സൗന്ദര്യവും ആശയാനുവാദമാണു്. പ്രതീക്ഷ, പ്രതിരൂപാത്മകമെന്ന പേരിൽ ഇന്നറിയപ്പെടുന്ന പ്രസ്ഥാനഗതിയാണു് സ്വീകരിക്കുന്നതു്. ആധുനികമലയാളസാഹിത്യത്തിലെ സ്വപ്നാടനരോഗം ഇദ്ദേഹത്തിനും ഉണ്ടോ എന്നു നമുക്കു തോന്നിപ്പോകും.

സ്വപ്നമണ്ഡലത്തിൽനിന്നെങ്കലേക്കാ
(ശാരശ്മി
സ്വഛരന്ദം ചൊരിയുന്നഭാവിയാം
(മുകുളകം
ഭാവനാമധുരമാമതിന്റെവ ലാ-
(സമെൻ
ജീവനാഡിയിൽ നവ്യമേഷമി-
ന്നൊഴുക്കുന്നതായി

അദ്ദേഹം രോഗവിവരം സ്വയം സമ്മതിക്കുന്നുമുണ്ടു്. ഈ ദിവാസ്വപ്നത്തിൽനിന്നു അദ്ദേഹം പെട്ടെന്നു പ്രബുദ്ധനായി തീരുന്നതു് ആശ്വാസകരമായ അവസ്ഥാവിശേഷമാണു്. ജീവിതോത്സവത്തിനു ധനമാണാലംബമെന്നു അദ്ദേഹം പഠിക്കാൻ തുടങ്ങുന്നു. പക്ഷേ, ആ പണം പാവങ്ങളുടെ ചങ്കുപൊടിഞ്ഞുണ്ടാകുന്നതാണല്ലോ എന്നു ശങ്കിക്കുന്നു. അതുകൊണ്ടു വിശ്വസൗന്ദര്യവും ആത്മനിർവൃതിയുമായിക്കഴിഞ്ഞുകൂടാമെന്നു തീർച്ചപ്പെടുത്തുന്നു. പ്രവൃത്തി വിരസമായ ദാക്ഷാജംബുകന്യായം ഉദ്ബുദ്ധനായ കവി സ്വീകരിക്കുന്നതിൽ ഖേദിക്കയേ തരമുള്ളു. അടുത്ത നാലഞ്ചുകവിതകളിൽ വിശ്വസൗന്ദര്യത്തിന്റെവിലാസസമ്മോഹനതയെ അദ്ദേഹം മധുരസ്വരത്തിൽ പാടിനോക്കുകയാണു്. കവി തന്റെ സ്നേഹസത്തയെ നമുക്കു വ്യാഖ്യാനിക്കാൻ തുടങ്ങുന്നു. അദ്ദേഹത്തിന്റെ പ്രണയം ഒരു തരുണിയുടെ അകതാരിൽ പകരേണ്ടുന്ന പൂന്തേനല്ലെന്നു അഭിമാനിക്കുന്നു. അതിന്റെ വിശ്വവ്യാപകസ്വഭാവം ഉല്ലേഖവിചിക്ഷണതയോടെ വിമർശിക്കുന്നു. പ്രണയം, സ്നേഹം, അനുകമ്പ, ഇവയുടെ ഊനാതിരിക്തഭേദങ്ങൾ പരിഗണിക്കാതെ അവയെ ഒന്നിച്ചുകൂട്ടി ഉരുക്കിക്കളഞ്ഞുവെന്നേയുള്ളു. അജ്ഞാതനായ ഭടന്റെ ആത്മസംതൃപ്തിയും, രത്നഗദയുടെ ഉള്ളിൽ നടക്കുന്ന രസവാദവിദ്യയും, പ്രകൃതിസൗന്ദര്യം അറിയാതെ കൃത്രിമങ്ങളിൽ കുടുങ്ങിപ്പോയതിലുള്ള പശ്ചാത്താപവും, കലാകാരന്റെ സർവ്വാനന്ദപ്രദായകമായപ്രതിഭാവിലാസവും ശാസ്ത്രജ്ഞന്റെ ശുഷ്കപരീക്ഷണമസ്തിഷ്കവും പുഷ്പിന്റെ കവിതാമുകുരം സ്വീകരിച്ചു കാണുന്ന ദീർഘദർശിത്വവും ഈ കതിർമാലയിൽഎണ്ണപ്പെട്ടുള്ള സുഗന്ധം പരത്തുന്നവയായിരിക്കുന്നു. ലോകത്തിൽവ്യാപരിക്കുന്ന അദൃശ്യകരത്തിൽ ആശങ്കകൊള്ളുന്ന കവി ആരാധകനായിതീന്നു, ശാശ്വതഗ്രത്തം ചെയ്തുകൊണ്ടു ഒരു പ്രാർത്ഥന സമർപ്പിക്കുന്നു. ആ പ്രാർത്ഥന കാവ്യഗുണംകൊണ്ടു മികച്ചതല്ലെങ്കിലും ആത്മാർത്ഥത അതിനെ നിറംപിടിപ്പിക്കുന്നു.

തടസ്സമററെൻസിരയിൽപ്രവീര്യ
(മായ്
സ്ഫുടപ്രഭംനീപ്രഹിച്ചീടണമേ
ഭടന്റെയോജസ്സൊടുജീവകാലമാ-
മടർക്കളത്തിൽപടവെട്ടിനിൽക്കു-
(വാൻ

എന്നു പ്രാർത്ഥിക്കുന്ന കവി, സമസ്തജന്തുക്കളെയും സഗർഭ്യരായിക്കാണുകയും സമസ്തത്തിനും തന്റെ ജീവിതം സൗഖ്യമായി തീരുവാൻ നേരുകയും ചെയ്യുന്നു. ആ നിലയ്ക്കു അദ്ദേഹത്തിനു ആരോടാണു പടവെട്ടേണ്ടതെന്നു നമുക്കു ചോദിച്ചുപോകാൻ തോന്നും. ജയജനിത്രി എന്ന കവിതാവിഭാഗം ഭവിക ഭരിത' സുലഭസുകൃത സുപ്രസന്ന കേരളത്തെ സംബന്ധിച്ചുള്ള കീർത്തനത്തെ സംബന്ധിച്ചുള്ള കീർത്തനമാലയാണു്. കേരളത്തിന്റെ പുറംമോടികളവലോകിച്ചുപോകുന്ന ഈ കവിത ശബ്ദാഡംബരത സ്വീകരിച്ചു കാണുന്നതു് ഉപപന്നമായിട്ടുണ്ടു്.

കലയുടെ ശാശ്വതതത്വങ്ങളായ സത്യവും സൗന്ദര്യവും പ്രകാശിപ്പിക്കുകയെന്ന മഹത്തായ സാഹിത്യധർമ്മത്തെ ആർദർശമായി വരിച്ചു് പ്രസാദസുഭഗമായ പ്രതിപാദനംവഴിക്കു അതിനെ പ്രകാശിപ്പിക്കുവാൻ തുടങ്ങിയിരിക്കുന്ന ഈ കവിക്കു അഭിശോഭനമായ ഭാവി വിദൂരവർത്തല്ലെന്നു അഭിജ്ഞന്മാർ അഭിനന്ദനപൂർവ്വം സമ്മതിക്കും.

സി. എം. പി.

—o—

## ഒന്നരലക്ഷം മോഷണംപോയി

മദ്രാസ്, ഒ. ൧൭—റത്തൻബസാറിലുള്ള "മെവാറ് ഹൗസി"ൽനിന്നു പണവും ആഭരണങ്ങളുമടക്കം ഒന്നരലക്ഷം രൂപയുടെ വക മോഷ്ടിക്കപ്പെട്ടിരിക്കുന്നു. ഉടമസ്ഥൻ കേവൽറാം ചെല്ലാറാം എന്ന ആളാണു്. പോലീസ് അന്വേഷണം ഊർജ്ജിതമായി നടക്കുന്നു. (ഏ. പി)

—o—

## മി: ഹാരോൾഡ് വിൽസൺ

—o—

### യുവാവായ ബ്രി. മന്ത്രി

—o—

(വിൻഡാം മൂറേ)

ബ്രിട്ടീഷുമന്ത്രിസഭയിൽ ഈയിടെയുണ്ടായ മാററങ്ങളിൽ സുപ്രധാനമായ ഒന്നു ബോർഡു് അഫ് ട്രേഡ് പ്രസിഡന്റായിരുന്ന സർസ്റ്റാഫോർഡ് ക്രിപ്സിന്റെ സ്ഥാനത്തു ൩൧ വയസ്സുമാത്രം പ്രായമുള്ള സാമ്പത്തികശാസ്ത്രജ്ഞനും സിവിൽസർവ്വീസുദ്യോഗസ്ഥനുമായ മി: ഹാരോൾഡു വിൽസനെ നിയമിച്ചതാണു്. ബ്രിട്ടീഷുമന്ത്രിസഭയിലെ ഏററവും പ്രായംകുറഞ്ഞ മന്ത്രിയാണു മി: വിൽസൺ എന്നുതന്നെയല്ല, ഇത്ര ഉത്തരവാദിത്വമുള്ള ഒരു സ്ഥാനത്തു നിയമിക്കപ്പെട്ടിട്ടുള്ളതിൽ ഏററവും പ്രായംകുറഞ്ഞ ഉദ്യോഗസ്ഥന്മാരിൽ ഒരാളുമാണദ്ദേഹം. ൨൩-ാമത്തെ വയസ്സിൽ ചാൻസലറും ൨൪-ൽ പ്രധാനമന്ത്രിയുമായ വില്യം പിററ് കഴിഞ്ഞാൽ ഇത്ര പ്രായം കുറഞ്ഞ മന്ത്രിമാർ ബ്രിട്ടനിൽ ഉണ്ടായിരുന്നതായി ഓർക്കുന്നില്ല. വിൻസ്റ്റൻചർച്ചിൽ മുപ്പത്തിനാലാമത്തെവയസ്സിലും ഗ്ലാഡ്സ്റ്റൺ ൩൩-ലും ബോർഡ് അഫ് ട്രേഡിന്റെ പ്രസിഡന്റുദ്യോഗത്തിൽ പ്രവേശിച്ചതായി ഓർക്കുന്നു.

ഹാരോൾഡ്വിൽസൺ പ്രാഥമികവിദ്യാഭ്യാസനംകഴിഞ്ഞു ഓക്സ്ഫോർഡിൽ ജീസസ് കാളേജിൽ പ്രവേശിച്ചു. പ്രശസ്തമായ ഒരു വിദ്യാലയജീവിതമായിരുന്നു അദ്ദേഹത്തിന്റേതു്. തന്റെ ൨൧-ാമത്തെ വയസ്സിൽ വിൽസൺ ഒരു "ഡോണും" അടുത്തകൊല്ലം യൂണിവേഴ്സിററി കാളേജിലെ ഫെലോയും ആയിതീൎന്നു.

യുദ്ധാരംഭത്തിൽ മി: വിൽസൺ ഉദ്യോഗത്തിൽ പ്രവേശിച്ചു. ൧൯൪൩ ആയപ്പോഴേക്കും ഇന്ധനവകുപ്പിലെ ഡയറക്ടർ അഫ് എക്കണോമിക്സ് (സാമ്പത്തികശാസ്ത്രം) ആൻഡ് സ്റ്ററിസ്റ്റിക്സ് (സ്ഥിതിവിവരക്കണക്കുകൾ) എന്ന ഉന്നതസ്ഥാനത്തു നിയമിതനായി. ൧൯൪൫-ൽ അദ്ദേഹം പാർലമെന്റ അംഗമാകുകയും താമസിയാതെ മിനിസ്ട്രി അഫ് വർക്സിൽ പാർലമെന്ററി സെക്രട്ടറിഉദ്യോഗം അദ്ദേഹത്തിനു നൽകപ്പെടുകയും ചെയ്തു.

ആറുമാസത്തിനു മുമ്പു മി: വിൽസൺ ഓവർസീസ് ട്രേഡ് (സമുദ്രാന്തരവാണിജ്യം) സെക്രട്ടറിയായി നിയമിതനായി. ഇംഗ്ലണ്ടും സോവ്യററഷ്യയുമായി ഒരു വാണിജ്യഉടമ്പടിയെപ്പററി ആലോചന നടത്തുന്നതിനു നിയുക്തമായ പ്രതിനിധിസംഘത്തിന്റെ നേതാവായി അദ്ദേഹം താമസിക്കാതെതന്നെ നിയമിക്കപ്പെട്ടു. മി: വിൽസന്റെ യുവപ്രായം റഷ്യാക്കാരെ വിസ്മയിപ്പിച്ചു. മി: വിൽസൺ അവരോടു പറഞ്ഞതു ബ്രിട്ടീഷുമന്ത്രിസഭയിൽനിന്നും ഒരു ഫുട്ബാൾ ടീമിനു വേണ്ട അംഗങ്ങളെ, തന്റെ റഷ്യൻമന്ത്രി സഭാംഗങ്ങളടങ്ങിയ ഒരു ടീമിനോടു കളിക്കാൻ കൊണ്ടുവന്നുകൊള്ളാമെന്നാണു. മി: വിൽസന്റെ വാഗ്ദാനം റഷ്യൻ മന്ത്രിമാർ സ്വീകരിക്കുകയുണ്ടായില്ല.

ഇത്തരത്തിലുള്ള ഒരു യുവാവു ബ്രിട്ടന്റെ വ്യവസായത്തെയും വാണിജ്യത്തെയും സംയോജിപ്പിച്ചു നിയന്ത്രിക്കുന്നതിനുള്ളപ്പോൾ രാജ്യത്തിനു പ്രസ്തുതതുറകളിൽ മഹത്തായ സംഭവവികാസങ്ങൾ പ്രതീക്ഷിക്കുന്നതിനവകാശമുണ്ടു്. യാഥാർത്ഥ്യം നിരതനായ ഹാരോൾഡുവിൽസൺ സർസ്റ്റാഫോർഡു ക്രിപ്സിന്റെ കയററുമതി വർദ്ധിപ്പിക്കാനുള്ള പദ്ധതിയിൽ അദ്ദേഹത്തോടു സഹകരിച്ചു പ്രവർത്തിച്ചുവന്ന ആളാണു്.

—o—

മദ്രാസ്, ഒ: ൧൭—ഹരിജനങ്ങളുടെ കൂട്ടത്തിൽനിന്നും നിയമപരീക്ഷ പാസ്സായി അഭിഭാഷകവൃത്തി തുടരണമെന്നുള്ളവർ ൫൦ രൂപാ ഫീസ് അടച്ചു സനതു വാങ്ങേണ്ടതില്ലെന്നും അവർ സൌജന്യമായി പ്രാക്ടീസ്ചെയ്തുകൊള്ളാമെന്നും ഗവൺമെന്റ അവർക്കു അനുമതി നൽകിയിരിക്കുന്നു. (കേരളപ്രസ്സ്)

—o—

# സ്വധർമ്മം ഭംഗിയായി നിർവഹിക്കുക

## അതിൽനിന്ന് അമൂല്യമായ അവകാശങ്ങൾ തനിയെ ലഭിച്ചുകൊള്ളുമെന്ന് ഗാന്ധിജി

ലേക്‌സക്സസ് ഒ: ൧൬—ഇന്നു പ്രസിദ്ധംചെയ്ത ഐക്യരാഷ്ട്രസംഘടനയുടെ പ്രതിവാരബുള്ളറ്റിനിൽ 'മനുഷ്യന്റെ അവകാശങ്ങളെപ്പറ്റിയുള്ള' ഗാന്ധിജിയുടെ അഭിപ്രായം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. അദ്ദേഹം ഇങ്ങിനെ പറയുന്നു.

'അർഹിക്കുകയും കാത്തു സംരക്ഷിക്കുകയും ചെയ്യേണ്ട എല്ലാം അവകാശങ്ങളും ഭംഗിയായ ധർമ്മാനുഷ്ഠാനത്തിൽനിന്നു ജനമെടുക്കുന്നു' എന്ന് അക്ഷരാഭ്യാസം ഇല്ലാത്തവരെങ്കിലും വിവേകിയായ എന്റെ അമ്മയിൽനിന്നു ഞാൻ പഠിച്ചു."

വിദ്യാഭ്യാസം, സാമുദായികം സാംസ്കാരികം എന്നീ കാര്യങ്ങൾക്കായുള്ള യൂണെസ്കോ എന്ന ഐക്യരാഷ്ട്രസംഘടനയിൽനിന്നും ചിന്തകന്മാരും തത്വവേദികളും ആയിട്ടുള്ള ലോകത്തിലെ മഹാന്മാരോട് തങ്ങളുടെ അഭിപ്രായങ്ങളും ചിന്തകളും അറിയിക്കുവാൻവേണ്ടി അയച്ചിരുന്ന അപേക്ഷകൾക്ക് കിട്ടിയ നൂറു ഉത്തരങ്ങളിലൊന്നാണ് ഗാന്ധിജിയുടെ പ്രസ്താവന.

ഇങ്ങിനെ കിട്ടുന്ന ഉത്തരങ്ങളെ അടിസ്ഥാനമാക്കി ഒരു റിപ്പോർട്ടു തയ്യാർചെയ്യപ്പെടുന്നതും അതു അടുത്ത ഡിസംബറിൽ ജനീവയിൽ സമ്മേളിക്കുന്ന ഐക്യരാഷ്ട്രസംഘടനയുടെ മനുഷ്യാവകാശ കമ്മിഷന്റെ പരിചിന്തനത്തിനു സമർപ്പിക്കുന്നതുമാണ്.

യൂണെസ്കോയുടെ ജനറൽ സെക്രട്ടറിയായ ജൂലിയൻ ഹക്സ്‌ലിയുടെ പേർക്ക് ഗാന്ധിജി അയച്ചിട്ടുള്ള ഈ കത്ത് ബുള്ളറ്റിനിൽ പ്രാമുഖ്യം നൽകി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

മഹാത്മാഗാന്ധി ഇങ്ങിനെ തുടരുന്നു, "വിശ്വപൗരൻ എന്ന നിലയിൽ നമ്മുടെ ധർമ്മം നാം നിർവഹിക്കുന്നെങ്കിൽ മാത്രമേ ജീവിക്കുവാനുള്ള അർഹതതന്നെ നമുക്കു ലഭിക്കുന്നുള്ളു. സുപ്രധാനമായ ഈ പ്രസ്താവനയിൽനിന്നും സ്ത്രീപുരുഷന്മാരുടെ ചുമതലകൾ എളുപ്പം നിർണ്ണയിക്കുവാനും പ്രഥമമായ അവകാശങ്ങൾക്കുവേണ്ടി നിർവഹിക്കേണ്ട ചുമതലകൾ ഏതെല്ലാമെന്ന് തീർച്ചപ്പെടുത്താവുന്നതുമാണ്. മറ്റുള്ള എല്ലാ അവകാശങ്ങളും ഒരു അപഹരണമാണെന്നു തെളിയിക്കുവാൻ വിഷമമില്ല. അവ യാതൊരു ശ്രദ്ധയും അർഹിക്കുന്നുമില്ല." (റായിട്ടർ)

## മാങ്ക്‌റോൾ പാകിസ്ഥാനിൽ ചേർന്നതിന്റെ രഹസ്യം

—o—

### തോക്കുകാട്ടി ഭയപ്പെടുത്തി കരാറിൽ ഒപ്പിടുവിച്ചു

ന്യൂഡെൽഹി; ഒക്ടോബർ ൧൮—ജുനഗഡിനോടു തൊട്ടുകിടക്കുന്ന മാങ്ക്‌റോൾ ആദ്യം ഇന്ത്യൻ ഡൊമിനിയനിലും പിന്നീട് പാകിസ്ഥാൻ ഡൊമിനിയനിലും ചേർന്നതു രസകരമായൊരു കഥയാണ്.

ഇന്ത്യൻ നാട്ടുരാജ്യവകുപ്പിന്റെ സെക്രട്ടറി മി. വി. പി. മേനോൻ ഇയ്യിടെ ജുനഗഡ് സന്ദർശിച്ച അവസരത്തിൽ മാങ്ക്‌റോളിലെ ഷെയ്ക്ക് അദ്ദേഹത്തെ ചെന്നുകാണുകയും ഇന്ത്യൻ ഡൊമിനിയനിൽ ചേർന്നുകൊണ്ടുള്ള ഒരു കരാറിൽ ഒപ്പുവെക്കുകയും ഉണ്ടായി. തന്നെ ജുനഗഡിന്റെ ഒരു കീഴ്ക്കോയ്മയായി കരുതരുതെന്നും ഒരു സ്വതന്ത്ര ഭരണാധികാരിയെന്ന നിലയ്ക്കാണ് താൻ യൂണിയനിൽ ചേരുന്നതെന്നും ഷെയ്ക്ക് അറിയിച്ചു. കരാർപ്രകാരം താൻ ജുനഗഡിന്റെ കീഴ്ക്കോയ്മയാണെങ്കിലും ബ്രിട്ടീഷ് ഗവൺമെണ്ടും നാട്ടുരാജ്യങ്ങളും തമ്മിലുള്ള കരാറുകളോടൊപ്പം ആ കരാറും ദുർബ്ബലപ്പെട്ടിരിക്കുന്നുവെന്നും അതിനാൽ താൻ ഇപ്പോൾ സ്വതന്ത്രനാണെന്നുംകൂടി ഷെയ്ക്ക് പറഞ്ഞു. അതനുസരിച്ച് അദ്ദേഹത്തിനു ഉറപ്പു കൊടുക്കാതെ കരാറിൽ ഒപ്പുവെയ്ക്കുകയും ചെയ്തതിനു ശേഷം മി. വി. പി. മേനോൻ ബോംബെക്കു പുറപ്പെട്ടു. എന്നാൽ ഇന്ത്യൻ യൂണിയനുമായുള്ള കരാറിൽ ഒപ്പിട്ടു ഒരു മണിക്കൂറിനുള്ളിൽ (മി: മേനോൻ അപ്പോഴേക്കു സ്ഥലം വിട്ടുകഴിഞ്ഞിരുന്നു) ഷെയ്ക്ക് തോക്കുകളാൽ വളയപ്പെട്ടു. അദ്ദേഹം ജുനഗഡ് പട്ടാളത്തിന്റെ കൈയിൽ ഒരു തടവുകാരനായി. പാകിസ്ഥാനുമായി ഒരു കരാറിൽ ഏർപ്പെടുവാനും തന്റെ ആദ്യത്തെ തീരുമാനം ദുർബ്ബലപ്പെടുത്തിക്കൊണ്ടു ഇന്ത്യൻ നാട്ടുരാജ്യവകുപ്പിലേക്കുള്ള ഒരു കമ്പിയിൽ ഒപ്പുവെക്കുവാനും അദ്ദേഹം നിർബന്ധിക്കപ്പെട്ടു. മാങ്ക്‌റോൾ ഇന്ത്യൻ യൂണിയനിൽ ചേർന്നതു സാധുവല്ലെന്നാണ് ഇപ്പോൾ പാകിസ്ഥാന്റെ വാദം.

അതേസമയം, ചെറുനാട്ടുരാജ്യങ്ങളടങ്ങിയ ബാബറിയവാഡ് സ്റ്റേറ്റുസംബന്ധിച്ചു പാകിസ്ഥാൻ ഇതേവാദംതന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. കഴിഞ്ഞ ഏതാനും ആഴ്ചകളായി സമുദായലഹളകൾ അവിടവിടെ തലപൊക്കിത്തുടങ്ങിയിരിക്കുന്നു. ഇതിന്റെ ഫലമായി ഇന്ത്യാഗവൺമെണ്ട് ഒരു കരുതൽനടപടി എന്ന നിലയിൽ ബാബറിയവാഡിനടുത്തുള്ള ഒദാൻ എന്ന സ്ഥലത്തേക്കു ഒരു ചെറുസൈന്യത്തെ അയച്ചിട്ടുണ്ട്. "ഈ വമ്പിച്ച സൈന്യനീക്കം" ഒരു പാകിസ്ഥാൻ ശക്തിയായി ആക്ഷേപിച്ചിട്ടുമുണ്ട്.

ഇതൊക്കെയാണെങ്കിലും ഇന്ത്യാഗവൺമെണ്ട് ഇപ്പോഴും ജുനഗഡിലേക്കു ഭക്ഷണം അയച്ചുകൊണ്ടിരിക്കുന്നുണ്ട്. പാകിസ്ഥാനിലെ ഗതാഗതസൗകര്യങ്ങൾ ഇപ്പോഴും ഇന്ത്യാഗവൺമെണ്ടിന്റെ നിയന്ത്രണത്തിലാണുള്ളത്. ജുനഗഡിലെ ഗതാഗതസൗകര്യങ്ങൾ ഏറ്റെടുക്കാനായൊരിക്കണം, പാകിസ്ഥാൻ കമ്മ്യൂണിക്കേഷൻസ് മെമ്പർ സർദാർ അബ്ദുർ റബ്ബ് നിഷ്തർ ഇന്നു ഇവിടെ എത്തുന്നതു്.

ജുനഗഡിലെ ഹിതപരിശോധനക്കാര്യം അനിശ്ചിതമായിത്തന്നെയിരിക്കുന്നു. പാകിസ്ഥാനിൽനിന്നു ഇതുസംബന്ധിച്ചു ഇനിയും വ്യക്തമായ മറുപടി കിട്ടിയിട്ടില്ല. രണ്ടു ഡൊമിനിയനുകളും തമ്മിൽ ഒരു സംഘട്ടനത്തിനു വഴിവെച്ചേക്കാവുന്ന യാതൊരു നടപടിയും എടുക്കാതെ കഴിക്കണമെന്നാണ് ഇന്ത്യാഗവൺമെണ്ടിന്റെ ആഗ്രഹം. ഹിതപരിശോധനക്കാര്യം രാജാവും ജനങ്ങളുംമാത്രം നിശ്ചയിക്കേണ്ട ഒരു കാര്യമാണെന്ന നിലയാണു ഇന്ത്യാഗവൺമെണ്ടു ഇതേവരെ എടുത്തിരുന്നതു്.

—o—

# കൊച്ചി നിയമസഭ

—o—

## ഗാന്ധിജിയുടെ ഛായാപടം സഭ സ്വീകരിച്ചു

എറണാകുളം അക്‌ടോ: ൧൭—കൊച്ചീനിയമസഭയുടെ സമ്മേളനം ഇന്നവസാനിക്കുകയുണ്ടായി. തൃശ്ശൂരിലെ ഒരു ചിത്രകാരനായ മി: വിശ്വനാഥയ്യർ സമ്മാനിച്ച മഹാത്മജിയുടെ ഒരു ഛായാപടം സഭ ഇന്നു സ്വീകരിക്കുകയുണ്ടായി. ആ സംഭാവന സ്വീകരിക്കുവാൻ സഭയോടപേക്ഷിച്ചുകൊണ്ടുള്ള പ്രമേയം പ്രധാനമന്ത്രി മി: പി. ഗോവിന്ദമേനോനാണ് അവതരിപ്പിച്ചതു്. ഒരു മുസ്ലീംഅംഗം ഉൾപ്പെടെ അനേകം മെമ്പർമാർ ഗാന്ധിജിയെ അഭിവാദനംചെയ്തുകൊണ്ട് പ്രമേയത്തെപ്പറ്റിയുള്ള ചർച്ചയിൽ പങ്കെടുത്തു. പ്രമേയം പാസാക്കപ്പെട്ടു.

### പ്രാഥമികവിദ്യാഭ്യാസം

നിർബന്ധിതപ്രാഥമിക സൗജന്യവിദ്യാഭ്യാസം നൽകുവാനാവശ്യപ്പെട്ടുകൊണ്ടുള്ള ഒരു അനൗദ്യോഗികബില്ലു സഭ അംഗീകരിച്ചു.

കൗൺസിൽമന്ദിരത്തിനു മുൻപിൽവെച്ചു പോലീസ് അണി ഭേദിച്ചു മന്ദിരത്തിൽ കടക്കുവാൻ ശ്രമിച്ച ഏതാനും ആളുകളെ പോലീസ് ഇന്നു ചൂരൽകൊണ്ടു പ്രഹരിച്ചിരിക്കുന്നു. ശരിയായ മുന്നറിയിപ്പു നൽകിയതിനുശേഷമാണ് ഈ പ്രയോഗം നടത്തിയതു്. രണ്ടു കാൺസ്റ്റബിൾമാരുൾപ്പെടെ അരഡസൻ ആളുകൾക്കു മുറിവു പറ്റുകയും അവരെ ആശുപത്രിയിലേയ്ക്കു മാറ്റുകയും ചെയ്തു. പോലീസിനെ ഒരു വിഭാഗമാളുകൾ ആക്രമിച്ചതായും കല്ലെറിഞ്ഞതായും പറയപ്പെടുന്നു. (എം. പി)

## ഇന്ദിരാഗാന്ധി ലക്‌നൗവിൽ

ലക്‌നൗ, അക്‌ടോ: ൧൮—ഇന്ദിരാ ഗാന്ധിയും പണ്ഡിതജിയുടെ സെക്രട്ടറി ഉപാദ്ധ്യായയുമൊരുമിച്ച് ഇന്നു രാവിലെ ഡെൽഹിയിൽനിന്നും വിമാനമാർഗ്ഗം ലക്‌നൗവിലെത്തിയിരിക്കുന്നു. ഇന്ത്യാഗവൺമെന്റു കമ്മ്യൂണിക്കേഷൻ മന്ത്രി മി. റാഫി അഹമ്മദ് കിദ്വായി അതേവിമാനത്തിൽതന്നെ സഞ്ചരിച്ചിരുന്നു. (എ-പി)

## അഡിസൻപ്രഭു ഗാന്ധിജിയെ കണ്ടു

ന്യൂഡെൽഹി, ഒ: ൧൮—ലാർഡ് പ്രിവിസീലും കാമൺവെൽത്തു് റിലേഷൻസ് മന്ത്രിയുമായ അഡിസൻപ്രഭുവും പത്നിയും ഇന്നു രാവിലെ മഹാത്മാഗാന്ധിയെ സന്ദർശിക്കുകയുണ്ടായി. അഡിസൻപ്രഭു ഒരു മണിക്കൂർനേരം അദ്ദേഹവുമായി സംഭാഷണം നടത്തി. രാജ്യത്തെ ഇപ്പോഴത്തെ സ്ഥിതിഗതികളെപ്പറ്റിയായിരുന്നു സംഭാഷണമെന്നറിയുന്നു.

### ഗാന്ധിജിയുടെ പ്രതിസന്ദർശനം

പിന്നീട് ഗാന്ധിജി ഗവ: മന്ദിരത്തിൽ താമസിക്കുന്ന അഡിസൻപ്രഭുവും പത്നിയുമായി ഒരു പ്രതി സന്ദർശനം നടത്തുകയുണ്ടായി.

# ഇന്ത്യയിലെ മുസ്‌ലിംലീഗ്

## രാഷ്ട്രീയ സംഘടനയായി വർത്തിക്കാൻ അതിനു സാധിക്കയില്ല

### മി. ഹുസയിൻ ഭായിലാൽജിയുടെ പ്രസ്താവന

ബോംബെ, ഒ: ൧൬—അഖിലകക്ഷിഷിയാസമ്മേളനാദ്ധ്യക്ഷനായ മി. ഹുസയിൻഭായിലാൽജി ഒരു പ്രസ്സ് കാൺഫറൻസിൽവെച്ചു പ്രസ്താവിച്ചതു് ഇന്ത്യയിലെ മുസ്‌ലിംലീഗിന് പാകിസ്ഥാനെന്ന ഒരു വിഭിന്നസ്റ്റേറ്റിനോടു ഭക്തിപ്രകടനംചെയ്തുകൊണ്ടു ഒരു രാഷ്ട്രീയസംഘടനയായി വർത്തിക്കുവാൻ സാധിക്കുന്നതല്ലെന്നും അതിന് ഒരു സാമൂഹ്യവും മതപരവുമായ സംഘടനയായിട്ടുമാത്രമേ വർത്തിക്കുവാൻ സാധിക്കുകയുള്ളുവെന്നുമാണ്. അദ്ദേഹം ഇപ്രകാരം തുടർന്നു:—ഏതെങ്കിലും സംഘടനയ്ക്കോ കക്ഷിയ്ക്കോ ഈ രാജ്യത്തു പ്രവർത്തനം നടത്തുവാനായി മറ്റൊരു രാജ്യത്തിന്റെ മാർഗ്ഗദർശനം തേടൽ ആത്മാർത്ഥതയോടു പരസ്പരവിരുദ്ധമായിരിക്കും. (എ. പി)

—o—

# എലക്‌ടറൽ റോൾ

—o—

## നടപടിക്രമത്തെപ്പറ്റി പ്രസ്സ്നോട്ട്

തിരു, ഒ: ൧൮—ചുരുങ്ങിയ കാലത്തിനുള്ളിൽ എലക്‌ടറൽ റോൾ (സമ്മതിദായകന്മാരുടെ ലിസ്റ്റ്) അച്ചടിച്ചു പ്രസിദ്ധപ്പെടുത്തേണ്ടതിനു മുൻപ് ചെയ്തുതീർക്കേണ്ട ധാരാളം ജോലികളുള്ളതുകൊണ്ട് പ്രാരംഭസമ്മതിദായകലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുന്നതിലേക്കായി താഴെ കാണുന്ന നടപടിക്രമങ്ങൾ കൈക്കൊള്ളുന്നതാണെന്ന് ഒരു പ്രസ്സ്നോട്ടിൽ പറയുന്നു.

൧. നിയോജകമണ്ഡലങ്ങളിൽ ഉൾപ്പെട്ട മുഴുവൻ പകുതിയിലെ വോട്ടർമാരുടെ പേരുവിവരത്തിന്റെ ഒരു കയ്യെഴുത്തുപ്രതി (മാനുസ്ക്രിപ്റ്റ്) പകുതിക്കച്ചേരിയിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ൨) ഓരോ പോളിംഗ് സ്ഥലത്തെയും സമ്മതിദായകന്മാരുടെ ലിസ്റ്റ് പോളിംഗ് സ്റ്റേഷനായി തിരഞ്ഞെടുക്കപ്പെടുന്ന കെട്ടിടത്തിൽ പ്രസിദ്ധീകരിച്ചിരിക്കും. ൩) രജിസ്ട്രേഷൻ ആഫീസിലും ഒരു പ്രതി പ്രസിദ്ധപ്പെടുത്തുന്നതാണ്. ൪) സമ്മതിദായകരുടെ ലിസ്റ്റ് വില്പനയ്ക്കു കൊടുക്കുന്നതല്ല. ൫) അവകാശങ്ങളും ആക്ഷേപങ്ങളും ലഭിക്കുന്നയുടൻ റിവൈസിംഗ് അതോറിട്ടി പരിശോധനനടത്തുന്നതും അവിടെവെച്ചു ചെയ്യുന്ന ഏതെങ്കിലും ഭേദഗതികളോ കൂട്ടിച്ചേർക്കലോ അവസാനലിസ്റ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതുമാണ്. അവസാനലിസ്റ്റ് വില്പനയ്ക്കു ലഭിക്കുന്നതാണ്. —എം. പി.

—o—

## മി: വൈദ്യനാഥയ്യർ രാജി പിൻവലിച്ചു

മദ്രാസ്, ഒ: ൧൭—മി: എ. വൈദ്യനാഥയ്യർ ലെജിസ്ലേറ്റിവ് അസംബ്ലിയിലും കാൺഗ്രസ്സ് നിയമസഭാകക്ഷിയിലുംനിന്നുള്ള രാജികൾ പിൻവലിച്ചിരിക്കുന്നു. അദ്ദേഹം ഇന്നു അസംബ്ലിസമ്മേളനത്തിൽ സംബന്ധിച്ചു. മി: സി. രാജഗോപാലാചാരി എട്ടയപുരം സന്ദർശിച്ച അവസരത്തിൽ അദ്ദേഹവുമായി നടന്ന കൂടിയാലോചനകളുടെ ഫലമായിട്ടാണ് മി. വൈദ്യനാഥയ്യർ കൂടുതൽ കുഴപ്പങ്ങളൊഴിവാക്കുവാൻ രാജി പിൻവലിച്ചതെന്നറിയുന്നു.

—o—

# റിഫോംസ് കമ്മിററി

ഇൻഡ്യൻ എക്സ്പ്രസ്സിന്റെ തിരുവനന്തപുരം ലേഖകൻ അക്‌ടോബർ ൧൮-ാം തീയതിയിലെ പത്രത്തിൽ ഇപ്രകാരം റിപ്പോർട്ടു ചെയ്യുന്നു.—

ടി ട്രാവൻകൂർ കാൺസ്റ്റിറ്റ്യുവൻറ് അസംബ്ലിറിഫോംസ് കമ്മിററി കഴിഞ്ഞ കുറെ ദിവസത്തെ തുടർച്ചയായുള്ള ചർച്ചയായുള്ള തുടർച്ചകൾക്കുശേഷം അക്‌ടോബർ ൨൭-ാം തീയതി വീണ്ടും കൂടാനായി അക്‌ടോബർ ൧൭-ാം തീയതി പിരിഞ്ഞിരിക്കുന്നു. കമ്മിററി അതിന്റെ ജോലിയുടെ ഗണ്യമായ ഒരു ഭാഗം തീർത്തിട്ടുണ്ടെന്നും, നിയോജകമണ്ഡലങ്ങൾ നിർണ്ണയിക്കുക മാത്രമാണ് ശേഷിച്ചിട്ടുള്ള ജോലിയെന്നും അറിയുന്നു. കാൺസ്റ്റിറ്റ്യുവൻറ് അസംബ്ലിയിലുണ്ടായിരിക്കേണ്ട അംഗങ്ങളുടെ എണ്ണം, വോട്ടിംഗ്‌രീതി, സംവരണം അനുവദിക്കേണ്ട സമുദായങ്ങൾ മുതലായവയെ സംബന്ധിച്ചു കമ്മിററി തീരുമാനങ്ങൾ ചെയ്തുകഴിഞ്ഞിരിക്കുന്നു. ആകെ അംഗങ്ങളുടെ എണ്ണം ൧൦൦-ആയിരിക്കുമെന്നറിയുന്നു. ൧൯൪൮-ജനുവരി ഒന്നാംതീയതിതന്നെ കാൺസ്റ്റിറ്റ്യുവൻറ് അസംബ്ലി കൂടത്തക്കവിധം തെരഞ്ഞെടുപ്പു നേരത്തെ നടത്തുന്നതിലേക്കായി നവംബറിൽ ജോലി പൂർത്തിയാക്കാമെന്നു കമ്മിററികരുതുന്നു.

—o—

# യൂറോപ്പിലേക്കുമാത്രം നോക്കിയാൽപോരാ

## ഏഷ്യൻപ്രശ്നങ്ങളും അമേരിക്കയുടെ ശ്രദ്ധയിൽപ്പെടണമെന്നു് ശ്രീ: വിജയലക്ഷ്മി

ന്യൂയാർക്ക്, അ: ൧൮—ശ്രീമതി വിജയലക്ഷ്മി, അമേരിക്കയിലെ ഇന്ത്യൻ അംബാസഡർ, ഇന്നു് അവക്കു് അമേരിക്കയിലെ "വിദേശനയകാര്യാലോചനാസംഘം" കൊടുത്ത ഒരു സ്വീകരണവേളയിൽ ഇങ്ങനെ പ്രസംഗിച്ചു. "യൂറോപ്പിനെ അഭിമുഖീകരിക്കുന്ന അടിയന്തിരപ്രശ്നങ്ങളിൽ അമേരിക്കയുടെ ശ്രദ്ധ പ്രധാനമായും കേന്ദ്രീകൃതമായതു് ന്യായംതന്നെയാണു്. എന്നാൽ ഏഷ്യൻപ്രശ്നങ്ങളും അവയുടെ അടിയന്തിരനില പര്യാലോചിക്കുമ്പോൾ ഒട്ടും താഴ്ന്നപടിയിലല്ലെന്നു് നാം മറന്നുകൂടാ. ലോകത്തിലെങ്ങുമുള്ള സാമ്പത്തികനില കാരണവും, ഭക്ഷ്യക്ഷാമകാരണവുമുള്ള കഷ്ടപ്പാടുകൾമൂലം ഉണ്ടായ അടിയന്തിരപ്രശ്നങ്ങൾക്കും, സാമ്രാജ്യശക്തികളും നാട്ടുകാരും തമ്മിലുളവായ സമരങ്ങൾക്കും പുറമേ, ഏഷ്യൻജനതകളുടെ സ്വാതന്ത്ര്യകാമനമാണു് ഏറ്റവും പ്രധാനമായി സ്വാധികക്കണ്ടതെന്ന അടിയന്തിരപ്രശ്നം നമ്മെ അഭിമുഖീകരിക്കുന്നു. ഈ പ്രശ്നത്തിനു് ഒരു പരിഹാരമുണ്ടാകുന്നതുവരെ, ലോകത്തിലെങ്ങുമുള്ള സാമ്പത്തികനില സുരക്ഷിതമാകുകയില്ല.

ഈ വിസ്തീർണ്ണമായ ഭൂവിഭാഗങ്ങളും സാമ്പത്തികവികസനത്തെ നമ്മൾ ഓർക്കുമ്പോൾ, നിലനിൽക്കുന്നതു ലോകത്തിന്റെ ക്ഷേമത്തിനു നല്ലതല്ല. വ്യക്തിവികാസത്തിനാവശ്യമെന്നു് ലോകത്തിൽ മററു പ്രദേശങ്ങൾ സമ്മതിച്ചുകൊടുത്തിട്ടുള്ള ആ സാർവ്വത്രികനിലവാരത്തിലും താണ ഒരു ജീവിതം നിലനിൽക്കുകയാണ്. ചരിത്രപരമായ കാരണങ്ങളാൽ അമേരിക്ക ഈ പ്രശ്നത്തിനു് അതർഹിക്കുന്ന ശ്രദ്ധ ഇതുവരെ കൊടുത്തിട്ടില്ല. ഈ പ്രജായത്തരാഷ്ട്രത്തിലെ അതിന്റെ നേതാക്കൾക്കും ഏഷ്യയേയും പ്രത്യേകമായി ഇന്ത്യയേയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വേണ്ടപോലെ മനസ്സിലാക്കാൻ കഴിവുള്ള പരിതസ്ഥിതി ഉണ്ടെന്നും അവകാശപ്പെടാനും നിവൃത്തിയില്ല.

അമേരിക്കയെ അഭിമുഖീകരിക്കുന്ന ഏററവും അടിയന്തിരമായ ഒരു പ്രശ്നം അമേരിക്കയുടെ ധാർമ്മികലോകനേതൃത്വം വേണ്ടപോലെ പ്രവർത്തനത്തിൽ വരുത്താൻ അമേരിക്കക്കുദ്ദേശമുണ്ടെങ്കിൽ ഏഷ്യൻജനതകളുടെ, സമുദായികസ്ഥിതികൾ, ചരിത്രം, രാഷ്ട്രീയവികസനം മുതലായ കാര്യങ്ങളെക്കുറിച്ചു കൂടുതൽ മനസ്സിലാക്കാൻ ശ്രമിക്കുകയാണെന്നു് എനിക്കു തോന്നുന്നു. ലോകകാര്യങ്ങളിൽ മേലാൽ കൂടുതൽ പങ്കെടുക്കേണ്ടിയിരിക്കും. സ്വാതന്ത്ര്യം പ്രജായത്തസമ്പ്രദായത്തിലും ഉള്ള ഏഷ്യയുടെ വളർച്ച അതിവേഗം ഉണ്ടാകുകയാണു് അമേരിക്കയുടെയും ഇന്ത്യയുടെയും ആദർശമായിരിക്കേണ്ടതു്, ഇതിനുവേണ്ടി നമുക്കു പൂർണ്ണമായും പരസ്പരപ്രയോജനകരമായും സഹകരിച്ചു പ്രവർത്തിക്കുവാൻ കഴിയും. ഇന്ത്യൻ സ്വാതന്ത്ര്യം ഒരു നീണ്ടയുദ്ധത്തിനുശേഷമല്ല ഉണ്ടായതെങ്കിൽ ഭരണപരമായ ഇന്ത്യയിലെ ഇന്നത്തെ വിഷമതകൾ കൂടാതെ കഴിയുമായിരുന്നു. ഇന്നു ഞങ്ങളെ അഭിമുഖീകരിച്ചു് അടുത്തുനില്ക്കുന്നതു് ക്ഷാമംമാത്രമല്ല, ഉടനടി പരിഹാരം കണ്ടുപിടിക്കാൻകഴിയുമെന്നു് ഇന്ത്യൻഗവൺമെൻറിനു് ഒരു ഗൗരവമേറിയ പ്രശ്നങ്ങളും പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന അനവധി സമുദായികസാമ്പത്തികപ്രശ്നങ്ങളുമുണ്ടു്. അവരുടെ ക്ഷമകേടു് നമുക്കു മനസ്സിലാക്കാൻ സാധ്യമാണു്. എന്നാൽ ആ ക്ഷമകേടു് രണ്ടുമാസംമുമ്പു മാത്രം അധികാരമേററെടുത്ത ഇന്ത്യൻഗവൺമെൻറിനു് ഒരു ഗൗരവമേറിയ പ്രശ്നമായിട്ടാണു തീർന്നിരിക്കുന്നതു്.

(റായിട്ടർ)

—०—

## നിരോധനം നീക്കംചെയ്യുന്നു

ന്യൂഡെൽഹി അ: ൧൮—൧൯൪൭ ഒക്ടോബർ ൧൮-ാംനു- മുതൽ കശ്മീരിന്റെ കയററുമതി നിരോധനം ഇന്ത്യാഗവൺമെൻറു് നീക്കം ചെയ്തിരിക്കുന്നു.

(ഏ-പി)

—०—

## സൈന്യം സർവ്വരുടേയും ഭൃത്യന്മാർ

—०—

### കമാൻഡർ ഇൻചീഫിന്റെ പ്രഖ്യാപനം

ന്യൂഡെൽഹി: അ: ൧൮—സായുധസേനയിലെ അംഗങ്ങൾ ഭൃത്യന്മാരാകുന്നു. രാജ്യത്തേയും, ഗവൺമെൻറിനേയും, മേലുദ്യോഗസ്ഥന്മാരേയും, സമന്മാരേയും, കീഴിലുള്ളവരേയും സേവിക്കേണ്ടതു് നമ്മുടെ ധർമ്മമാകുന്നു. സിവിലിയനോ, സായുധരോ ആയ സകലരേയും സംബന്ധിച്ചു് ഈ സംഗതി വാസ്തവമാകുന്നു. അതിനാലാണു് നമ്മെ സർവീസുകൾ എന്നു വിളിക്കുന്നതു്" എന്നിപ്രകാരമാണു് ഇന്ത്യൻ സൈന്യത്തിലെ ഉദ്യോഗസ്ഥന്മാരെ അഭിസംബോധന ചെയ്തുകൊണ്ടു് കമാൻഡർ ഇൻചീഫ് സർ റാബ് ലോക്ഹാർട്ട് പ്രസ്താവിച്ചതു്. "രാഷ്ട്രീയകാര്യങ്ങൾ ഗവൺമെൻറിനുള്ളതാണു്. സൈന്യം ഗവൺമെൻറിന്റെ ഭൃത്യം മാത്രമാകുന്നു" എന്നദ്ദേഹം തുടർന്നു.

(ഏ-പി.)

—०—

## ശ്രീ: ജയപ്രകാശ് നാരായണൻ

—०—

### ഗാന്ധിജിയെ സന്ദർശിച്ചു

ന്യൂഡെൽഹി അ. ൧൮—ശ്രീ: ജയപ്രകാശ് നാരായണൻ ഇന്നു് ഉച്ചതിരിഞ്ഞു ഗാന്ധിജിയെ സന്ദർശിക്കയുണ്ടായി. സർദാർ പട്ടേലും ഇന്നു് രണ്ടാംതവണ ഗാന്ധിജിയെ സന്ദർശിക്കയുണ്ടായി.

(ഏ-പി)

—०—

## പാലസ്റ്റൈൻപ്രശ്നം

—०—

### ജൂതരുടെ കുടിയേറിപ്പാർപ്പിൽ ഒരു രാജ്യവും സഹായിക്കരുതു്

ലേക്സക്സസ് അ: ൧൮—'യാത്രാസൗകര്യങ്ങളും, ധനവും, ആയുധങ്ങളും, കൊടുത്തു് പാലസ്റ്റൈനിലേക്കു കുടിയേറിപ്പാർക്കാൻ പുറപ്പെടുന്നവരെ സഹായിക്കുന്നതു് ആ രാജ്യത്തു് ഇന്നു നിലവിലുള്ള ഗൗരവാവഹമായ അന്തരീക്ഷത്തിൽ അപകടം വർദ്ധിപ്പിക്കുകയും മദ്ധ്യപൂർവ്വദേശങ്ങളിലെ സമാധാനഭംഗത്തിനു കാരണമാകുകയും ചെയ്യും" എന്ന ഒരു പ്രമേയം ലിബിനാൻ യു. എൻ. ഓ. പാലസ്റ്റൈൻകമ്മിററിയിൽ അവതരിപ്പിച്ചിരിക്കുന്നു. തുടർന്നു് എല്ലാ യു. എൻ. ഓ. അംഗങ്ങളോടും ഈ കാര്യത്തിൽ ജൂതരെ സഹായിച്ചുകൂടെന്നു് ആവശ്യപ്പെടണമെന്നും പ്രമേയത്തിൽ പറഞ്ഞിട്ടുണ്ടു്.

(റായിട്ടർ)

—०—

## സ്വർണ്ണക്കട്ടി കണ്ടുകിട്ടി

—०—

ബോംബെ, അ—൧൮ ൨൮ റാത്തൽ തൂക്കംവരുന്ന സ്വർണ്ണക്കട്ടി വിക്ടോറിയാഡോക്കിൽനിന്നു കണ്ടുകിട്ടിയിരിക്കുന്നു. ൧൯൪൪-ൽ നടന്ന ഭയങ്കരമായ തീപിടുത്തത്തിനുശേഷം കണ്ടുകിട്ടുന്ന ൧൭-ാമത്തെ സ്വർണ്ണക്കട്ടിയാണിതു്. (ഏ. പി)

—०—

# ഇംഗ്ലീഷ് ഒരിക്കലും ഇന്ത്യയുടെ ദേശീയഭാഷയാകുകയില്ല

## ഉർദുവും ഹിന്ദിയുമല്ല ഹിന്ദുസ്ഥാനിയാണു് പൊതുജനങ്ങൾക്കുഎളുപ്പംപഠിക്കാവുന്നഭാഷ—ഗാന്ധിജി

ന്യൂഡെൽഹി, അ. ൧൮ ഇന്നത്തെ പ്രാർത്ഥനാനന്തര പ്രസംഗത്തിൽ, കമ്പിളിപ്പുതപ്പുകളും പണവും ധാരാളമായി കിട്ടിക്കൊണ്ടിരിക്കുന്നുവെന്നു പ്രസ്താവിക്കാൻ തനിക്കു് സന്തോഷമുണ്ടെന്നു് ഗാന്ധിജി പ്രസ്താവിച്ചു. ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന കണക്കിനു തുടർന്നു കിട്ടിക്കൊണ്ടിരിക്കുമെങ്കിൽ, അഭയാർത്ഥികൾക്കു് വേണ്ട കമ്പിളിപ്പുതപ്പുകൾക്കുള്ള അത്യാവശ്യം സാധിതമാകുമെന്നു് ഗാന്ധിജി പ്രസ്താവിച്ചു.

തുടർന്നു് ഗാന്ധിജി ഇന്ത്യൻ ദേശീയഭാഷയെക്കുറിച്ചു ഇങ്ങിനെ പറഞ്ഞു. ഹിന്ദുസ്ഥാനിയാണു് ഇന്ത്യക്കു് ഏററവും യോജിച്ച ദേശീയഭാഷയെന്നതിൽ അദ്ദേഹത്തിനു് യാതൊരു സംശയവുമില്ല. പേർഷ്യൻ ഭാഷയോടു് അടുപ്പംകൂടിയ ഉറുദുവോ സംസ്കൃതത്തോടടുപ്പംകൂടിയ ഹിന്ദിയോ പൊതുജനങ്ങൾക്കു് എളുപ്പത്തിൽ പഠിക്കാൻ കഴികയില്ല. ബ്രിട്ടീഷുകാർ ഇന്ത്യ വിടുന്നതോടുകൂടി ദേശീയഭാഷയെന്ന നിലവിട്ടു ഇംഗ്ലീഷും ഇന്ത്യയിൽനിന്നു പോകേണ്ടതാണു്. ഇംഗ്ലീഷ് ഇന്ത്യൻ ഭാഷകളുടെ മേൽ കുതിരകയറുകയാണു ചെയ്തതു്. അതിന്റെ ശരിയായ സ്ഥാനത്തു് ഗാന്ധിജി ഇംഗ്ലീഷിനെ ബഹുമാനിക്കുന്നുണ്ടു്. എന്നാൽ അതിനു് ഒരിക്കലും ഇന്ത്യയുടെ ദേശീയഭാഷയാകാൻ കഴികയില്ല എന്നാണു് ഗാന്ധിജി അഭിപ്രായപ്പെട്ടതു്.

(ഏ-പി.)

—०—

## സരോജിനീദേവിയുടെ സഹോദരൻ

—०—

### റഷ്യൻപൗരത്വംസ്വീകരിച്ചു് റഷ്യയിൽവച്ചു മൃതിയടഞ്ഞു

ന്യൂഡെൽഹി അ: ൧൮—ശ്രീമതി സരോജിനിനായിഡുവിന്റെ സഹോദരനായ മി: വീരേന്ദ്രനാഥചട്ടോപാദ്ധ്യായയെ സംബന്ധിച്ചു് ഇന്ത്യാഗവൺമെൻറു് അന്വേഷണം നടത്തി വരികയായിരുന്നു. അദ്ദേഹം യൂറോപ്പിൽ ഒരു രാജ്യഭ്രഷ്ടനായി കഴിയുവാൻ തുടങ്ങീട്ടു് നാല്പതുവർഷമായി. ൧൯൩൭-ൽ ആണു് അദ്ദേഹത്തെ സംബന്ധിച്ചു് ഒടുവിൽ അറിയുവാൻ ഇടയായതു്. അന്നു അദ്ദേഹം റഷ്യയിലുണ്ടെന്നു് കേട്ടിരുന്നു. റഷ്യയിലെ സ്ഥാനപതിമന്ദിരം മുഖാന്തിരം നടത്തിയ അന്വേഷണഫലമായി അദ്ദേഹത്തെ സംബന്ധിച്ചു കൂടുതൽ വിവരങ്ങൾ ഇപ്പോൾ അറിവായിരിക്കുന്നു. അദ്ദേഹം റഷ്യൻപൗരത്വംസ്വീകരിച്ചെന്നും ൧൯൪൩ ഡിസംബർ ൨-ാംനു- ഏതോ സംബന്ധമായ രോഗം ബാധിച്ചു് മരിച്ചുപോയെന്നും അറിയുന്നതു്. ഈ വിവരങ്ങൾ കാണിച്ചു് ഇന്ത്യാഗവൺമെൻറു് ഒരു പ്രസ്സ് നോട്ടു് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

(ഏ-പി)

—०—

## കൊല്ലം

തുലാം ൨—സ്ഥലം ആനന്ദവല്ലീശ്വരം ക്ഷേത്രത്തിൽ നവരാത്രിസംബന്ധിച്ചു് പി. ഡബ്ലിയു. ഡി. വകയായി നടത്തിവരാറുള്ള ചിററു് നാളെ (൩-൩-൧൧൨൩) പാഠകം, തിരുവനന്തപുരം കമലാഭായി ആൻഡു പാർട്ടിയുടെ ഹരികഥ, വെടിക്കെട്ടു് മുതലായ ചടങ്ങുകളോടുകൂടി നടത്തുന്നതാണു്.

സ്ഥലം വടയാററുകോട്ട ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിൽ പ്രാക്കുളം ശ്രീമാൻ പി. രാഘവൻപിള്ള അവർകളുടെ വകയായി ആണ്ടുതോറും നടത്തിവരാറുള്ള ഭജന ഇക്കൊല്ലവും ഇന്നലെരാവിലെ അഭിഷേകം ഉഷഃപൂജ, വൈകുന്നേരം ൬-മണിക്കു് ദീപാരാധന, അതിനുശേഷം ൯-മണിവരെ കൃഷ്ണക്കുറുപ്പു് അവർകളുടെ പാഠകം, മെ: കെ. എസ്സ്. കുട്ടപ്പൻഭാഗവതർ, നാഗർകോവിൽ ശിങ്കാരവേൽ, മാവേലിക്കര കൃഷ്ണൻകുട്ടിനായർ, കൊച്ചീശ്വരപിള്ള, എസ്. പി. ആചാരി എന്നിവരുടെ പാട്ടുകച്ചേരി എന്നീ ചടങ്ങുകളോടെ സമംഗളം നടന്നിരിക്കുന്നു.

അഖിലതിരുവിതാംകൂർ പ്രൈവററു സ്കൂൾ അദ്ധ്യാപകയൂണിയന്റെപേരിൽ ഈമാസം ൮-ാംനു- തിരുവല്ലാവെച്ചു് ഒരു പൊതുയോഗംകൂടുവാൻ തീരുമാനിച്ചിരിക്കുന്നതായും അതിൽ സംബന്ധിക്കുന്നതിനും യോഗത്തിന്റെ ഭാവിനടത്തിപ്പുകളെപ്പററി കാര്യക്ഷമമായ തീരുമാനങ്ങൾ ചെയ്യുന്നതിനും മററുമായി എല്ലാ പ്രാദേശികഅദ്ധ്യാപക (പി. എസ്. ററി) സംഘടനകളിലേയും പ്രതിനിധികൾ ഈമാസം ൭-ാംനു- വ്യാഴാഴ്ച പകൽ രണ്ടുമണിക്കു് മുൻപായി കരുനാഗപ്പള്ളി ഇം. എച്ച്. സ്കൂളിൽ സന്നിഹിതരാകണമെന്നും യൂണിയൻസെക്രട്ടറി എഴുതുന്നു (സ്വ. ലേ)

## പുനലൂർ പൗരമഹായോഗം

പുനലൂർ, കന്നി ൩൦—ഈ താലൂക്കിലെ മണ്ണെണ്ണ, പഞ്ചസാര, തുണി മുതലായ റേഷൻ സാധനങ്ങളുടെ വിതരണത്തിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന ക്രമക്കേടുകളെപ്പററി ആലോചിക്കുന്നതിനായി ഇന്നലെ വൈകുന്നേരം അഞ്ചരമണിക്കു് പുനലൂർ ചന്തയിൽവച്ചു മി. സി. ഒ. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ഒരു വമ്പിച്ച പൗരമഹായോഗം കൂടിയിരിക്കുന്നു. മി. കെ. കെ. ജോസഫിന്റെ സ്വാഗത പ്രസംഗത്തിനുശേഷം റേഷൻ സാധനങ്ങളുടെ വിതരണത്തിൽ താലൂക്കു റേഷനിംഗ് അധികാരികൾ കാണിക്കുന്ന അനാസ്ഥയും, പ്രത്യേകാവശ്യങ്ങൾക്കുള്ള വിതരണത്തിൽ സ്വീകരിക്കുന്ന പക്ഷപാതബുദ്ധിയും കാരണം നാട്ടുകാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളെ വിവരിച്ചുകൊണ്ടു് അദ്ധ്യക്ഷൻ്റ ഉപക്രമപ്രസംഗം ചെയ്തു.

തുടർന്നു റേഷൻസാധനങ്ങളുടെ വിതരണത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ക്രമക്കേടുകളെ നീക്കം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങളോടുകൂടിയതും, അവയെപ്പററി അധികാരസ്ഥാനങ്ങളിൽ നിവേദനം നടത്തുന്നതിനു്, മെ: സി. കൃഷ്ണൻപോററി, സി. ഒ. മാത്യു, പി. ഒ. സ്റ്റെൻസർ എന്നിവരെനിയമിച്ചുകൊണ്ടും, ഇതുവരെ ഈ താലൂക്കിലെ മണ്ണെണ്ണ, പഞ്ചസാര, തുണി എന്നിവയുടെ വിതരണത്തിൽ അധികാരികൾ കാണിച്ചിട്ടുള്ള അഴിമതികളെപ്പററി അന്വേഷണം നടത്തി കുററക്കാരെ ശിക്ഷിക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടും, എല്ലാ നിരോധനങ്ങളും, എല്ലാ രാഷ്ട്രീയ കേസ്സുകളും പിൻവലിക്കുവാൻ ഗവൺമെൻറിനോടഭ്യർത്ഥിച്ചുകൊണ്ടും കഴിഞ്ഞ രാഷ്ട്രീയപ്രക്ഷോഭണകാലത്തു പേപ്പർമില്ലിൽനിന്നും മററും പിരിച്ചുവിട്ടിട്ടുള്ള തൊഴിലാളികളെ തിരിച്ചെടുക്കുവാൻ മാനേജുമെൻറുകളോടപേക്ഷിച്ചു കൊണ്ടുമുള്ള പ്രമേയങ്ങൾ യോഗം ഐകകണ്ഠ്യേന അംഗീകരിച്ചു. പ്രമേയങ്ങളെ വിശദീകരിച്ചുകൊണ്ടു മെ: പി. ഒ. സ്റ്റെൻസർ കെ. കെ. ജോസഫ് എന്നിവർ യോഗത്തിൽ ഓരോ പ്രസംഗവും ചെയ്യുകയുണ്ടായി.

(ക-ലേ)

## കെയറോവിൽ കാളറാ

കെയറോ അ: ൧൮—കെയറോവിൽ കാളറാ പടർന്നുപിടിച്ചു തുടങ്ങിയിരിക്കുന്നു. മണിക്കൂറിൽ ൧൭ മരണവും ൩൦ രോഗിപ്പോർട്ടുകളും ഉണ്ടാകുന്നുണ്ടെന്നാണു് ഒരു കണക്കുകൊണ്ടുകാണുന്നതു്. (റായിട്ടർ)

# നവീന ലോഹങ്ങൾ

—൦—

**ചമ്പക്കുളം, എൻ. കെ. നായർ**

ഒരു ലോഹയുഗത്തിലാണ് നാമിന്നു ജീവിക്കുന്നത്. ഭൗതികശാസ്ത്രത്തിന്റെ അപ്രതിഹതമായ പുരോഗതിയോടുകൂടി പുതിയതരം ലോഹങ്ങൾ പലതും കണ്ടുപിടിക്കപ്പെട്ടു. നമ്മുടെ യുക്തിയ്ക്കും ചിന്തയ്ക്കും അകലിലമായ ഗുണവിശേഷങ്ങളുള്ളവ അവയിൽ ചിലതിന്റെ പ്രയോഗങ്ങൾ ഇന്നും അനിശ്ചിതമായിരിക്കുന്നതേ ഉള്ളു. വികസിച്ചുവരുന്ന ശാസ്ത്രദീപത്തിന്റെ വെളിച്ചത്തിൽ ഇനിയും എത്രയോ കണ്ടുപിടിക്കാനിരിക്കുന്നു.

ചെമ്പ്, ഇരുമ്പ്, ഈയം, തകരം മുതലായവ നിത്യോപയോഗസാധനങ്ങളായി നമുക്കു പരിചയമുണ്ട്. അവ ഏറിയ ക്രമം ഗൃഹോപകരണങ്ങൾക്കും യന്ത്രസാമഗ്രികൾക്കും ഉപയോഗിക്കുന്നു. സ്വർണ്ണം വെള്ളി മുതലായവ നാണയങ്ങളായും ആഭരണങ്ങളായുമാണ് അധികം രൂപാന്തരപ്പെടുന്നതു. ചെമ്പും ഈയവും ക്രമമായി കലർത്തുണ്ടാക്കുന്ന 'ഓട്ട്' പാത്രങ്ങളായിട്ടാണ് അധികം കാണാറുള്ളതു. ചെമ്പും വെള്ളിയും കൂട്ടികലർത്തിയ 'താഴ്ന്നതരം' ആഭരണങ്ങൾ 'ചിന്തിക്കടകൾ' വില്ക്കുന്നതുകാണാം. താഴ്ന്നതരം സ്വർണ്ണത്തിന്റെ നിറം മിനുക്കിക്കാണിക്കുന്നതാൽ അവയ്ക്കുണ്ടായിരിയ്ക്കും. തന്മൂലം അവർ പലപ്പോഴും സാധുക്കളുടെകണ്ണിൽ മണ്ണിടാറുണ്ട്.

നവീനയുഗത്തിലെ ഏററവും ഉപയോഗകരമായ ലോഹം 'അലൂമിനിയ'മാണ്. പാത്രങ്ങൾ, കമ്പികൾ, ഫലകങ്ങൾ, വിളക്കുകൾ, കടലാസുകൾ എന്നുവേണ്ട ഒരു ലക്ഷം വിവിധോപകരണങ്ങൾക്ക് ഇന്ന് അലൂമിനിയം പ്രയോജനപ്പെടുന്നുണ്ടു പോലും!! ഏതു രീതിയിലും അനായാസേന രൂപപ്പെടുത്താമെന്നുള്ളതാണ് അലൂമിനിയത്തിന്റെ സവിശേഷമായ ഗുണം. ഡാക്ടർ, സി. ജെ. ഫിങ്ക് ഉരുക്കിയാൽ ൧൦൦൦൦-ത്തിൽ ൧ ഇഞ്ചുഘനത്തിൽ അലൂമിനിയത്തകിട്ട് പിടിപ്പിക്കാമെന്നു പരീക്ഷണംപോലും തെളിയിച്ചു. തകിട്ട് ഒടിച്ചാൽപോലും അലൂമിനിയത്തകിട്ട് വേർപെട്ടുപോകയില്ലത്രേ! ൧൯൩൮-ൽ ഗ്ലാസ്ഗോ (Glasgow)വിൽ നടന്ന സാമ്രാജ്യപ്രദർശനത്തിൽ ഒരു തലമുടിനാരിന്റെ ൩/൧ ഘനംവരുന്ന അലൂമിനിയക്കമ്പി പ്രദർശിപ്പിക്കയുണ്ടായി. ഇത്ര നേരിയ കമ്പി മറെറാരു ലോഹംകൊണ്ടും രൂപപ്പെടുത്തുക സാദ്ധ്യമല്ല. അലൂമിനിയം, ചെമ്പ്, മഗ്നീഷ്യം, മാൻഗനീസ് മുതലായവ ഇവ കൂട്ടിച്ചേർത്ത ലോഹം ഘനംകുറഞ്ഞ ഫലയങ്ങളാക്കി വിമാനനിർമ്മാണത്തിനെടുക്കുന്നുണ്ട്. പെയിൻറിംഗിനും അലൂമിനിയം ധാരാളമായി സ്വീകരിക്കുന്നുണ്ട്: സ്വർണ്ണംപോലെ മനുഷ്യശരീരത്തിൽ കുത്തിവയ്ക്കുന്നതുമുണ്ടായിട്ടുണ്ട്. പാശ്ചാത്യദേശങ്ങളിൽ സാമഗ്രികൾ പൊതിയുന്നതിന് അലൂമിനിയക്കടലാസുകൾ പ്രയോജനപ്പെടുത്തുന്നു. അലൂമിനിയംകൊണ്ടു വീടുകൾപോലും നിർമ്മിക്കുന്നു!! ബ്രിട്ടനിൽ ഈതരത്തിലുള്ള ൧൬൦൦൦ വീടുകളുണ്ടുപോലും !!!

ലോഹങ്ങളെല്ലാം ഘനപദാർത്ഥങ്ങളാണ്. ദ്രവരൂപത്തിലുള്ള ഒരേ ഒരു ലോഹമാണ് രസം (Mercury) ശാസ്ത്രീയപരീക്ഷണങ്ങൾക്കാണ് അധികം സ്വീകരിക്കുക. സമ്മർദ്ദമാപിനി (Barometre)യിലും ഉഷ്ണമാപിനി (Thermometre)യിലും രസംതന്നെയാണ് ഉപയോഗിക്കാറുള്ളൂ. അതു മററു ദ്രവങ്ങളെ അപേക്ഷിച്ച് അതിവേഗം ചൂടുപിടിക്കയും വികസിക്കുകയുംചെയ്യുന്നു. കൂടാതെ ജലമയമേശുകയുമില്ല. മാരകമായ ശക്തിയുള്ളതുകൊണ്ട് കുത്തിവച്ച് വൃക്ഷങ്ങൾപോലും ഉണക്കുവാൻകഴിയും. ഔഷധത്തിനും രസം വേണമെങ്കിൽ കൂട്ടാറില്ല. രസം ചേർത്തു അനവധി ഔഷധങ്ങൾ ആയുർവ്വേദവിധിയിലുണ്ട്. അൾട്രാ വൈലററ് (Altra voielet) രശ്മികിരണം പ്രതിഫലിപ്പിക്കുന്നതിനും രസത്തിന്റെ സഹായംവേണം. വസ്തുക്കൾ പ്രതിഫലിക്കുന്നതുവിധം കണ്ണാടിയോ രൂപപ്പെടുത്തുന്നതും രസത്തിന്റെ പ്രയോഗത്തിലാണ്.

'K 12 B'—എന്ന പുതിയ ലോഹം നിക്കൽ, ക്രോമിയം, ഇരുമ്പ്, കരി, മാംഗനീസ് ഇവ സംയോജിപ്പിച്ച ഒന്നാണ്. ഈ ലോഹത്തിന് ഉരുക്കിനേക്കാൾ ഉറപ്പുകൂടും. 300°F-ലേ ഇതു ഉരുകൂ. അതുകൊണ്ട് ആഗ്നേയപരീക്ഷണങ്ങൾ അധികം പ്രയോജനപ്പെടുന്നു. ഇരുമ്പും കറയുദേശാത്തതുകൊണ്ട് കപ്പൽപ്പണിയ്ക്കും ഈ ലോഹം അതിവിശേഷമെന്ന് ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു.

പ്ലാററിനം—അടുത്തകാലത്തു കണ്ടുപിടിച്ചതാണെല്ലാം. വിദ്യുച്ഛക്തി പരീക്ഷണങ്ങൾക്ക് അതിന്റെ പ്രയോജനം വിലയേറിയതാണ്. ഇലക്ട്രിക് ബൾബിലുംമററും പ്ലാററിനം കമ്പികൾ കാണാം. അതേ കുടുംബത്തിൽ പെട്ടതാണ് പല്ലേഡിയം, രുത്തീനിയം, ഓസ്മിയം ഇറീഡിയം മുതലായവ. ഇറീഡിയം ഫൌണ്ടൻപെന്നിന്റെ നിബ്ബിനഗ്രമുള്ള ലോഹംകാണാം. അതു നിബ്ബിനു വടിവു വരുത്തുകയും കേടുകൂടാതെ സൂക്ഷിക്കയും ചെയ്യുന്നു.

ടങ്സ്റ്റൺ—വിദ്യുദ്ദീപനിർമ്മാണത്തിനു പയോഗിക്കുന്നു. ടങ്സ്റ്റൺ കണ്ടുപിടിക്കുന്നതിനുമുമ്പ് 'ടാൻടലം' എന്ന ലോഹമായിരുന്നതിനുപയോഗിച്ചിരുന്നതു. ടങ്സ്റ്റൺ ആസ്ഥാനം കവരുകയാണുണ്ടായതു. 3300°C-ലേ ഉരുകുകയുള്ളൂ. മററു രാജ്യങ്ങളിൽ വിരളമാണെങ്കിലും ബർമ്മയിൽനിന്നു ധാരാളം ലഭിച്ചുവരുന്നു.

ഗാല്ലിയം—മറെറാരു ലോഹമാണ്. ഉഷ്ണഗ്രഹണശക്തി വളരെ കുറവാണ്. 100°F-പോലും വേണ്ട ഉരുകുന്നതിന്. അതുകൊണ്ട് ആശയപരീക്ഷണങ്ങൾക്ക് ഈ ലോഹം പ്രയോജനപ്പെടുന്നില്ല.

താല്ലിയം—വെടിവച്ചാൽ പാട്ടുപോലും പാറാത്തത്ര ഉറപ്പുള്ള ഒരു ലോഹമാണ്. കൂടാതെ കറപിടിക്കയുമില്ല. വെള്ളി അലൂമിനിയം, ചെമ്പ് മുതലായവ താല്ലിയം കലർത്തി കറയേശാത്തതാക്കിത്തീർക്കാൻ കഴിയും. യുദ്ധോപകരണങ്ങൾക്ക് താല്ലിയം പ്രയോജനകരമായൊരു ലോഹമാണ്.

ബറില്ലിയം—ചെമ്പുമായികലർത്തി ഒരുമാതിരി 'ഓട്ടു'ണ്ടാക്കിവരുന്നു. സ്പ്രിങ്, കുഴലുകൾ, ഫലകങ്ങൾ മുതലായ സാധനങ്ങൾ ഇതുകൊണ്ടുണ്ടാക്കുന്നുണ്ട്. അമേരിക്കൻ ഐക്യനാടുകളിൽനിന്ന് ധാരാളം കിട്ടുന്നുണ്ട്.

ഇൻഡിയം—ഗാല്ലിയംപോലെ ഉഷ്ണഗ്രഹണശക്തി കുറഞ്ഞ ഒരു ലോഹമാണ്. 100°F ഉണ്ടായാൽമതി അതു ഉരുകിത്തുടങ്ങുകയായി. ഗവേഷണഫലമായി ശരീരാവയവങ്ങൾ കൂട്ടിച്ചേർക്കാൻ ഇൻഡിയം സ്വീകരിച്ചുവരുന്നു. മുറിവുകളിൽ ഇൻഡിയംവച്ചാൽ ശരീരോഷ്ണംകൊണ്ടുതന്നെ ഉരുകി മുറിവിനെ കൂട്ടിയോജിപ്പിക്കുന്നു.

സിരിയം—(Cerium) മറെറാരു പുതിയ ലോഹമാണ്. ഇരുമ്പും സിരിയവും കൂടിച്ചേരുന്ന ലോഹത്തിൽ ഉരുക്ക് ഉരസിയാൽ അഗ്നിസ്ഫുലിംഗമുണ്ടാകുന്നു. പഞ്ഞി ഉരുണ്ടകൾ അതിൽനിന്നും തീകൊളുത്താം. ഡോംബെ റൈനർ ഇതേ അടിസ്ഥാനത്തിൽ ഒരുമാതിരി തീപ്പെട്ടി മുമ്പ് ഉണ്ടാക്കുക ഉണ്ടായിട്ടുണ്ട്. യന്ത്രങ്ങളിൽ സിരിയവും, ഉരുക്കും ഉരസത്തക്കവണ്ണം ഘടിപ്പിച്ച് അപകടങ്ങളാക്കിട കൊടുത്തിട്ടുണ്ട്. ബ്രസീലിലും തിരുവിതാംകൂറിലും ധാരാളമായുണ്ട്.

പിച്ച്ബ്ലെൻഡ്—എന്ന സ്വയം പ്രകാശമുള്ള ലോഹം ൧൮൯൬-ൽ ബക്വറൽ എന്ന ഫ്രഞ്ചുശാസ്ത്രജ്ഞൻ കണ്ടുപിടിച്ചു. റേഡിയം കണ്ടുപിടിക്കുന്നതിന് മാർഗ്ഗദർശകമായിരുന്നതു ഈ ലോഹമാണ്. റേഡിയം കണ്ടുപിടിച്ചവർ പ്രഫസർ ക്യൂറിമാഡംക്യൂറി എന്ന ഫ്രഞ്ചു ദമ്പതികളാണ്. റേഡിയത്തിന്റെ യുക്ത്യതീതമായ ശക്തിവിശേഷങ്ങൾ ശാസ്ത്രജ്ഞന്മാരെ ഇരുത്തി ഇന്നും ചിന്തിപ്പിക്കുന്നതേയുള്ളൂ. ഏതാണ്ടു തരിപ്പുഞ്ചസാരപോലെയിരിക്കും. റേഡിയം ലോകത്തിലാകെ ഇതേവരെ ലഭിച്ചിട്ടുള്ളതു രണ്ടോ മൂന്നോ ഔൺസു മാത്രമാണ്. വലിയ പരീക്ഷണശാലകളിലോ ആസ്പത്രിയിലോ പണമിട കണ്ടേക്കിലായി. അതിന്റെ പകുതി ശക്തിയെങ്കിലും കുറയണമെങ്കിൽ കുറഞ്ഞതു പതിനായിരം വർഷമെങ്കിലും വേണ്ടിവരുമെന്നു വിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നു.

തോറിയം—മറെറാരു ലോഹമാണ്. ആററംബോംബുനിർമ്മാണത്തിന്റെ ഒരു പ്രധാനഘടകമാണിതുപോലും! തിരുവിതാംകൂറിൽനിന്നു ധാരാളം ലഭിക്കുമെന്ന് ഈയിടെ അറിവായിരിക്കുന്നു.

ഇന്ത്യ ശാസ്ത്രീയപുരോഗതി കൈവരിക്കുമ്പോൾ വിശിഷ്ടതരമായ ലോഹങ്ങൾ പലതും ഇവിടെനിന്നും കണ്ടുപിടിക്കപ്പെട്ടേക്കാം. കണ്ടുപിടിക്കപ്പെട്ടവതന്നേ കണ്ടെത്തിയേക്കാനുമാവും.

(പകർപ്പവകാശം ലേഖകന്)

—൦—

## സ്ത്രീകൾക്കു വേദാഭ്യസനം

—൦—

ബ്രിട്ടനിൽ സ്ത്രീകൾക്കു വേദാഭ്യസനത്തിനുള്ള സൗകര്യങ്ങൾ നൽകുന്ന ഒരു കാളേജു താമസിയാതെ സ്ഥാപിതമാകുന്നതാണ്. കാൻറർബറി ആർച്ചുബിഷപ്പായിരുന്ന പരേതനായ ഡാക്ടർ വില്യം ടെമ്പിളിന്റെ സ്മാരകമായി ചെസ്റ്ററിൽ നവംബർ മാസത്തിൽ ഉൽഘാടനം ചെയ്യപ്പെടുന്ന പ്രസ്തുത കാളേജ് വില്യം ടെമ്പിൾ കാളേജ് എന്നു അറിയപ്പെടുന്നതായിരിക്കും. ക്രിസ്തുമതതത്വങ്ങളെപ്പററിയും അവയും സമുദായത്തിന്റെ ഘടനയുമായുള്ള ബന്ധത്തെപ്പററിയും അഭ്യസനം നൽകുന്ന ഡിപ്ലോമാകോഴ്സുകൾ അവിടെ ഏർപ്പെടുത്തുന്നതാണ്. മതപരമോ, സമുദായസേവനപരമോ, വിദ്യാഭ്യാസപരമോ ആയ സേവനശാഖകളിൽ പ്രവർത്തിക്കുന്നതിനു ആഗ്രഹിക്കുന്ന സ്ത്രീകൾക്കു ക്രിസ്തുമതസംബന്ധമായി പൂർണ്ണമായ ജ്ഞാനം നൽകത്തക്കവണ്ണമാണ പാഠപദ്ധതികൾ രൂപീകരിക്കുന്നതു. ഷെഫീൽഡിലെ ബിഷപ്പു ഭരണസമിതിയുടെ അദ്ധ്യക്ഷനായിരിക്കും.

## സൈനികോദ്യോഗസ്ഥന്മാരുടെ സ്മാരകങ്ങൾ

**ബ്രിട്ടീഷുസൈന്യങ്ങൾ ഇൻഡ്യയിൽ**

നിന്നു തിരിച്ചുപോകുന്നതോടുകൂടി, ബ്രിട്ടീഷുദ്യോഗസ്ഥന്മാരുടെ സ്മാരകകുടീരങ്ങൾ ഇൻഡ്യയിലെ സൈന്യവകുപ്പുവക ദേവാലയങ്ങളിൽനിന്നു മററി ബ്രിട്ടനിലേയ്ക്കു കൊണ്ടുപോകണമെന്നു അവരുടെ ബന്ധുജനങ്ങൾ ആഗ്രഹിക്കുന്നു. പ്രസ്തുതസ്മാരകങ്ങൾ ബിഷപ്പിന്റെ ഉത്തരവനുസരിച്ചു പണികഴിക്കപ്പെട്ടവയാകയാൽ ആവശ്യക്കാർ ഓരോ ദേവാലയത്തിന്റെയും അധികാരം വഹിക്കുന്ന ബിഷപ്പുമാരോടു അവ മാററുന്നതിനുള്ള അനുവാദത്തിനു അപേക്ഷ ബോധിപ്പിക്കേണ്ടതാണ്.

*　*　*

## പാക്കററു റേഡിയോ

കെൻറിലെ ഒരു വ്യവസായശാലക്കാർ 4¼ റാത്തൽ ഭാരംവരുന്നതും പാക്കററിൽ കൊണ്ടുനടക്കാവുന്നതുമായ ഒരു റേഡിയോസെററു കണ്ടുപിടിച്ചിരിക്കുന്നു. ഇതിനു $8\frac{3}{4}$ ഇഞ്ചുനീളവും $3\frac{3}{8}$ ഇഞ്ചുവീതിയും $3\frac{5}{8}$ ഇഞ്ചുവണ്ണവുമാണുള്ളതു. മീഡിയം വേവിലും ലാംഗ് വേവിലും ഇതു പ്രവർത്തനംനടത്തുന്നതാണ്.

—൦—


## ടാക്കീസ്

**കൊല്ലം എസ്. എം. പി. പാലസ്സിൽ**

കൊത്തമംഗലം ചീനു, പെരിയനായകി, ശാരംഗപാണി, നാഗർകോവിൽ മഹാദേവൻ, ബേബികമല മുതലായവരഭിനയിച്ച

**ഏകാംബരവാണൻ**

എന്ന തമിഴ് ചിത്രം

**കൊല്ലം ബേബിടാക്കീസിൽ**

എം. കെ. രാധ, പി. ജി. വെങ്കിടേശൻ, രാധാഭായി, കൃഷ്ണമൂർത്തി, കൃഷ്ണൻ, മധുരം അഭിനയിച്ച

**മായാമച്ചീന്ദ്രാ**

**കൊല്ലം ലക്ഷ്മിടാക്കീസിൽ**

കുമാരിരുഗ്മണി, ററി. ആർ. മഹാലിംഗം, ബേബികമല, കൃഷ്ണൻ, മധുരം അഭിനയിച്ച

**ശ്രീവള്ളി**

**കരുനാഗപ്പള്ളി ശ്രീവിദ്യാധിരാജ് ടാക്കീസിൽ**

൩൧-൨—൧൯൨൨ മുതൽ കെ. ആർ. രാമസ്വാമി യു. ആർ. ജീവരത്തിനം, എൻ. എസ്സ്. കൃഷ്ണൻ, ററി. എ. മധുരം മുതലായവർ അഭിനയിച്ച

**'പൂമ്പാവൈ'**

എന്ന തമിഴ് പുരാണചിത്രം

**ആലപ്പുഴ ശ്രീകൃഷ്ണാടാക്കീസിൽ**

ബാററ് ലിംഗ് മണി, എം. ആർ. സുന്ദരി നടിച്ച

**തായ്നാട്**

നവീന തമിഴ് ചിത്രം


—൦—

# സങ്കല്പസംവാദം

**എൻ. പി. ചിന്താമണി, കണ്ടറ**

ജ്ഞാനോപദേശംപെട്ടും ഗീതയാലുലകിലെ
മാനവമനീഷയ്ക്കു നിർവൃതിയരുളിയും
സന്മനോഭാവത്തിനാൽ സൗഹൃദംവളർത്തുന്ന
ചിന്മയപ്രഭപൂശിപ്പാരിടം വിളക്കിയും
ദാനമായ്തന്നതിനെ ത്യാഗസന്നദ്ധപൂർവ്വ-
മാനന്ദമപരക്കുനിഭൃതം വിളമ്പിയും
നാകത്തിൻഭൂതി സ്വന്തംനാട്ടിലുംവളർത്തിയു-
മേകാന്തശാന്തമായിബ്ഭാരതംവിരാജിക്കെ,
എന്മടിത്തട്ടിലേറിയെന്തിനായേങ്ങിയേങ്ങി
പൊന്മകനിരുന്നിടം കണ്മണികരയുന്നു.

ആര്യരാമനേകരിസ്വാതന്ത്ര്യം സമ്പാദിപ്പാൻ
കാരിരുമ്പഴിക്കുള്ളിൽപൊലിഞ്ഞു സുധീരന്മാർ
ആർഷഭാരതത്തിന്റെ പ്രാചീനപുണ്യചിത്രം
ആര്യരാമർഷീന്ദ്രന്മാർരചിച്ചുമനോജ്ഞമായ്
മാതാവേ മമതായേ, ഭാരതമാതാവേ, ഹാ
ഗീതകമെന്തിനിന്നുചൊല്ലുന്നുഭയാനകം
ഗീതതന്മാഹാത്മ്യവു മദ്വൈതസിദ്ധാന്തവു
മേതിനായിവിടത്തിലോതുന്നുമഹാഭാഗേ
ബുദ്ധനുംകൃഷ്ണൻതാനുംക്രിസ്തുവുംമഹമ്മദും
ബുദ്ധിതൻമറവിലായ് ഭാരതവിഹായസ്സിൽ
സോദരർപരസ്പരംഹിംസ്രജന്തുക്കൾപോലെ
വേദനിപ്പിക്കുന്നാകിൽ ഗതിയെന്തഹോകഷ്ടം
തങ്ങളിൽകുത്തിക്കൊന്നു ചാകുവാനൊരുങ്ങുന്ന-
തെങ്ങനെസഹിച്ചീടുമിക്കൊടും കിരാതത്വം
അദ്വൈതകേദാരത്തിൽ ദ്വൈതമെന്തിനുനടാൻ
വിദ്വാന്മാർസമ്മതിച്ചു നിഗ്രഹംനടത്താനോ
ഹിന്ദുവുംമുസൽമാനുമൊന്നെന്നുതെളിയിച്ചാൽ
സന്തുഷ്ടിയാകും ലോകമല്ലായ്കിൽനാശമമ്മേ
ഏവമാസ്വാതന്ത്ര്യമാംശിശുവുംഭരതോവീ
ഭാവിയെപ്രകീർത്തിച്ചു മംഗളംവിളങ്ങിടും

## പ്രതിസമൻസ്

ചെങ്ങന്നൂർ മുൻസിഫ്കോർട്ടിൽ
൧൨൧ സി ൩൨൨ം

വാദി—വടക്കേക്കരപകുതിയിൽ വാഴാറമംഗലം മുറിയിൽ വടക്കേക്കര പുന്നിട്ടമഠത്തിൽ നീലകണ്ഠരു കൃഷ്ണരുപണ്ടാരത്തിൽ

പ്രതി—(൨) തോട്ടപ്പുഴശ്ശേരി പകുതിയിൽ നെടുംപ്രയാറ മുറിയിൽ പാറയ്ക്കലായ മുളപ്പോണ വക്കി മത്തായി.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

മേൽ നമ്പരിൽ വാദി ടി പ്രതിയുടെ മേൽ വ്യവഹാരപ്പെട്ടിരിക്കയാൽ അതിലേക്കു ഉത്തരം ബോധിപ്പിക്കാനായി ടി പ്രതിയോ അധികാരം സിദ്ധിച്ച കാര്യസ്ഥനോ കോർട്ടുവക്കീലോ വിചാരണദിവസമായ ൧൨൩ തുലാം ൧൪-ാംനു പകൽ ൧൧ മണിക്കു ഈ കോർട്ടുമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതാകുന്നു. അപ്രകാരം ഹാജരാകാത്തപക്ഷം ടി പ്രതിയെ കൂടാതെ ടി നമ്പർ കേസു തീരുമാനിക്കുന്നതാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൧൨൩ കന്നിമാസം ൨൨-ാംനു

—o—

## പ്രതിസമൻസ്

കൊല്ലം പ്രിൻസിപ്പാൾ
മുൻസിഫ്കോർട്ടിൽ
൧൨൨ സ്മാൾ ൫൦൮

വാദി—കൊല്ലം കിളികൊല്ലൂർ എസ്. എൻ. വി. സാമിൽ ഉടമസ്ഥൻ കെ. കെ. പത്മനാഭൻ മുതലാളി.

പ്രതി—മാവേലിക്കര തെക്കേക്കരകുറത്തികാട്ടു മുറിയിൽ കുളക്കണ്ടത്തിൽ വീട്ടിൽ പി. ചാക്കോ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

ടി പ്രതിക്കു ഈ കോടതിയിൽനിന്നും സമൻസ് അയച്ചതിൽ കൈപ്പറാതെ മടങ്ങിവന്നിരിക്കുന്നതിനാൽ അടുത്ത വിചാരണദിവസമായ ൧൨൩ തുലാം ൧൫-ാംനു പകൽ ൧൧ മണിക്കു കക്ഷി നേരിട്ടോ അധികാരപ്പെടുത്തിയ ഏജൻറാ വക്കീലോ മുഖാന്തിരമോ ഈ കോടതിയിൽ ഹാജരായി ആക്ഷേപമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും വീഴ്ചവരുത്തിയാൽ ടി പ്രതിയെ കൂടാതെ അന്യായം തീരുമാനിക്കപ്പെടുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൧൨൩ കന്നി ൧൭-ാംനു

—o—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു എതൃകക്ഷിക്കു നോട്ടീസ്സ്

ആലപ്പുഴ അഡീഷണൽ മുൻസിഫ്
കോർട്ടിൽ
൧൧൪-ാമാണ്ടു സിവിൽ ൨൫൨

വാദി—തിരുവിതാംകൂർ നാഷണൽ ആൻഡ് ക്വയിലോൺ ബാങ്ക് (ഇൻലിക്വിഡേഷൻ)

പ്രതി—(൧) തിരുവല്ലാ കടപ്രപകുതിയിൽ ടി മുറിയിൽ തയ്യിൽ താമസം കെ. സി. വറുഗീസ്. (൨) ടിയിൽനിന്നും തിരുവല്ലാകണ്ടത്തിൽ ബംഗ്ലാവിൽ താമസം കെ. എം. ഈപ്പൻ. (൪) തിരുവല്ലാ കടപ്രപകുതിയിൽ ടി മുറിയിൽ പേരാത്തുതെക്കേതിൽ നിന്നും മാവേലിക്കര Dyeing (ചായം) ഇൻഡസ്ട്രീസ് നടത്തിവരുന്ന റ്റി. സി. പെരുമാൾ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

മേൽ നമ്പർ വിധിനടത്താൻ ഉത്തരവുണ്ടാകണമെന്നും മറ്റും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൧-ാമാണ്ടു ഇ. പി. ൨൨൨-ാംനമ്പർ ഹർജി സംഗതി ൧൨൩-ാമാണ്ടു തുലാമാസം ൧൪-ാംനു വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൨ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൧൨൩-ാമാണ്ടു കന്നിമാസം ൨൨-ാംനു

—o—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു എതൃകക്ഷിക്കു നോട്ടീസ്സ്

—o—

കൊല്ലംജില്ലാക്കോർട്ടിൽ
൧൨൨൩ സി ൨൫

അവകാശക്കാരി—ചവറ കുളങ്ങരഭാഗം മുറിയിൽ ഒററത്തെങ്ങിൽവീട്ടിൽ ഉമ്മിട്ടിപ്പിള്ള നാരായണിപ്പിള്ള.

പ്രതികൾ—(൩) കൊല്ലം പുന്നത്തലചേരിയിൽ അമ്പലത്തുംതോപ്പുവീട്ടിൽ പരമേശ്വരൻ കേശവൻ. (൩) ടിയിൽ നാരായണൻ ഗോവിന്ദൻ.

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്.

ലേലം അസ്ഥിരപ്പെടുത്തിക്കിട്ടുന്നതിനു ഉത്തരവുണ്ടാകണമെന്നും മറ്റും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ടു സിവിൽ പലവക ൪൮൩-ാംനമ്പർ ഹർജി സംഗതി ൧൧൨൩-ാമാണ്ടു തുലാമാസം ൧൨-ാംനു വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൨ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്)

൧൨൩-ാമാണ്ടു കന്നി ൧൩

—o—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു എതൃകക്ഷിക്കു നോട്ടീസ്സ്

—o—

കൊല്ലം ജില്ലാകോർട്ടിൽ
Contributory 128 in Company
Petition No. 10 of 13
വാദി— T. N. & Q. Bank Ltd, in Liquidation.

പ്രതി—വി. വരദരാജയ്യങ്കാർ അവർകൾ ബി. ഏ. & ബി. എൽ. പ്രിൻസിപ്പാൾമുൻസിഫ് തിരുവനന്തപുരം

പ്രതിയെ തെര്യപ്പെടുത്തുന്നതു്

ഡിക്രി വിധിനടത്തിക്കിട്ടുന്നതിനു ഉത്തരവുണ്ടാകണമെന്നും മറ്റും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ടു സിവിൽ പലവക ൧൩൧-ാംനമ്പർ ഹർജി സംഗതി ൧൧൨൩-ാമാണ്ടു തുലാമാസം ൧൨-ാംനു വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്)

൧൨൩-ാമാണ്ടു കന്നി ൧൧

—o

## പ്രതിസമൻസ്

—o—

ഹരിപ്പാട്ടുമുൻസിഫ്കോർട്ടിൽ
൧൧൨൨ സി ൩൨൪

വാദികൾ—കുമാരപുരം പൊത്തപ്പള്ളി തെക്കുംമുറിയിൽ കുമരശ്ശേരിൽവീട്ടിൽ രാമൻതമ്പി മാധവൻതമ്പി മു: പേ:

൩-ാംപ്രതി—കുമാരപുരം പൊത്തപ്പള്ളി തെക്കുംമുറിയിൽ കൊയ്പള്ളിൽനിന്നും തറയിൽവീട്ടിൽ മാധവൻപിള്ള രാഘവൻപിള്ള.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

മേൽനമ്പരിൽ വാദി ബോധിപ്പിച്ചിരിക്കുന്ന വ്യവഹാരത്തിനു സമാധാനം ബോധിപ്പിക്കാൻ പ്രതി നേരിട്ടോ മുറപ്രകാരം അധികാരപ്പെടുത്തിയ വക്കീൽ മുഖാന്തിരമോ ൧൧൨൩ തുലാം ൧൪-ാംനു പകൽ ൧൧ മണിക്കു ഈ കോടതിയിൽ ഹാജരാകാത്തപക്ഷം പ്രതിയെക്കൂടാതെ കേസ് തീർച്ചചെയ്യുന്നതാണ്.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൨൫-൨-൧൨൩

—o—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ചതീയതിയെക്കുറിച്ചു എതൃകക്ഷിക്കു നോട്ടീസ്സ്

Notice of Transfer.

മാവേലിക്കര മുൻസിഫ്കോർട്ടിൽ
൧൧൧൮-ാമാണ്ടു സിവിൽ-൪൨൫

വാദി—ചെന്നിത്തലപകുതിയിൽ കാരാണ്മപടിഞ്ഞാററംമുറിയിൽ മാവിലേത്തുകോശി മാത്യു.

പ്രതികൾ—൨) അട്ടൂർ പകുതിയിൽ പണിവിഴമുറിയിൽനടക്കാവിൽ കൊച്ചുപുന്നൻവീട്ടിൽ കെ. പി. കോശിഎന്നുവിളിച്ചുവരുന്ന ഗീവർഗ്ഗീസുകോശി. ൪) ടിയിൽ ശോശാ മറിയാമ്മ. (൫) ടിയിൽ കൊച്ചുമ്മൻ അന്നാമ്മ, (൩) ടിയിൽ കൊച്ചുമ്മൻ കുര്യൻ. (൨) ടിയിൽ കൊച്ചുമ്മൻമാത്യു.

൨-ാം, ൪-ാം, ൫-ാം, ൩-ാം, ൨-ാം പ്രതികളെ തെര്യപ്പെടുത്തുന്നതു്

ടി നമ്പ്ര കേസ്സ് വിധിനടത്താനായി അട്ടൂർ മുൻസിഫ്കോടതിക്കയക്കാൻ അനുവദിച്ചു് ഉത്തരവുണ്ടാകണമെന്നുംമററും വാദി കോശിമാത്യു ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ടു Exn Petn ൪൫൧-ാം നമ്പർ ഹർജിസംഗതി ൧൨൩-ാമാണ്ടു തുലാമാസം ൧൩-ാംതീയതി വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൨ മണിക്കു കക്ഷിയോ ക്രമപ്രകാരംഅധികാരപ്പെടുത്തിയവക്കീലോ ഏജൻറാ ഈ കോർട്ടിൽഹാജരായി ആക്ഷേപം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരംചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ ഗുമസ്താ (ഒപ്പ്)

൧൨൩-ാമാണ്ടു് കന്നി ൫-ാംതീയതി

—o—

## പ്രതിസമൻസ്

ചെങ്ങന്നൂർ മുൻസിഫ്കോർട്ടിൽ
൧൧൮—സി—൨൨൦

വാദി—വടക്കേക്കരപകുതിയിൽ മുണ്ടൻകാവുമുറിയിൽ വഞ്ചിപ്പുഴ മഠത്തിൽ ഉഴത്തിരരുഉഴത്തിരക്കുവേണ്ടി മാനേജർ കെ. പരമേശ്വരൻപിള്ള.

പ്രതി—൪. പാങ്ങനാട്ട്പകുതിയിൽ പാങ്ങാനട്ടുകിഴക്കും മുറിയിൽ കണ്ടത്തിൽ വക്കി പിലിപ്പോസു

ടി പ്രതിയെതെര്യപ്പെടുത്തുന്നതു്.

മേൽനമ്പരിൽ വാദി ടിപ്രതിയുടെമേൽ വ്യവഹാരപ്പെട്ടിരിക്കയാൽഅതിലേക്കു ഉത്തരം ബോധിപ്പിക്കാനായി ടി പ്രതിയോ അധികാരപ്പെടുത്തപ്പെട്ട വക്കീലോ വിചാരണദിവസമായ ൧൨൩ തുലാം ൧൭-ാംനു പകൽ ൧൧ മണിക്കു ഈ കോർട്ടുമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതാകുന്നു. അപ്രകാരം ഹാജരാകാത്തപക്ഷം ടി പ്രതിയെ കൂടാതെ ടി നമ്പർ കേസു തീരുമാനിക്കുന്നതാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൧൨൩ കന്നി ൧൪-ാംനു

—o—

## പ്രതിസമൻ

കൊല്ലം അഡീഷനൽ മുൻസിഫ്കോർട്ടിൽ
൧൨൨ സി. ൩൪൮.

വാദി—കൊല്ലം കൈക്കുളങ്ങരചേരിയിൽ തുണ്ടിൽവീട്ടിൽ മാധവൻ ശ്രീനിവാസൻ.

൧-ാംപ്രതി—ഇരവിപുരം പകുതിയിൽ ഉദയമാർത്താണ്ഡപുരം ചേരിയിൽ നടയിൽവടക്കതിൽവീട്ടിൽ രാമൻ ഗോപാലൻ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

വാദി ടി പ്രതിയുടെമേൽ അന്യായം ബോധിപ്പിച്ചതനുസരിച്ചു് കോടതിയിൽനിന്നും പലപ്രാവശ്യം സമൻസ് അയച്ചതിൽ കൈപ്പറാതെ മടങ്ങിവന്നിട്ടുള്ളതും ടി നമ്പർ കേസ്സ് വീണ്ടും ൧൨൩ തുലാം ൧൫-ാംനു വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു ടി പ്രതിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറാ ഈ കോടതി മുമ്പാകെ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം ടി പ്രതിയെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
൨-൨-൧൨൩. ഹെഡ്ഗുമസ്താ (ഒപ്പ്)

## പ്രതിസമൻസ്

ചെങ്ങന്നൂർ മുൻസിഫ്കോർട്ടിൽ
൧൨൨—സി—൪൫.

വാദി—വടക്കേക്കരപ്പകുതിയിൽ മഴുക്കീറമേൽമുറിയിൽ വൈശ്യത്തിൽ പുത്തൻപുരയ്ക്കൽവീട്ടിൽനിന്നും ഇരവിപേരൂർ പകുതിയിൽ തൈമറവുംകരമുറിയിൽ മലയിൽ തറയിൽപാർക്കുന്ന നങ്ങേലിഅമ്മ ഭവാനിയമ്മ മു-പേ-൫.

കൂട്ടതൽ ൪-ാംപ്രതി—വടക്കേക്കര പകുതിയിൽ മഴുക്കീറമേൽ മുറിയിൽ അമ്മനത്തുപള്ളത്തു് അബ്രഹാം അബ്രഹാം.

ടി-പ്രതിയെ തെര്യപ്പെടുത്തുന്നതു്.

മേൽനമ്പരിൽ വാദികൾ ടി-പ്രതിയുടെമേൽ വ്യവഹാരപ്പെട്ടിരിക്കയാൽ അതിലേക്കു ഉത്തരം ബോധിപ്പിക്കാനായി ടി പ്രതിയോ അധികാരംസിദ്ധിച്ച കാര്യസ്ഥനോ കോർട്ടുവക്കീലോ വിചാരണദിവസമായ ൧൨൩-തുലാം ൧൩-ാംനു പകൽ ൧൧-മണിക്കു ഈ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതാകുന്നു. അപ്രകാരം ഹാജരാകാത്തപക്ഷം ടി. പ്രതിയെ കൂടാതെ ടി. നമ്പർ കേസ് തീരുമാനിക്കുന്നതാകുന്നു.

൧൨൩-കന്നി-൨൨-ാംനു

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

—o—

## സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ചു എതൃകക്ഷിക്കു നോട്ടീസ്സ്

o—

ആലപ്പുഴ അഡീഷണൽ മുൻസിഫ്
കോർട്ടിൽ
൧൧൧-ാമാണ്ടു സിവിൽ ൧൨൫

വാദി—ദി സെൻട്രൽ ബാങ്കിംഗ് കോർപ്പറേഷൻ ഓഫ് ട്രാവൻകൂർ ലിമിറ്റഡ് ആലപ്പുഴ.

പ്രതി—൨. ആലപ്പുഴപകുതിയിൽ ടി മുറിയിൽ പുത്തനങ്ങാടിയിൽ ലായത്തുപറമ്പിൽ പരമേശ്വരൻപിള്ള രാജപ്പൻപിള്ള, ടിയാൻ ഇപ്പോൾ ചവറയിൽ സുദർശനവിലാസം ടാക്കീസിൽ ജോലിയായിരിക്കുന്നു. ൩. മാരാരിക്കുളം കാട്ടൂരുമുറിയിൽ തോപ്പിൽവീട്ടിൽനിന്നും ആലപ്പുഴ വി. വി. ഗേൾസ്സ്കൂളിൽ മാസ്റ്ററായിരുന്ന ടി തോപ്പിൽവീട്ടിൽ താമസം കൃഷ്ണപിള്ള പരമേശ്വരൻപിള്ള

ടി പ്രതികളെ തെര്യപ്പെടുത്തുന്നതു്

മേൽ നമ്പർ വിധിനടത്താൻ ഉത്തരവുണ്ടാകണമെന്നും മററും വാദി ബോധിപ്പിച്ചിരിക്കുന്ന ൧൧൨൨-ാമാണ്ടു ഇ. പി. ൧൪൩-ാംനമ്പർ ഹർജിസംഗതി ൧൨൩-ാമാണ്ടു് തുലാമാസം ൧൧-ാംനു വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൨ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൧൨൩-ാമാണ്ടു കന്നിമാസം ൨൦-ാംനു

—o—

## പരസ്യം

ചേർത്തല പ്രിൻസിപ്പാൾ
ഡിസ്ട്രിക്ട്മുൻസിഫ്കോടതിയിൽ
൧൫ൽ സ്മാൾ നമ്പ്ര ൪൩൨

വാദിദാർ—ഇടപ്പള്ളി വലിയരാജാവു് അവർകൾ

അഡ്വക്കേററ് ആർ പരമേശ്വരൻപിള്ള.

പ്രതി—പള്ളിപ്പുറം മുറിയിൽ പല്ലുവേലിൽതാമസിക്കും ആനക്കോട്ടിൽ കണക്കു് നാരായണൻ വേലായുധൻ കർത്താവു്

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

ഈ നമ്പ്രവിധിനടത്താനനുവദിക്കണമെന്നുംമററും വാദിദാർ അപേക്ഷബോധിപ്പിച്ചിരിക്കുന്നതിനാൽ അതേപ്പററി പ്രതിക്കു വല്ല ആക്ഷേപവും ബോധിപ്പിക്കാനുണ്ടെങ്കിൽ വിചാരണദിവസമായ ൧൨൩ തുലാം ൧൧-ാംനു പകൽ ൧൧ മണിക്കു ഈ കോടതിമുമ്പാകെ ഹാജരായി ബോധിപ്പിച്ചു കൊള്ളണം.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്താ (ഒപ്പ്)

൧൨൩ കന്നി ൨൦-ാംനു

## SUMMONS.

### In the District Court of Quilon.

Original Suit No. 107 of 121

**Plaintiff:—** Iyyeppen Kesavan of Thottathil Veedu, Uliyanattu Chery, Meenattu Pakuthy from Manikkazhikathu, Kurnmantal Chery, Paravoor and others 43.

**Defendants:—** 3 V. K. Narayanan, S. C. E. Department (D. O) T. M. Naval Base Singapore.

20. Rajan, C/o V. K. Narayanan; S C. E. Department, T. M Naval Base Singapore

21. Sarojan C/o N. Gopalan Nair, Typist Sri Krishna Rajendra Mills Ltd, Post Box No. 101 Remalloor.

22. Dharman C/o V. K. Narayanan, S C. E. Department Naval Base Singapore

31. Vidyadharan C/o K. V. Dharan 12 Kinta Road Singapore.

To the above defendants where as the plaintiffs have instituted a suit in this court against you and some others for partition and other reliefs you are hereby summoned to appear in this court in person or through an authorised pleader on 14th Thulam 1123/31st October 1947 at 11 O' clock F. N. to answer the above plaintiffs and in default of your appearance on the said date the suit will be heard and determined in your absence.

18th Kanni 1123 By Order

(Sd.) Sheristadar.

---

### സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്ക് നോട്ടീസ്

—o—

കോട്ടയം മുൻസിഫ് കോർട്ടിൽ

൧൧൩-മാണ്ട് സിവിൽ ൨.

വാദി—വിളവംകോട്ടതാലൂക്കിൽ ആറ ദേശപ്പുറ പകുതിയിൽ മുൻചിറമഠപ്രത്തു ഇളമുറസ്ഥാനമാരോഹണമായ കിഴക്കിനിയേടത്ത് എരിത്തിനപ്പിള്ളി കൃഷ്ണദാസ്സ ഹരിദത്തബ്രഹ്മാനന്ദതീർത്ഥർ പെരിയ സ്വാമിയാർ.

പ്രതികൾ—(൨) പനച്ചിക്കാട്ടുപകുതി വെള്ളുത്തുരുത്തിക്കരയിൽ കണ്ണൻ കുന്നത്തുവീട്ടിൽ ഗോവിന്ദൻ ചേന്നൻ (൩) ടിയിൽ ഗോവിന്ദൻ നാരായണൻ (൪) ടിയിൽ ഗോവിന്ദൻ പരമേശ്വരൻ (൫) ടി കണ്ണൻ കുന്നത്തുവീട്ടിൽനിന്നും കല്ലൂപ്പാറപ്പകുതിയിൽ ആതിക്കാട്ടുമുറിയിൽ ചെറുകരവീട്ടിൽ ഗോവിന്ദക്കുറുപ്പ് മാധവക്കുറുപ്പ്. (൬) ടിയിൽ ഗോവിന്ദക്കുറുപ്പ് രാഘവക്കുറുപ്പ് (൭) ടിയിൽ ഗോവിന്ദക്കുറുപ്പ് രാമകൃഷ്ണക്കുറുപ്പ്. (൮) പനച്ചിക്കാട്ടു പകുതി വെള്ളുത്തുരുത്തിക്കരയിൽ കണ്ണൻ കുന്നത്തു ഈശ്വരൻ നാരായണൻ.

ടി-പ്രതികളെ തെര്യപ്പെടുത്തുന്നത്.

അസ്സൽവാദി മരിച്ചതിനുപകരം ഹർജിക്കാരനെ കൂട്ടതൽ വാദിയായി കക്ഷി ചേർത്ത് ഉത്തരവുണ്ടാകണമെന്നും മററും ഹർജിക്കാരൻ ബോധിപ്പിരിക്കുന്നഹർജി സംഗതി ൧൧൨൩-ാമാണ്ട് തുലാമാസം ൪-ാം തീയതി വിചാരണക്കുവച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧-മണിക്ക് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജിതീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്താ (ഒപ്പ്.)

൧൧൨൩-ാമാണ്ട് കന്നിമാസം ൨൦-ാനു-

—o—

### സിവിൽ പലവകഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കുനോട്ടീസ്

Order XXI Rule 20

ആ—ജി കോർട്ടിൽ

൧൧൦൯-അസ്സൽ-൧൦൭

ക്ര-൩-ാം വാദി—കോട്ടയം താലൂക്ക് കോട്ടയം പകുതിയിൽ തിരുനക്കര മുറിയിൽ തീർത്ഥക്കാട്ടുമഠത്തിൽ ഗോപാലയ്യൻ രാമചന്ദ്രയ്യൻ.

പ്രതി—൨. വൈക്കം നടുവിലെപ്പകുതിയിൽ കിഴക്കുംചേരിമേൽ തെക്കേമുറിയിൽ ഒററയിൽവീട്ടിൽ പരമേശ്വരൻ പിള്ള ഗോവിന്ദപ്പിള്ള (൩) ടി-യിൽ പരമേശ്വരൻപിള്ള രാമകൃഷ്ണപിള്ള (൬) ടിയിൽ പരമേശ്വരൻപിള്ള കേശവൻനായർ.

ടി-പ്രതികളെ തെര്യപ്പെടുത്തുന്നത്.

ടി-നമ്പർ വിധിനടത്താൻ അനുവദിച്ചുത്തരവുണ്ടാകണമെന്നും മററും വാദി ബോധിപ്പിരിക്കുന്ന൧൨൨-ാമാണ്ട് ഇ. പി ൧൧൬-ാം നമ്പർ ഹർജിസംഗതി ൧൨൩-ാമാണ്ട് തുലാമാസം ൪-ാംനു- വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൨-മണിക്ക് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്ത പക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ച ചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം

ശിരസ്തദാർ (ഒപ്പ്.)

൧൨൩-ാമാണ്ട് കന്നിമാസം ൨൧.

—o—

### പ്രതിസമൻസ്

ചെങ്ങന്നൂർ മുൻസിഫ് കോർട്ടിൽ

൧൨൧—സി—൭.

വാദി—വടക്കേക്കരപ്പകുതിയിൽ മുണ്ടൻകാവുമുറിയിൽ വഞ്ഞിപ്പുഴമഠത്തിൽ ഉഴത്തിരു ഉഴത്തിരക്കുവേണ്ടി എസ്റ്റേററ് മാനേജർ.

പ്രതികൾ—൩. പത്തനാപുരംതാലൂക്കിൽ മാത്തൂർമുറിയിൽ ചങ്ങന്താറത്തോട്ടത്തിനുസമീപം മൺകണ്ടത്തിൽവീട്ടിൽ താമസം അരീക്കരമുറിയിൽ ൪൩-ാംനമ്പർ കള്ളുഷാപ്പിൽ വെളുമ്പി തങ്കമ്മ.

ടി-പ്രതിയെ തെര്യപ്പെടുത്തുന്നത്.

മേൽ നമ്പരിൽ വാദി ടി-പ്രതിയുടെ മേൽ വ്യവഹാരപ്പെട്ടിരിക്കയാൽ അതിലേക്ക് ഉത്തരം ബോധിപ്പിക്കാനായി ടി പ്രതിയോ അധികാരം സിദ്ധിച്ച കാര്യസ്ഥനോ കോർട്ടുവക്കീലോ വിചാരണദിവസമായ ൧൨൩-തുലാമാസം ൧൨-ാംനു- പകൽ ൧൧-മണിക്കു ഈ കോർട്ടുമുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതാകുന്നു. അപ്രകാരം ഹാജരാകാത്തപക്ഷം ടി പ്രതിയെ കൂടാതെ ടി നമ്പർ കേസ് തീരുമാനിക്കുന്നതാകുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്താ (ഒപ്പ്.)

൧൨൩-കന്നി-൧൦-ാംനു-

—o—

### പ്രതിസമൻസ്

കൊല്ലം പ്രിൻസിപ്പാൾ മുൻസിഫ് കോർട്ടിൽ

൧൨൨ സീ. ൭൯.

വാദി—പെരിനാട്ടുപകുതിയിൽ കണ്ടച്ചിറചേരിയിൽ ശങ്കരമന്ദിരത്തിൽ കൊച്ചുകുഞ്ഞു ശങ്കരൻ.

പ്രതി—൪, തിരുവനന്തപുരം വഞ്ചിയൂരധികാരത്തിൽ ടി മുറിയിൽ ഏറത്തുബംഗ്ലാവിൽ കെ. കേശവൻനായർ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നത്!

ടി പ്രതിക്ക് ഈ കോടതിയിൽനിന്നും സമൻസ് അയച്ചതിൽ കൈപ്പററാതെ മടങ്ങിവന്നിരിക്കുന്നതിനാൽ അടുത്ത വിചാരണദിവസമായ ൧൨൩ തുലാം ൧൨-ാം തീയതി പകൽ ൧൧ മണിക്ക് കക്ഷി നേരിട്ടോ അധികാരപ്പെടുത്തിയ ഏജൻറാ വക്കീലോ മുഖാന്തിരമോ ഈ കോടതിയിൽ ഹാജരായി ആക്ഷേപമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും വീഴ്ച വരുത്തിയാൽ ടി പ്രതിയെക്കൂടാതെ ടി അന്യായം തീരുമാനിക്കപ്പെടുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്താ (ഒപ്പ്)

൧൨൩ കന്നി ൧൫-ാംനു-

### ലേലാനുവാദത്തിനുള്ള അപേക്ഷയെപ്പററി നോട്ടീസ്

സിവിൽ നടപടി നിയമത്തിൻെറ ൨൧-ാംവകുപ്പ്

ആലപ്പുഴ അഡീഷണൽ മുൻസിഫ് കോർട്ടിൽ

അമ്പലപ്പുഴ മുൻസിഫ് കോർട്ടിൽ

൧൧൨-ാമണ്ട സിവിൽ ൩൧൪-ാം നമ്പർ

ആദ്യവ്യവഹാരം

൧൧൨൦-ൽ വിധിനടത്തു അപേക്ഷ

നമ്പർ ൬൬൩

വാദി.—ദി സെൻട്രൽ ബാങ്കിംഗ് കോർപ്പറേഷൻ ഓഫ് ട്രാവൻകൂർ ലിമിറെറഡ് ആലപ്പുഴ.

പ്രതി:—൨) നെടുമുടിപകുതിയിൽ നട്ടഭാഗം മുറിയിൽ തേവലക്കാട്ടു വീട്ടിൽ അയ്യപ്പൻപിള്ളമാധവൻപിള്ള

ടി പ്രതിയെതെര്യപ്പെടുത്തുന്നതു.

ടി നമ്പ്രിൽ വിധിത്തുകയ്ക്കായി ലേലം ചെയ്യുന്ന വസ്തുക്കളെ വിധിത്തുകയിൽവകവച്ചുകൂടുതൽ സംഖ്യക്കുവിളിക്കേൾക്കാൻ അനുവാദംകൊടുക്കണമെന്ന വിധിഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതിനാൽ അങ്ങനെ ചെയ്യുന്നതിൽ വല്ല ആക്ഷേപവും ഉണ്ടെങ്കിൽ ൧൧൨൩-ാമാണ്ട തുലാമാസം ൪-ാംനു- പകൽ ൧൧ മണിക്കു ഈ കോർട്ടു മുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളുകയും വേണം.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്താ ഒപ്പ്)

൧൧൨൩-ാമാണ്ട കന്നിമാസം ൧൬-ാനു-

—*—

### സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്

കോട്ടയം മുൻസിഫ് കോർട്ടിൽ

൧൧൦൫ സിവിൽ ൧൨൪.

ക്രു: വാദി-അയ്മനംപരിപ്പുകരയിൽകൈതാരത്തുമഠത്തിൽനിന്നും വൈക്കം നടുവിലെപകുതിയിൽകിഴക്കുംചേരിമേൽ തെക്കെമുറിയിൽ കുറവേലിമഠത്തിൽ വെങ്കിടാചലമയ്യർ ചിദംബരയ്യൻ

ക്രു: പ്രതികൾ—൨) കൈപ്പുഴപകുതിആർപ്പൂക്കരകരയിൽ പുളിമൂട്ടിൽ കുര്യൻ സാറ. (൩) ടി കുര്യൻ മക്കാസ്സ്. (൪) ടി മാണി മത്തായി. (൫) ടി മാണിഅബ്രഹാം. (൬) ടിയിൽ തോമ്മസ്സ് മറിയം.

ടി പ്രതികളെതെര്യപ്പെടുത്തുന്നതു്

വിധി നടത്തുന്നതിന് ഉത്തരവുണ്ടാകണമെന്നുംമററും വാദി ബോധിപ്പിച്ചിരിക്കുന്ന ഹർജിസംഗതി ൧൧൨൩-ാമാണ്ട തുലാമാസം ൪-ാനു- വിചാരണക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ ൧൧ മണിക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപംവല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അപ്രകാരംചെയ്യാത്തപക്ഷം നിങ്ങളെക്കൂടാതെ ഹർജി തീർച്ചചെയ്യുന്നതുംആകുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്താ (ഒപ്പ്)

൧൧൨൩-ാമാണ്ട് കന്നിമാസം ൨൦-ാനു-

—*—

### പ്രതിസമൻസ്

ആററങ്ങൽ മുൻസിഫ് കോർട്ടിൽ

൧൨൨ സിവിൽ ൩൫൫

വാദി—കീഴ്തോന്നയ്ക്കൽ പകുതിയിൽ പുലിവീട്ടുമുറിയിൽ പാട്ടുകാണി പുത്തൻവീട്ടിൽ അക്കിൻ മീരാൻപിള്ള.

൨-ാംപ്രതി പുല്ലമ്പാറപകുതിയിൽ വാമനപുരം ദേശത്ത് ചരുകവിളപുത്തൻവീട്ടിൽ താമസം കാതിരുപിള്ള മുഹമ്മദുമുസ്താഫാകുഞ്ഞുവൈദ്യൻ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

ടി പ്രതിയ്ക്കു ഈ കോടതിയിൽനിന്നും സമൻസു അയച്ചതിൽ കൈപ്പററാതെ മടങ്ങിവന്നിരിയ്ക്കുന്നതിനാൽ അടുത്ത വിചാരണദിവസമായ ൧൨൩ തുലാമാസം ൧൧-ാനു- പകൽ ൧൧ മണിക്കു കക്ഷി നേരിട്ടോ അധികാരപ്പെടുത്തിയ ഏജൻറാ വക്കീലോ മുഖാന്തിരമോ ഈ കോടതിയിൽ ഹാജരായി ആക്ഷേപമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും വീഴ്ച വരുത്തിയാൽ ടി പ്രതിയെക്കൂടാതെ അന്യായം തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവുംപ്രകാരം

ഹെഡ്ഗുമസ്താ (ഒപ്പ്)

൧൫-൨-൧൨൩

—o—

### പ്രതിസമൻസ്

ആററങ്ങൽ മുൻസിഫ് കോർട്ടിൽ

൧൨൨ സിവിൽ ൫൨൧

വാദി—ചടയമംഗലം പകുതിയിൽ കോട്ടയ്ക്കൽമുറിയിൽ കിഴക്കേവിളവീട്ടിൽ സുലൈഖാഉമ്മാൾ ഗഫൂമാഉമ്മാൾ,

൩-ാംപ്രതി—കടയ്ക്കാവൂർപകുതിയിൽ ടി ദേശത്തു അറപ്പുരവീട്ടുകൂടിയുള്ള മന്നനാക്കിൽ മാവിളവീട്ടിൽനിന്നും ആലംകോട്ടുപകുതിയിൽ ആററങ്ങൽ ടൌണിലെ ൭-ാംവാർഡിൽ ൫൧-ാംനമ്പ്ര ഗൃഹത്തിൽതാമസം അലിയാരുകുഞ്ഞു കതിജാഉമ്മാൾ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

ടി പ്രതിയ്ക്കു ഈ കോടതിയിൽനിന്നും സമൻസ് അയച്ചതിൽ കൈപ്പററാതെ മടങ്ങിവന്നിരിക്കുന്നതിനാൽ അടുത്ത വിവിചാരണദിവസമായ ൧൨൩ തുലാമാസം ൧൧-ാംനു- പകൽ ൧൧ മണിക്ക് കക്ഷി നേരിട്ടോ അധികാരപ്പെടുത്തിയ ഏജൻറാ വക്കീലോ മുഖാന്തിരമോ ഈ കോടതിയിൽ ഹാജരായി ആക്ഷേപമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും വീഴ്ച വരുത്തിയാൽ ടി പ്രതിയെ കൂടാതെ അന്യായം തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവുംപ്രകാരം

ഹെഡ്ഗുമസ്താ (ഒപ്പ്)

൧൫-൨-൧൨൩.

—o—

### പരസ്യനോട്ടീസ്സ്

സിവിൽ നടപടി നിയമത്തിൻെറ ആഡർ ൨൧—൬൭ റൂൾ.

വകുപ്പ്

പെരുമ്പാവൂർ ടെമ്പററി മുൻസിഫ് കോർട്ടിൽ

൧൧൧൬-ാമാണ്ട ൬൫-ാംനമ്പർ

ആദ്യവ്യവഹാരം

൧൧൨൨-ൽ വിധിനടത്തു ഹർജി

നമ്പർ ൫൧.

വാദി—രാമംഗലംപകുതി കീഴ്മുറിക്കരയിൽ കുന്നപ്പിള്ളിഇല്ലത്ത് നാരായണൻ ഗ്രഹ്മൻനമ്പൂരി മു: പേ: ൭

(വക്കീൽ മി. കെ. നാരായണപിള്ള)

പ്രതി ചെമ്മനാട്ട്പകുതി മരങ്ങാട്ടുള്ളികരയിൽ പറമ്പാത്തു പടിഞ്ഞാറെക്കരവീട്ടിൽ ഉലഹന്നാൻ യോഹന്നാൻ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്

ടി നമ്പർ പട്ടികവസ്തു ലേലത്തിൽ വിളിച്ച വിധിസംഖ്യ ഈടാക്കി കൊടുപ്പിക്കണമെന്നു വിധി ഉടമസ്ഥൻ അപേക്ഷിച്ചിരിക്കുന്നതും പരസ്യത്തിൽ അടങ്ങേണ്ട വിവരങ്ങളേപ്പററിയും മററും വ്യവസ്ഥപ്പെടുത്തുന്നതിനു ൧൧൨൩-ാമാണ്ട് തുലാമാസം ൧൦-ാംനു-ക്കു അവധി നിശ്ചയിച്ചിരിക്കുന്നതും ആകയാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

ഉത്തരവിൻപ്രകാരം

ഹെഡ്ഗുമസ്താ (ഒപ്പ്)

൧൧൨൩-ാമാണ്ട കന്നിമാസം ൧൬-ാനു-

—o—

### സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതൃകക്ഷിക്കു നോട്ടീസ്

കൊല്ലം ജില്ലാക്കോർട്ടിൽ

1086 സി. 85.

ഹർജിക്കാരൻ – ചവറ കുളങ്ങരഭാഗം മുറിയിൽ ഓററതെങ്ങിൽവീട്ടിൽ ഉമ്മിട്ടിപ്പിള്ള നാരായണിപ്പിള്ള.

പ്രതി—3. കൊല്ലം പുന്നത്തലച്ചേരിയിൽ അമ്പലത്തുംതോപ്പുവീട്ടിൽ പരമേശ്വരൻ കേശവൻ.

ടി പ്രതിയെ തെര്യപ്പെടുത്തുന്നതു്.

ലേലം അസ്ഥിരപ്പെടുത്തിക്കിട്ടുന്നതിനു ഉത്തരവുണ്ടാകണമെന്നും മററും ബോധിപ്പിച്ചിരിക്കുന്ന 1121-ാമാണ്ട സിവിൽ പലവക 1072-ാംനമ്പർ ഹർജിസംഗതി 1123-ാമാണ്ട തുലാമാസം 12-ാംനു- വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 12 മണിക്ക് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറാ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചു കൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം

ശിരസ്തദാർ (ഒപ്പ്)

123-ാമാണ്ട കന്നിമാസം 13 ാംനു-

# *ഭാരതത്തിലെ നവരാത്രിപൂജ

ആർ. ഗോപാലപിള്ള, മുതുകുളം.

[ആശ്വിനമാസശുക്ലപക്ഷത്തിലുള്ള ആദ്യത്തെ ഒൻപതുദിവസം, അതായത് പ്രതിപദംതൊട്ട് നവമിവരെയുള്ള ദിവസങ്ങൾ നവരാത്രി എന്ന പേരിൽ പ്രസിദ്ധമാണ്. സുഖസമൃദ്ധികളുടെ സങ്കല്പത്തോടുകൂടി ദേവീപൂജ നടത്തുക എന്നുള്ളതാണ് ഇതിന്റെ ഉദ്ദേശം. ദേവിയിൽ നവരാത്രികാലത്ത് സമസ്തശക്തികളുടേയും സമാവേശം ഉണ്ടാകുമെന്ന് വിശ്വസിക്കപ്പെടുന്നു.]

ഭാരതത്തിൽ ഈ ദേവീപൂജ പലപ്രകാരത്തിലുണ്ട്. അവയിൽ മുഖ്യമായവ കാളി അല്ലെങ്കിൽ ദുർഗ്ഗ, ലക്ഷ്മി, സരസ്വതി. കാളി അഥവാ ദുർഗ്ഗ വിശ്വഹർത്താവായ ശിവന്റേയും ലക്ഷ്മി വിശ്വഭർത്താവായ വിഷ്ണുവിന്റേയും സരസ്വതി വിശ്വസ്രഷ്ടാവായ ബ്രഹ്മാവിന്റേയും പത്നിമാരാണ്. അതിനാൽ ഈ മൂന്നു ശക്തികൾ— സംഹാരസൃഷ്ടിസ്ഥിതി—ഇവ ഈ മൂന്നുദേവിമാരിൽ ആരോപിതമാണ്.

സംഹാരരൂപിണിയായ ശക്തിയുടെ അവതാരത്തിന് പല സംജ്ഞകളും ഉണ്ട്. അതിന്റെ മധ്യമവും മനോഹരവുമായ രൂപം ഉമ അല്ലെങ്കിൽ പാർവ്വതിയിലും ഉഗ്രമായ രൂപം ദുർഗ്ഗ, കാളി, അല്ലെങ്കിൽ മഹിഷാസുരമർദ്ദിനിയിലും ആണ്. ഈ അവസാനസംജ്ഞ, മഹിഷാസുരൻ എന്ന അസുരനെ കൊന്നതിനുശേഷം ഉണ്ടായതാണ്. ഈ സംഭവത്താൽ ചില ഹിന്ദുക്കളുടെയിടയിൽ മഹിഷബലി എന്ന സമ്പ്രദായം ഉണ്ടായിട്ടുണ്ട്. അപരിഷ്കൃതകാലംമുതലേ മനുഷ്യസമുദായത്തിൽ പല വിധത്തിൽ ദുർഗ്ഗാപൂജ നടന്നുകൊണ്ടിരിക്കുന്നു എന്ന് ഹിന്ദുക്കൾ വിശ്വസിക്കുന്നു.

സാധാരണ ദുർഗ്ഗാപ്രതിമ പത്തുകൈകളോടുകൂടിയതാണ്. അതിന്റെ ഒരു കയ്യിൽ മഹിഷാസുരനെ വധിച്ച വളഞ്ഞ വാളും മറെറാരു കയ്യിൽ ദാനവന്റെ ശിരസ്സും സ്ഥിതിചെയ്യുന്നു. ശേഷമുള്ള എട്ടു കൈകളിൽ യുദ്ധത്തിനാവശ്യമുള്ള പലതരം ആയുധങ്ങളും ധരിച്ചിരിക്കുന്നു. വലത്തുകാൽ സടയോടുകൂടിയ സിംഹത്തിന്മേലും ഇടതുകാൽ മഹിഷാസുരനിലും സ്ഥിതിചെയ്യുന്നു. ദേവിയുടെ ഈ രണവേഷം മററു ദേവതകളെക്കാളും വലിയ ഭയങ്കരവും അന്തകസമാനമെന്നും തോന്നിപ്പോകാറുണ്ട്.

ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരായ ദേവന്മാരും ദേവിയുടെ ഈ രൂപത്തെ ആരാധിക്കുന്നു. ദശരഥപുത്രനായ ശ്രീരാമൻ ആശ്വിനമാസത്തിൽ ദേവിയുടെ ഇതേ രൂപത്തെ പൂജിച്ചാണ് ലങ്കാധിപനായ രാവണനെ നിഗ്രഹിച്ച് വിജയം പ്രാപിച്ചത്. അതിനാൽ ഈ വിശിഷ്ടപൂജ മററുമാസങ്ങളിൽ ഒന്നും നടത്താതെ ഈ മാസത്തിൽതന്നെ നടത്തുന്നു.

നവീനാശയം, നവീനപരിഷ്കാരം ധനസമ്പത്ത് ഇവയുടെ ആഗമനത്തോടുകൂടി ജനങ്ങൾ ദുർഗ്ഗയേയും ലക്ഷ്മിയേയും സരസ്വതിയേയും ഒരുപോലെ പൂജിക്കുന്നതിന് പ്രേരിതരായി.

നവരാത്രിയിൽ ജനങ്ങൾ മനോഹരപ്രതിമകളെ അലങ്കരിച്ച് പ്രാണപ്രതിഷ്ഠ നടത്തി പൂജിക്കുന്നു. ബാലികമാർ വേണ്ടവിധത്തിൽ ആഡംബരങ്ങൾ ധരിച്ചു സമീപസ്ഥരായ ആളുകളെ പൂജാസമയത്തു സന്നിഹിതരാകുന്നതിന് ക്ഷണിക്കാൻ നടക്കുന്നു. ഇഹപരങ്ങളിലുള്ള സുഖപ്രാപ്തി ബലിദാനങ്ങൾകൊണ്ട് സിദ്ധിക്കുന്നു എന്നു ഹിന്ദുപുരാണങ്ങൾ ഘോഷിക്കുന്നു. അതേപ്പററി ചിന്തിക്കുമ്പോൾ മൃഗങ്ങൾ ബലിദാനത്തിനായി സൃഷ്ടിക്കപ്പെട്ടവയാണോ എന്നുതോന്നിപ്പോകുന്നു. ബലിദാനംകൊണ്ട് മോക്ഷത്തിനുള്ള മാർഗ്ഗം തെളിയുകയും സ്വർഗ്ഗീയസുഖം സംസിദ്ധമാവുകയും ചെയ്യുമെന്നു പുരാതനകാലത്തെ ജനങ്ങൾക്കു ഒരു ധാരണയുണ്ടായിരുന്നു. ബലികഴിക്കുന്നതുകൊണ്ട് ദാതാവിനു പാപക്ഷയവും ആർക്കു ബലി കൊടുക്കപ്പെട്ടുവോ അവർക്കു പുണ്യപ്രാപ്തിയും ഉണ്ടാകുന്നുണ്ട് എന്നു വിശ്വസിക്കുന്നവർ പലരും ഇന്നുമുണ്ട്.

പ്രതിവർഷം ലക്ഷോപലക്ഷം മൃഗങ്ങളെ ദുർഗ്ഗാദേവിക്കായി ബലി അർപ്പിച്ചിരുന്നകാലമുണ്ടായിരുന്നു. ഇതു കേവലം മൃഗങ്ങളുടെ ബാഹുല്യത്തെ തടയുന്നതിനുള്ള ഒരു സമ്പ്രദായംകൂടിയായിരുന്നു എന്നും പറയപ്പെടുന്നു. എന്നാൽ ഈ വിഷയത്തിൽ ഒരുസംഗതി പ്രത്യേകമായി ഉണ്ടായിരുന്നു. ബലികഴിയ്ക്കുന്ന മൃഗത്തിന്റെ ശിരസ്സ് ഉടലിൽനിന്നും ഒററവെട്ടിനുതന്നെ വേർപെടുന്നതു ശുഭസൂചകമാണെന്നു കരുതിയിരുന്നു.

കാളീപൂജ ഈ ശക്തി പൂജയുടെ മറെറാരു രൂപമാണ്. ഇതിൽ കാളി നാക്കു വെളിയിലേയ്ക്കു തള്ളി തന്റെ പതിയായ ശിവന്റെ മാറിൽ പാദമൂന്നി പ്രത്യക്ഷമാകുന്നു. ദേവിയുടെ ഒരുകയ്യിൽ വാളും മറെറാരു കയ്യിൽ ദാനവശിരസ്സും മററു രണ്ടു കൈകൾ വരദാഭയങ്ങളോടും ഇരിയ്ക്കുന്നു. കഴുത്തിൽ മുണ്ഡമാലയും കറുത്ത രൂപവും ഭയങ്കരമായ മുഖവും ചിതറിക്കിടക്കുന്ന കേശവും അത്യധികം ഭയങ്കരമായിരിക്കും.

ദേവി ഇപ്രകാരം തന്റെ പതിയുടെ വക്ഷസ്സിൽ നില്ക്കാൻ ഇടയായതിനെക്കുറിച്ച് ഒരു കഥയുണ്ട്. ഒരിക്കൽ അതിഭയങ്കരനായ ഒരു അസുരനെ ദേവി പരാജിതനാക്കി വധിച്ചു. വിജയോന്മത്തയായി ആ യുദ്ധഭൂമിയിൽതന്നെ നൃത്തംചെയ്യാൻ തുടങ്ങി. അതിനാൽ ഭൂമി കുലുങ്ങി, ദേവന്മാർ ഭയപ്പെട്ടു; ലോകമുഴുവൻ വലിയ സംഭ്രമമായി. ദേവിയെ ഇതിൽനിന്നും വിരമിപ്പിക്കാൻ ആർക്കും കഴിഞ്ഞില്ല. ദേവന്മാർ ശിവനെ അഭയം പ്രാപിച്ചു. അദ്ദേഹം വേണ്ട പ്രയത്നങ്ങൾ ചെയ്തു. എന്നാൽ അതെല്ലാം വിഫലമായതേ ഉള്ളു. തന്റെ പ്രമത്തതയിൽ ദേവിക്കു ഭർത്താവിനെ തിരിച്ചറിയാൻപോലും കഴിഞ്ഞില്ല. അതിനുശേഷം അദ്ദേഹം ആ രണഭൂമിയിൽ കിടന്നു. നൃത്തകോലാഹലത്തിനിടയിൽ അദ്ദേഹത്തിന്റെ വക്ഷസ്സിൽ കാൽവച്ചപ്പോൾ ഏതോ ഒരു ജീവിയിലാണ് താൻ കാൽവച്ചിരിക്കുന്നതെന്നു ദേവിക്കു ബോധ്യമായി. ദേവിയുടെ ദൃഷ്ടി അതിലേയ്ക്കു പതിയുകയും ശിവൻ അവിടെ ശയിക്കുന്നതായും കണ്ടു. ഇതികർത്തവ്യതാമൂഢയായ കാളി ലജ്ജാധിക്യത്താൽ നാക്കു വെളിയിലേയ്ക്കു തള്ളി. ആ ദിവസംമുതൽ ദേവിയുടെ ഈ രൂപത്തിലുള്ള രൂപം പൂജിക്കാൻ തുടങ്ങുകയുംചെയ്തു. കാളി സംഹാരശക്തിയാണ്; സംഹാരശക്തി എപ്പോഴും ഭയാനകമാണ്.

ഹിന്ദുസമുദായത്തിലെ ശ്രേഷ്ഠജാതിയിൽപെട്ട ആളുകൾ ശക്തിയുടെ ഈ സൃഷ്ടിസ്ഥിതിരൂപത്തിലുള്ള പൂജകൾ നടത്തുന്നുണ്ട്. അതു ലക്ഷ്മിയിലും സരസ്വതിയിലും കാണപ്പെടുന്നുണ്ട്. അതിനാൽ നവരാത്രിയിൽ ലക്ഷ്മിയേയും സരസ്വതിയേയും പൂജിക്കുന്നു. വല്ലയിടത്തും സംഹാരരൂപത്തെ പൂജിക്കപ്പെടുന്നെങ്കിൽ അതിന്റെ മനോഹരമായ രൂപത്തെ മാത്രം, അതായത് ഗൌരി, ഉമ അല്ലെങ്കിൽ പാർവ്വതിയെ.

നവരാത്രിയിൽ ശക്തിയുടെ നവരൂപത്തെ പൂജിക്കുന്നുണ്ട്. അവ ൧. കുമാരി. ൨. ത്രിമൂർത്തി. ൩. കല്യാണി, ൪. രോഹിണി, ൫. കാളിക, ൬. ചണ്ഡിക, ൭. സാംഭവി, ൮. ദുർഗ്ഗ ൯. സുഭദ്ര. ഇവയിൽ ഓരോ രൂപത്തിനും ഓരോ പ്രത്യേക വിശേഷതയുണ്ട്. നവരാത്രിആഘോഷത്തിന് 'ദശഹരം' എന്നും പറയപ്പെടുന്നുണ്ട്. ഒൻപതാമത്തെ ദിവസം അതായത് ഒടുവിലത്തെ ദിവസം സരസ്വതീപൂജ നടത്തുന്നു.

മഹാനവമിക്കുശേഷം വിജയദശമിയാണ്. ഇതിന്റെ ശുഭാവസരം സാന്ധ്യസമയത്തെ ഗോധൂളീകാലമാണ്. യഥാർത്ഥത്തിൽ ഈ ദിവസം അതിപവിത്രവും ശുഭവും ആണ്. ഈ ദിവസം കുട്ടികൾക്ക് വിദ്യാരംഭത്തിനും, യാത്രയ്ക്കും അതിശുഭമാണ്.

ഈ അവസരത്തിൽ ശമീവൃക്ഷത്തെ വളരെ ആഘോഷത്തോടുകൂടി പൂജിക്കുന്നുണ്ട്. ശ്രീ പാർവ്വതിക്ക് അഭയം നൽകിയതു ഈ വൃക്ഷമായിരുന്നു. ഈ വൃക്ഷത്തിന്റെ ചുവട്ടിൽവച്ചായിരുന്നു സീതാഹരണത്തിനുശേഷം ശ്രീരാമചന്ദ്രനു മഹത്തായ മനോനിർവൃതി അനുഭവപ്പെട്ടതു. പാണ്ഡവന്മാരുടെ അജ്ഞാതവാസത്തിൽ നിസ്സഹായരായ അവരുടെ ശസ്ത്രാസ്ത്രങ്ങൾ സുരക്ഷിതമായി വച്ചിരുന്നതും ഈ വൃക്ഷത്തിന്റെ കോടരത്തിലായിരുന്നു.

വിജയദശമിയെക്കുറിച്ച് ഒരു കഥയുണ്ട്.—പരമശിവൻ തന്റെ നേത്രാഗ്നിയിൽ മന്മഥനെ ദഹിപ്പിച്ചപ്പോൾ അവിടെ ഒരു ഭസ്മസ്തൂപം ഉണ്ടായി. ഉണ്ണിഗണേശൻ കളിച്ചു കളിച്ച് ആ ഭസ്മം കൊണ്ട് ഒരു പ്രതിമ ഉണ്ടാക്കുകയും ശിവൻ അതിനു ജീവൻനൽകുകയും ചെയ്തു. ഉടൻതന്നെ അതു ഒരു ഭയങ്കര രാക്ഷസനായി രൂപം പ്രാപിച്ചു. അവനെ നിഗ്രഹിക്കാനായി പാർവ്വതീദേവി നവരാത്രിയിൽ നവരൂപം കൈക്കൊണ്ട് അവനെ വധിച്ചു. ശ്രീരാമചന്ദ്രനും രാവണവധത്തിനായി ദേവിയുടെ ഈ രൂപത്തെതന്നെ പൂജിച്ചിരുന്നു.

വിജയദശമിയെക്കുറിച്ച് മറെറാരു കഥകൂടിയുണ്ട്.—വളരെക്കാലംമുമ്പ് സുകേതു എന്ന രാജാവിനു തന്റെ ബന്ധുക്കളുടെ ചതിപ്രയോഗത്താൽ സർവ്വവും നശിക്കാൻ ഇടയായി. രാജാവും രാജ്ഞിയും ക്ഷുത്തൃഷ്ണാപരവശരായി കാട്ടിൽ അലഞ്ഞുതിരിഞ്ഞു. ഒരുദിവസം അവർക്ക് അംഗിരസ്സ് മഹർഷിയെ കാണാൻ ഇടയായി. അവരുടെ ഈ ദുഃഖം കണ്ടു മഹർഷിയുടെ മനസ്സ് അലിയുകയും നവരാത്രിപൂജാവിധികളെ അദ്ദേഹം അവർക്കു ഉപദേശിച്ചുകൊടുക്കയുംചെയ്തു. ഈ പൂജയുടെ ഫലമായി രാജാവിനു നഷ്ടപ്പെട്ട രാജ്യവും ആരോഗ്യവും തിരികെ കിട്ടുന്നതിനും പുത്രന്മാർ ഉണ്ടാകുന്നതിനും ഇടയായി.

* ഹിന്ദിയിൽനിന്ന്.

—o—

# മൗനസംഗീതം

—o—

തൃക്കൊടിത്താനം

എട്ടങ്ങാമറഞ്ഞുനിന്നീവിശ്വമാകവേ
മംഗളഭംഗമിളക്കും മഹാകവേ,
താവകമൗനസംഗീതമീവിശ്വത്തെ-
യാകവേ കോരിത്തരിപ്പിപ്പുസന്തതം!
വെണ്ണുനിറീടും ഹൃദന്തരംഗങ്ങളിൽ
സ്വാന്തനപ്പൂന്തെന്നൽ വീശി-
(നിന്നീടവേ,
ആ മുരളീരവമേകിടുന്നെപ്പൊഴും
കോമളശീതളരോമഞ്ചകഞ്ചുകം!
ദിവ്യചൈതന്യംകലരുമാഗാനങ്ങ-
ളവ്യയോന്മേഷം പകർന്നുനൽകിടവേ
എങ്ങും തുളുമ്പിത്തുളുമ്പിനിന്നീടുന്ന
മംഗളപ്രേമതരംഗങ്ങളെപ്പൊഴും!
തീരാനിരാശയിൽനിന്നുമീ മർത്ത്യരേ-
യാരാലകററിടുന്നാസ്സൂക്തികാമൃതം!
നിന്നുപോയിടിലും നിൻഗാനമേകുന്ന
പൊന്നലവിശ്വത്തിലെന്നും
(ലസിച്ചീടും....!!

—o—

**M. P. PAUL'S COLLEGE,**
**CHANGANACHERRY.**
**Hostels attached.**

B. A. & B. Sc. classes in working order.
Intermediate TVR & MDS classes begin on 3rd November.

M. P. Paul M. A.
*Principal.*

ആനന്ദമയമായ ജീവിതത്തിന് ഹൃദ്യമായ വാസനയുള്ള
"3001" ജവ്വാദു ബത്തികൾ ഉപയോഗിക്കുക
സുഖജീവിതത്തിന്ന പരിമളം നിറഞ്ഞ
"301" ജവ്വാദു ബത്തികൾ ഉപയോഗിക്കുക
ഹൃദ്യമായ പരിമളത്തിന്ന പേരുകേട്ട
"31" ജവ്വാദു ബത്തികൾ ഉപയോഗിക്കുക
ആരോഗ്യകരമായ ജീവിതത്തിന്
ആസാദ് അഗർ ബത്തികൾ ഉപയോഗിക്കുക

Telegrams: "Suganthan"
**S. V. MURUGESAN & BROS.,**
No 39, Lakshmipuram 6th Street, **MADURA**
**Branch: No 4,** Appaji Rao Lane, **BANGALORE CITY.**
തിരുവനന്തപുരം സ്റ്റാക്കിസ്റ്റുകൾ:—
ശ്രീ. B. K. ഗണപതിപ്പിള്ള, ചാല; ജനാബ് S. M. M. A ഖാദർ & ബ്രദേഴ്സ്, ചാല; ശ്രീ R. മാണിക്കംപിള്ള, ചാല.
കൊല്ലം ഡിവിഷൻ ഏജൻറ്:—P. K കാസിംസാഹിബ്, കൈക്കുളങ്ങര.

# ജീവന്റെ ഭൗതികാടിസ്ഥാനം

ജി. ശിവൻകുട്ടിനായർ ബി. എസ്-സി. കരിപ്പുഴ

ആകൃതിയിലും പ്രകൃതിയിലും ജീവജാലങ്ങളിൽ അതിശയനീയമായ ഒരന്തരം പ്രകടിതമാകുന്നുണ്ട്. വികസിച്ച ഒരു പുഷ്പം ഒരു ചിത്രകാരന്റെ സൗന്ദര്യസങ്കല്പമായും ഒരു ശാസ്ത്രജ്ഞന് വിജ്ഞാനഭണ്ഡാകാരമായും തോന്നുന്നു. ഭിത്തികളിൽ പാറ്റിപ്പിടിച്ചു വളരുന്ന കരിപ്പായലിനും ഭീമാകാരമായ "പൈൻ" (pine) വൃക്ഷത്തിനും തമ്മിൽ എന്താണ് സാമ്യം? വളരെ വിസ്തൃതമായ ഒരു കൈകാൽ വിടർത്തി സമുദ്രഗർഭത്തിൽകൂടി അതിശീഘ്രം പായുന്ന തിമിംഗലത്തിനും സൂക്ഷ്മദർശിനിയുടെ സഹായത്താൽ മാത്രം ദൃശ്യമാകുന്ന "അമീബാ"യ്ക്കും തമ്മിൽ എന്താണ് സാദൃശ്യം? നമ്മുടെ ബാഹ്യചക്ഷുസ്സുകൾക്ക വിഷയീഭവിയ്ക്കാത്ത ഇത്തരം ജീവികൾ അനേകം ഒരുമിച്ചുചേർന്ന് ഒരു സൂചിമുനയുടെ അഗ്രത്തിൽ നൃത്തം ചെയ്യുന്നു, എന്നു പറഞ്ഞാൽ അവയുടെ ഏകദേശമായ ഒരു രൂപം നമ്മുടെ മനസ്സിൽ ഉദിക്കുന്നു.

ഘടനയെ സംബന്ധിച്ചിടത്തോളം, ഒരു പെൺകൊടി അവളുടെ കബരീഭരത്തിൽ അണിഞ്ഞിരിക്കുന്ന പുഷ്പത്തെയും അവളുടെ സിരകളിൽകൂടി പ്രവഹിക്കുന്ന രക്തത്തെയും തമ്മിൽ അന്യോന്യം ബന്ധിപ്പിക്കുന്ന അജ്ഞേയമായ ശക്തിവിശേഷം എന്താണ്? അല്ലെങ്കിൽ, അംബരചുംബിയായ മാമരത്തിനും അഗാധവും ശാന്തഗംഭീരവുമായ സമുദ്രത്തിന്റെ ഉപരിതലത്തിൽ മുങ്ങിപ്പൊങ്ങിക്കിടക്കുന്ന "കടൽച്ചൊറി"യ്ക്കും തമ്മിൽ എന്താണ് ബന്ധം?

സജീവങ്ങളായ വസ്തുക്കളുടെ നിലനില്പിൽ അന്തർലീനമായിരിക്കുന്ന ഭൗതികാടിസ്ഥാനത്തെപ്പറ്റി ചിന്തിക്കുന്ന ഒരു വ്യക്തിയ്ക്ക് ആദ്യമായി ചില പ്രതിബന്ധങ്ങൾ നേരിട്ടേക്കാം. എന്നാൽ ഈ പ്രതിബന്ധങ്ങളെ അവഗണിച്ചു മുന്നോട്ടു പോകുന്ന ഒരുവന് എല്ലാ ജീവജാലങ്ങൾക്കും ശക്തിയിലും ആകൃതിയിലും പ്രകൃതിയിലും നിർമ്മാണവസ്തുവിലും അന്യോന്യം ഒരു ഐകരൂപ്യം ഉണ്ടെന്നു മനസ്സിലാക്കാം.

ശക്തിവിശേഷങ്ങൾ എത്രതന്നെ വിവിധങ്ങളായിരുന്നാലും, എല്ലാ വസ്തുക്കളിലും അവ യഥാർത്ഥത്തിൽ ഒരു ജാതിയിൽപെട്ടതായിരിക്കും. മനുഷ്യന്റെ വിവിധങ്ങളും ഗഹനങ്ങളുമായ ശാരീരികപ്രവൃത്തികളെ എല്ലാംതന്നെ മൂന്നു വർഗ്ഗങ്ങളായി തരംതിരിക്കാം. അവ ശരീരത്തിന്റെ പുരോഗമനത്തെയും, ശാരീരികാവയവങ്ങൾക്ക് താല്ക്കാലികമായി അവയുടെ യഥാസ്ഥാനങ്ങളിൽനിന്നുണ്ടാകാവുന്ന വ്യതിചലനത്തെയും, മനുഷ്യവർഗ്ഗത്തിന്റെ തുടർച്ചയായ നിലനില്പിനെയും ഉദ്ദേശിച്ചാകാം. മസ്തിഷ്കസംബന്ധമായ ശക്തിവിശേഷങ്ങളും ഈ വർഗ്ഗവ്യത്യാസങ്ങളോട് അനുബന്ധിപ്പിക്കുക അസാധാരണമല്ല. സംസാരം, ചലനം, ആദിയായ പ്രവർത്തനങ്ങൾ എല്ലാം മാംസപേശികളുടെ വിവിധഭാഗങ്ങൾക്ക അവയുടെ യഥാസ്ഥാനങ്ങളിൽനിന്ന് താല്ക്കാലികമായുണ്ടാകുന്ന വ്യതിചലനഫലമായി ലഭിക്കുന്ന ആകാരവ്യത്യാസങ്ങളെ ആസ്ഥാനപ്പെടുത്തിയാണിരിക്കുന്നത്. ഉയർന്ന ജന്തുക്കളുടെ പ്രവർത്തനങ്ങളെ മുഴുവൻ ഉൾക്കൊള്ളുന്ന ഈ പരിപാടി താഴ്ന്ന ജന്തുക്കളെയും പരാമർശിക്കുന്നതാണ്. മററു ജന്തുക്കളെപ്പോലെ ഭക്ഷണം, ചലനം, ഉത്പാദനം ആദിയായ അനിവാര്യമായ പ്രവൃത്തനങ്ങൾ എല്ലാം ഇവയും നടത്തുന്നുണ്ട്. ഇനിയും സസ്യലോകത്തിലേക്ക നമ്മുടെ ശ്രദ്ധയെ കേന്ദ്രീകരിച്ചാൽ, അവയ്ക്കും അവയുടെ ജീവിതത്തിൽ ഏതെങ്കിലും ഒരു ഘട്ടത്തിൽ ഈ ശക്തിവിശേഷങ്ങൾ എല്ലാം ഉള്ളതായി കാണാം.

നെററിൽ (Nettle) എന്ന പേരിനാൽ അറിയപ്പെടുന്ന സസ്യത്തിൽ ബാഹ്യമായി അനേകം രോമങ്ങൾ ഉണ്ട്. ഇവയിൽ ഒരു രോമത്തെ സൂക്ഷ്മദർശനിയിൽകൂടി പരിശോധിച്ചാൽ അത്ഭുതകരങ്ങളായ അനേകം രഹസ്യങ്ങൾ മനസ്സിലാക്കാം. ഓരോ രോമത്തിലും "പ്രാഗ്ഭവം" (proto plasm) എന്ന കുട്ടിക്കടിയ ഒരു ദ്രാവകം ഉണ്ട്. ഈ ദ്രാവകം നിശ്ചലമായി നിലകൊള്ളുകയല്ല ചെയ്യുന്നത്. അതു നിരന്തരമായി ഒഴുകിക്കൊണ്ടിരിക്കുന്നു. വളരെ വിരളമായി മാത്രം രണ്ടു എതിർപ്രവാഹങ്ങൾ ഉണ്ടാകാം. ..വതങ്കിൽ ഒരു ഉരസൽ കഴിഞ്ഞതിനുശേഷം, രണ്ടും ശക്തികൂടിയതിന്റെ ഗതിയ്ക്കു അനുസരണമായി ഒഴുകുന്നു. വളരെ സൂക്ഷ്മമായ ഈ രോമങ്ങളിൽ അടക്കിവച്ചിരിക്കുന്ന അക്ഷീണവും അതിശയനീയവുമായ ശക്തിവിശേഷത്തിന്റെ പ്രകടനം കറെ മണിക്കൂറുകൾ ഏകാഗ്രതയോടുകൂടി സൂക്ഷിക്കുന്ന ഒരുവനു അത്ര പെട്ടെന്നു മറക്കുവാൻ സാദ്ധ്യമല്ല. ഈ പ്രകടനം മേൽപറഞ്ഞ സസ്യങ്ങളിൽമാത്രമല്ല അനേകലക്ഷം ഇതരസസ്യങ്ങളിലും നടക്കുന്നുണ്ട്. ഇതാണു വാസ്തവമെങ്കിൽ ഉഷ്ണമേഖലയിലെ ഭയാനകമായ ഒരു വനാന്തരത്തിന്റെ മഹാഘനമൗനം, നമ്മുടെ ശ്രോത്രേന്ദ്രിയത്തിന്റെ പ്രാപ്തിക്കുറവുകൊണ്ട് തോന്നുന്നതായിരിക്കാം. നമ്മുടെ കണ്ണുകൾക്ക ഈ കോഷ്ഠസമൂഹങ്ങളിൽ നടക്കുന്ന മർമ്മരശബ്ദത്തെ ശ്രവിക്കുവാൻ സാധിച്ചിരുന്നെങ്കിൽ അതു ജനനിബിഡമായ ഒരു പട്ടണത്തിലെ കോലാഹലത്തെക്കാൾ കൂടുതലായിരിക്കും.

ചലനം, താഴ്ന്നപടിയിലുള്ള സസ്യങ്ങളിൽ ഒരു പ്രകൃതനിയമംതന്നെയാണ്. "ശൈവലം" (Algas) വിഷഹം (Fungus) മുതലായവകളിൽ പല പരിതഃസ്ഥിതികളിലും കട്ടിയുള്ള പുറംതൊലിയിൽനിന്ന്, പ്രാഗ്ഭവപിണ്ഡങ്ങൾ പുറത്തേയ്ക്കു ചലിക്കുന്നുണ്ട്. ഇതിൽനിന്നും, ചലനം, ജന്തുക്കളിലും സസ്യങ്ങളിലും ഒരുപോലെ നടക്കുന്നുണ്ടെന്നു സിദ്ധിക്കുന്നു. ഉൽപ്പാദനം വിഭക്തിയും രണ്ടിനേയും രണ്ടുവിധം ബാധിക്കുന്നുണ്ട്. താഴ്ന്നതും ഉയർന്നതുമായ ജന്തുസസ്യാദികൾക്കുള്ള ശക്തിയുടെ വ്യത്യാസം, അതിന്റെ സ്വഭാവത്തെയല്ല, പരിമാണത്തെയാണ് ആശ്രയിച്ചിരിക്കുന്നത്. കൂടാതെ ഉയർന്ന ജന്തുക്കളിൽ ദൃശ്യമാകുന്ന പ്രവർത്തിവൈവിധ്യത്തെയും ഇതു ഏറെക്കുറെ അവലംബിച്ചിരിക്കുന്നു. അവയ്ക്കു പൊതുധർമ്മങ്ങൾ അനുഷ്ഠിക്കുന്നതിന് നിയമിതങ്ങളായ ചില അവയവസമുച്ചയങ്ങൾ ഉണ്ട്.

ജന്തുക്കളുടെയും സസ്യങ്ങളുടെയും പ്രാഗ്ഭവത്തിന്, അന്യോന്യം അനേകം സാദൃശ്യങ്ങൾ ഉണ്ടെങ്കിലും, ചില അന്തരങ്ങളും ഇല്ലാതില്ല. നവമായ പ്രാഗ്ഭവത്തെ സ്വയം സൃഷ്ടിക്കുന്നതിന് സസ്യങ്ങൾക്കുള്ള കഴിവ് ജന്തുക്കൾക്കില്ല. അതിനാൽ ഈ ജീവവസ്തുവിന്റെ നിർമ്മിതിയിൽ ജന്തുക്കൾക്ക സസ്യങ്ങളുടെ സഹായം അനപേക്ഷണീയമായിത്തീരുന്നു. ജീവന്റെ ഈ രണ്ടു വിഭാഗങ്ങൾ തമ്മിലുള്ള അന്തരം എന്തിനെ ആശ്രയിച്ചിരിക്കുന്നു എന്നുള്ള വസ്തുത ഇന്നും അജ്ഞേയമായിത്തന്നെ നിലകൊള്ളുന്നു.

ഒരുതുള്ളി മനുഷ്യരക്തം ഭൂതക്കണ്ണാടിയിൽകൂടി പരിശോധിച്ചാൽ അതിൽ വൃത്താകൃതിയിലുള്ള അനേകം കോഷ്ഠങ്ങൾ അടങ്ങിയിരിക്കുന്നതായി കാണാം. രക്തത്തിന് അരുണനിറത്തെ പ്രദാനം ചെയ്യുന്നതിനാൽ ഇവയെ "അരുണാണുക്കൾ" (redcles corpus) എന്നു പറയാം. ഇവകളെ കൂടാതെ, ശാശ്വതാകൃതിയില്ലാത്തതും, വർണ്ണരഹിതവും താരതമ്യേന വലിപ്പം കൂടിയതുമായ മററനവധി വസ്തുക്കളും കൂടി രക്തത്തിൽ ഉണ്ടെന്നു കാണാം. ഇവയെ ശ്വേതാണുക്കൾ എന്നു പറഞ്ഞുവരുന്നു. നമ്മുടെ ശരീരത്തെ രോഗാണുക്കളുടെ ആക്രമണത്തിൽ നിന്നും രക്ഷിക്കുന്ന സമാധാനപാലകന്മാരാണ് ഇവ. ശ്വേതരക്താണുക്കൾ ജീവനുള്ള പ്രാഗ്ഭവപിണ്ഡങ്ങളാണ്. അവയുടെ ഉള്ളിൽ ഗോളാകൃതിയിലുള്ള ഒരു വസ്തു ഉണ്ടായിരിക്കും. ഇതിന് "ജീവബിന്ദു" എന്നു പറയാം. അവയുടെ ശരീരത്തിൽനിന്നും ഉണ്ടാകുന്ന അംഗുലികളുടെ ആകൃതിയിലുള്ള അവയവവിശേഷങ്ങൾകൊണ്ട് അവ സ്വതന്ത്ര വ്യക്തികളെന്നോണം ചലിക്കുന്നു.

ഇങ്ങനെ ഉന്മേഷഭരിതമായ ഈ വസ്തു നെററിലിൽ ഉള്ള പ്രാഗ്ഭവത്തിൽനിന്നും തത്വപരമായി വ്യത്യാസപ്പെട്ടിരിക്കുന്നു. യഥാർത്ഥത്തിൽ ശ്വേതാണുക്കളോടു സാമ്യം വഹിക്കുന്ന ഘടനയോടു കൂടിയ അനേകലക്ഷം കോഷ്ഠങ്ങൾ, നമ്മുടെ ശരീരത്തിന്റെ എല്ലാ ഭാഗങ്ങളിലും ഉണ്ട്. ജീവിതാരംഭത്തിൽ മനുഷ്യൻ ഇപ്രകാരമുള്ള കോഷ്ഠങ്ങളുടെ ഒരു സമൂഹം മാത്രമായിരുന്നു. ഇങ്ങനെയുള്ള ഒരു പ്രാഗ്ഭവപിണ്ഡമാണ് മനുഷ്യശരീരത്തിന്റെ ഘടനയിൽ ഏററവും നിസ്സാരമായ ഘടകം. ഇതിൽനിന്നും ഒരാൾക്ക് അനേകം കോഷ്ഠങ്ങളുടെ ഒരു ചെറിയ സമൂഹമായിരുന്ന ഈ ശരീരം, അതിന്റെ പരിപൂർണ്ണാവസ്ഥയിൽ, പല രൂപാന്തരങ്ങളെ കൈക്കൊണ്ടിട്ടുള്ള ഘടകങ്ങളുടെ ഒരു വർദ്ധനവു മാത്രമാണെന്നു തെളിയുന്നു. ചുരുക്കത്തിൽ ഭൂമിയിൽ കാണുന്ന സകല ജന്തുക്കളും പ്രാഗ്ഭവം എന്നറിയപ്പെടുന്ന ഘടകങ്ങളെക്കൊണ്ടാണ് നിർമ്മിതമായിട്ടുള്ളത്. എന്നാൽ വെറും ശ്വേതാണുക്കളെപ്പോലെ, അതിസൂക്ഷ്മങ്ങളും നിസ്സാരങ്ങളുമായ അനേകം ജീവികൾ സ്വതന്ത്രജീവിതം നയിക്കുന്നുണ്ട്. പക്ഷെ ജീവന്റെ ഏററവും താഴ്ന്നപടിയിൽ ഇവ നിസ്സാരരൂപംതന്നെ കുറേക്കൂടി ലഘുതരമാവുകയും സകല ചേഷ്ടകളും ജീവബിന്ദു ഇല്ലാത്ത ഒരു പ്രാഗ്ഭവപിണ്ഡത്തിൽതന്നെ പ്രകടിതമാവുകയും ചെയ്യുന്നു.

ഇതിൽനിന്നും ഒരു ശില്പിയുടെ കരകൗശലത്തിനു വിധേയമായി പല രൂപാന്തരങ്ങളെ കൈക്കൊള്ളുന്ന ഒരു തളിക്കണ്ണത്തിന്റെ സ്ഥാനമാണ് പ്രാഗ്ഭവത്തിനുള്ളതെന്നു മനസ്സിലാക്കാം. ജന്തുസസ്യാദികൾ ആകൃതിയിൽ എത്രതന്നെ വ്യത്യസ്തമായിരുന്നാലും, അവയുടെ ഭൗതികാടിസ്ഥാനമായ പ്രാഗ്ഭവത്തിനു സാമാന്യമായ ചില ഐകരൂപ്യങ്ങൾ ഉണ്ടെന്നു വ്യക്തമായി. എന്നാൽ ഐകരൂപ്യങ്ങൾക്ക പുറമെ പ്രത്യേകം ചില രൂപാന്തരങ്ങളും ഇതിനുണ്ടെന്നുള്ളതു അവിസ്മരണീയമാണ്. ഏതെല്ലാം രൂപാന്തരങ്ങളെ അവലംബിച്ചാലും, അവസാനം ഇതു നശിക്കുന്നു. പരമാർത്ഥത്തിൽ പ്രാഗ്ഭവത്തിന്റെ ജീവൻ നശീകരണത്തെയാണ് ആശ്രയിച്ചിരിക്കുന്നത്. ശരീരത്തിന്റെ സജീവമായ സകല പ്രവർത്തനങ്ങളും പ്രാഗ്ഭവത്തിന്റെ നഷ്ടത്തിനു കാരണമായിത്തീരുന്നു. ഒരു വാഗ്മിയുടെ പ്രസംഗത്തിൽ, ഓരോ വാക്കും ഭൗതികമായ ചില നഷ്ടങ്ങളെ ഉണ്ടാക്കുന്നു. എത്രമാത്രം അയാൾ സംസാരിക്കുന്നുവോ, അത്രമാത്രം അയാളുടെ ശരീരം ഇംഗാലാമ്ലവാതകവും, ജലവും, മററു മലിനപദാർത്ഥങ്ങളുമായും രൂപാന്തരപ്പെടുന്നു. എന്നാൽ ഈ നഷ്ടം ശാശ്വതമല്ല; കാരണം, പ്രാഗ്ഭവം നവീകരണവിധേയമാണ്. അത്യധികമായി ജോലിചെയ്തു ക്ഷീണിച്ച ഒരാൾ, നഷ്ടപരിഹാരാർത്ഥം ആഹാരത്തിന്റെ സഹായം അപേക്ഷിക്കുന്നു. ഈ ആഹാരം, അതു എന്തുതന്നെയായാലും, ചില അവസ്ഥാന്തരങ്ങളെ കൈക്കൊണ്ട്, പുതിയ പ്രാഗ്ഭവമായി മാറുക മാത്രമാണു ചെയ്യുന്നത്. ഈ മാററങ്ങൾ എത്രതന്നെ വിവിധങ്ങളായിരുന്നാലും, ആ പ്രാഗ്ഭവം അതിന്റെ പ്രവൃത്തികളെ പുലർത്തുന്നതിന് അപര്യാപ്തമായി തീരുന്നതല്ല. ഇങ്ങനെ നശീകരണനവീകരണവിധേയമായ പ്രാഗ്ഭവമാണ് ജീവനുണ്ടെന്നു സങ്കല്പിക്കപ്പെടുന്ന സകല വസ്തുക്കളുടെയും ഭൗതികാടിസ്ഥാനം.

—o—



വൈററ്സിററിസ്റ്റേഡിയത്തിൽവച്ചു നടന്ന മത്സരത്തിൽ ..അടി ..ഇ ഞ്ച് ഉയരത്തിൽ ചാടി വിജയം നേടിയിരുന്ന ആൻഡേഴ്സന്റെ ..അടി ..ഇഞ്ച് ചാടുന്നതിനുള്ള ശ്രമം വിഫലമായി.

സല്ലാപസാഗരം അഥവാ അത്താഴാനന്തരസല്ലാപം
വിവർത്തകൻ, കെ. രാമൻമേനോൻ
വിശ്രമാവസരങ്ങളിൽ കുടുംബാംഗങ്ങളുമൊരുമിച്ചിരുന്നു വായിച്ചുരസിക്കുന്നതിനു പററിയ ഒരു ഗ്രന്ഥം.
ഒന്നാം ഭാഗം വില രൂ. 1 ണ. 2.
2-ം 3-ം ഭാഗങ്ങൾ വില രൂ. 1 ണ. 2.
മാനേജർ, ശ്രീരാമവിലാസം ബുക്കുഡിപ്പോ, കൊല്ലം.

# പെറ്റ്കോവിൻ്റെ വധം

## ബൾഗേറിയൻ സ്ഥിതിഗതികൾ

ബൾഗേറിയയിലെ കർഷകകക്ഷിനേതാവായിരുന്ന നിക്കോളാപെട്കോവിനു വധശിക്ഷ നൽകിയതനുസരിച്ചു ഈയിടെ അദ്ദേഹത്തെ തൂക്കിലിടുകയുണ്ടായി. 1933-ൽ നാസി ജർമ്മനി വധശിക്ഷക്കു ഇരയാക്കുമായിരുന്ന ഡിമിട്രോഡിൻ്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റുഗവർമ്മെൻ്റ ബ്രിട്ടൻ്റെയും അമേരിക്കയുടെയും അഭ്യർത്ഥനകളെ അവഗണിച്ചു പെട്രോവിനെ തൂക്കിലിട്ടു. ബൾഗേറിയൻ ട്രേഡ യൂണിയൻസിൻ്റെ കമ്മ്യൂണിസ്റ്റു സെൻട്രൽകമ്മിററി പ്രസ്തുത വധത്തെപ്പററി പ്രസ്താവിച്ചതു് 'ഒരു നായ്ക്കു നായുടെ മരണംതന്നെ' എന്നാണു്. പെട്രോവിൻ്റെ വധം 'ബൾഗേറിയൻജനതയുടെ ഹിതമാണു പ്രകടമാക്കുന്നതു' എന്നു അവർ പ്രസ്താവിക്കുന്നു. ഒരു ബ്രിട്ടീഷു രാഷ്ട്രകാര്യവിമർശകനായ വിക്കാം സ്റ്റീഡ് 'ബൾഗേറിയൻജനതയുടെ ഹിത'ത്തിൻ്റെ 1886 മുതലുള്ള ചരിത്രം ഈ ലേഖനത്തിൽ വിവരിക്കുന്നു.

—വിക്കാം സ്റ്റീഡ്

കർഷകകക്ഷിനേതാവായിരുന്ന നിക്കോളാ പെട്രോവിൻ്റമേൽ വ്യാജമായി രാജദ്രോഹകുററം ആരോപിച്ചു തൂക്കിക്കൊന്ന ഒരു പാതകകൃത്യംകൂടി ബൾഗേറിയയുടെ രക്തപങ്കിലമായ ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. ജർമ്മൻ റെയിക്കസ്റ്റാഗ്ഗ് തീവയ്പുസംബന്ധിച്ചു ഇതുപോലെതന്നെ വ്യാജമായി കുററാരോപണത്തിനു വിധേയനായി നാസിജർമ്മനി 1933-ൽ വധശിക്ഷക്കു ഇരയാക്കുമായിരുന്നെങ്കിലും സോവ്യററിൻ്റെ നിർബന്ധംമൂലം രക്ഷനേടിയവനുമായ മിസ്റ്റർ ഡിമിട്രോവിൻ്റെ അധീനതയിലുള്ള കമ്മ്യൂണിസ്റ്റു ഗവർമ്മെൻ്റിനെ എതിർത്തതാണു പെട്രോവുചെയ്ത യഥാർത്ഥമായ കുററം. പെട്രോവിൻ്റെ കുററം അക്ഷന്തവ്യംതന്നെയായിരുന്നു! പെട്രോവിനുവേണ്ടി ബ്രിട്ടനും അമേരിക്കയും ചെയ്ത അഭ്യർത്ഥനകളെല്ലാം തിരസ്കൃതമാകത്തക്കവണ്ണം അത്ര അക്ഷന്തവ്യംതന്നെയായിരുന്നു പെട്രോവിൻ്റെ കുററം. 'ഒരുനായ്ക്കു നായുടെ മരണംതന്നെ' എന്നുള്ള വധശിക്ഷാവിധി 'ബൾഗേറിയൻ ജനതയുടെ ഹിതമാണു പ്രകടമാക്കുന്നതു്' എന്നത്രേ ബൾഗേറിയൻ ട്രേഡുയൂണിയൻസ് വക കമ്മ്യൂണിസ്റ്റു സെൻട്രൽകമ്മിററി ഒരു പ്രമേയത്തിൽ പ്രസ്താവിച്ചതു്.

### അലക്സാണ്ടറിൻ്റെ സ്ഥാനത്യാഗം

'ബൾഗേറിയൻജനതയുടെ ഹിത'ത്തെപ്പററി എനിക്കു അവിശ്വാസമാണു്. മാസിഡോണിയയിലെബൾഗേറിയൻ കർഷകരെ ടർക്കി കൂട്ടക്കൊലനടത്തിയതിൽ പ്രതിഷേധിച്ച മഹാരക്തികൾ ടർക്കിയിൽ ഭരണപരിഷ്കാരം ആവശ്യപ്പെട്ട നാൾമുതലുള്ള അതിൻ്റെ പ്രവർത്തനത്തെ ഞാൻ സൂക്ഷിച്ചിട്ടുണ്ടു്. അതിനുമുമ്പുതന്നെ, 1886-ൽ ആധുനികബൾഗേറിയയിലെ ആദ്യത്തെ ഭരണാധികാരിയായിരുന്ന ബാറേൻബർഗ്ഗിലെ പ്രിൻസു അലക്സാണ്ടർ റഷ്യൻ ഉദ്യോഗസ്ഥന്മാരാൽ സ്ഥാനത്യാഗപ്രമാണം ഒപ്പിടുന്നതിനു നിർബന്ധിതനായി റഷ്യയിലേയ്ക്കു ബന്ധനസ്ഥനായി കൊണ്ടുപോകപ്പെട്ടതു സംബന്ധിച്ചുണ്ടായ സംഭവഗതികളും എൻ്റെ സ്മൃതിപഥത്തിൽ എത്തുന്നു, ബൾഗേറിയയെസംബന്ധിച്ച റഷ്യയ്ക്കുണ്ടായിരുന്ന മൂഢോദ്ദേശങ്ങൾക്കു പ്രതിബന്ധമായിനിന്നു എന്നതായിരുന്നു അലക്സാണ്ടറിൻ്റെ പേരിലുണ്ടായിരുന്ന കുററം. എന്നാൽ ബൾഗേറിയനായ സ്റ്റാംബുലോഫ് എന്ന ധീരൻ്റെ നേതൃത്വത്തിൽ 'ബൾഗേറിയൻജനതയുടെ ഹിതം' റഷ്യയുടെ അഭിമതത്തിനെതിരായി പ്രിൻസ് അലക്സാണ്ടറിനെ തിരിച്ചുവിളിക്കുകയാണുണ്ടായതു്. പക്ഷെ റഷ്യയുടെ നിർബന്ധത്താൽ വീണ്ടും അലക്സാണ്ടർ സ്ഥാനത്യാഗംചെയ്യുന്നതിനും അതിനെ ബൾഗേറിയൻജനങ്ങൾ അനുകൂലിക്കുന്നതിനും ഇടയായി. ഡാക്സ്-കോബർഗ്ഗ് ശോഥായിലെ പ്രിൻസു ഫെർഡിനൻസിനെ അവർ ഭരണാധികാരിയായി സ്വീകരിക്കുകയും ചെയ്തു.

അന്നു സ്റ്റാംബുലോഫ് ആണു 'ബൾഗേറിയൻജനതയുടെ ഹിത'ത്തിൻ്റെ മൂർത്തീകരണമായി കാണപ്പെട്ടതു്. അലക്സാണ്ടർ ധീരനും ഉദാത്തമാവുമായിരുന്നെങ്കിൽ കോബർഗ്ഗിലെ ഫെർഡിനൻസു ഭീരുവും കുതന്ത്രശാലിയുമായിരുന്നു. വിപ്ലവകരമായ ആശയങ്ങളിൽ നിമഗ്നനായിരുന്ന സ്റ്റാംബുലോഫിനെ റഷ്യയിലെ സാർ ചക്രവർത്തിയ്ക്കു വെറുപ്പായിരുന്നെന്നു അദ്ദേഹത്തിനു അറിവുണ്ടായിരുന്നു. പിൽക്കാലങ്ങളിൽ ഫെർഡിനൻഡു പറയാറുണ്ടായിരുന്നു: 'ഞാൻ ബൾഗേറിയായിൽ പ്രവേശിച്ചപ്പോൾതന്നെ ചെയ്തിരുന്ന നിശ്ചയം, കൊലപാതകമുണ്ടായാൽ ഞാൻ കൊലപാതകികളുടെ പക്ഷത്തു ചേർന്നു നിൽക്കുമെന്നായിരുന്നു' സ്റ്റാംബുലോഫിൻ്റെ നിയന്ത്രണത്തിൽ അക്ഷമനായ ഫെർഡിനൻഡു സമയം കാത്തു കഴിച്ചുകൂട്ടി. സ്റ്റാംബുലോഫിൻ്റെ ഒരു എതിരാളിയായിരുന്ന മേജർ പാനിട്സായെ 1890-ൽ വധിച്ചതു അദ്ദേഹം നിയമാനുസൃതമാക്കി അംഗീകരിച്ചു. 1894-മേ മാസംവരെ സ്റ്റാംബുലോഫിനെ പിരിച്ചുവിടുന്നതിനുള്ള ധൈര്യം ഫെർഡിനൻഡിനുണ്ടായില്ല. 1895 ജൂലൈയിൽ ഘാതകന്മാർ സ്റ്റാംബുലോഫിനെ തുണ്ടുതുണ്ടായി അരിഞ്ഞു. നിയമം അവരുടെമേൽ നടപടിയൊന്നും നടത്തിയതുമില്ല.

### ബാൾക്കൻ സഖ്യം

അതിനുശേഷം ഫെർഡിനൻഡിൻ്റെ ഹിതം ബൾഗേറിയൻജനതയുടെ ഹിതം' ആയി ആസ്ത്രിയയ്ക്കും റഷ്യയ്ക്കും ഇടയിൽ ബുദ്ധിപൂർവ്വം അദ്ദേഹം നയതന്ത്രജ്ഞതയോടെ പെരുമാറി. 1912-ൽ ടർക്കിക്കെതിരായി ഗ്രീസും സെർബിയായുമായും യോജിച്ചുള്ള ബാൾക്കൻസഖ്യത്തിനു അദ്ദേഹം ശ്രമിച്ചുതുടങ്ങി. എങ്കിലും ഒരു വിശ്വസ്തനായ ദൂതൻ ആതൻസിൽനിന്നും ഉടമ്പടിയുടെ നക്കൽകൊണ്ടുവന്നപ്പോൾ ആറാഴ്ചക്കാലം ദൂതനെ അദ്ദേഹം സന്ദർശനാനുമതി നൽകുകയുണ്ടായില്ല. ദൂതൻ താമസിച്ചിരുന്ന ഹോട്ടലിനു സമീപമുള്ള ഒരു ബ്രിട്ടീഷു നയതന്ത്രജ്ഞൻ്റെ ഗൃഹത്തിൽ കുട്ടികൾക്കു പൊണ്ണൻപനി ബാധയുണ്ടെന്നുള്ളതായിരുന്നു കാരണം.

ടർക്കിക്കെതിരായി ഗ്രീസും സർബിയായുമായി 1912 അക്ടോബറിൽ ഫെർഡിനൻഡു ഒരു ബാൾക്കൻസഖ്യത്തിലേർപ്പെട്ടു ടർക്കി പരാജിതമായി. മിതമായ ആനുകൂല്യങ്ങൾക്കു സഖ്യരാജ്യങ്ങളോടു നിർബന്ധപൂർവ്വം ആവശ്യപ്പെടുകയും ഒടുവിൽ അവരുമായി അദ്ദേഹം കലഹിച്ചു പിരികയും ചെയ്തു: 1913-ലെ വേനൽക്കാലത്തു് അദ്ദേഹം അവരെ വഞ്ചിച്ചു ആക്രമിക്കുകയും സമരത്തിൽ പരാജിതനാകുകയുമുണ്ടായി. അതിനു പ്രതികാരമായി 1915-ൽ അദ്ദേഹം ജർമ്മനി, ആസ്ത്രേലിയ, ഹംഗറി, ടർക്കി എന്നീ രാജ്യങ്ങളോടു ചേർന്നു മുൻപറഞ്ഞ രാജ്യങ്ങളെ എതിർത്തു.

അദ്ദേഹം അല്പം കടന്നു പ്രവർത്തിച്ചുപോയി. ഇദംപ്രഥമമായി ലോകമഹായുദ്ധത്തിൽ തോററു കീഴടങ്ങിയ രാജ്യം ബൾഗേറിയായായിരുന്നു. 1918-ലായിരുന്നു അതു്, ഫെർഡിനൻഡു സ്ഥാനത്യാഗം ചെയ്തു. അദ്ദേഹത്തിൻ്റെ പുത്രൻ ബോറിസ്സ് ഭരണമാരംഭിച്ചു. കൊലപാതകങ്ങളും ഭീകരമർദ്ദനങ്ങളും നിത്യസംഭവങ്ങളായിരുന്ന ഒരു ഭരണകാലത്തിൻ്റെ അന്ത്യത്തിൽ അദ്ദേഹം രണ്ടാംലോകമഹായുദ്ധത്തിൽ നാസി ജർമ്മനിയുമായി സഹകരിച്ചു. 1943 സെപ്തംബറിൽ ഹിററ്ലറിനെ സന്ദർശിച്ചു മടങ്ങുന്ന വഴി അദ്ദേഹം ഏതോ അജ്ഞാതകാരണത്താൽ മൃതിയടഞ്ഞു.

### ഭൂഗർഭസമരം

സ്റ്റാംബുലോഫ് കഴിഞ്ഞാൽ ഏററവും സമർത്ഥനായ ബൾഗേറിയൻനേതാവായിരുന്ന ബോറിസ്സിൻ്റെ വാഴ്ചക്കാലത്തു, സ്റ്റാംബൂലിസ്സ് എന്ന കർഷകപ്രധാനമന്ത്രി 1923-ൽ അക്രമമായി വധിക്കപ്പെട്ടു. രാജാവിൻ്റെ സ്വേച്ഛാധികാരത്തോടുകൂടിയുള്ള ഭരണവും നാസികളോടുള്ള സഖ്യവും നിലനിന്ന കാലങ്ങളിൽ നിക്കോളാ പെട്കോവ് ഉൾപ്പെടെ സ്റ്റാംബൂലിസ്സിൻ്റെ കർഷകകക്ഷിയിലെ പ്രധാന അംഗങ്ങളെല്ലാം അത്യാപൽക്കരമായ ഒരു ജീവിതഘട്ടത്തെയാണു തരണം ചെയ്തതു്. അവർ സമാരംഭിച്ച ഭൂഗർഭസമരപ്രസ്ഥാനം 1944-ൽ ബൾഗേറിയയെ സഖ്യപക്ഷത്തു ചേർക്കുന്നതിനു സാധിച്ചു. റഷ്യൻ ഡിപ്യൂട്ടി പ്രധാനമന്ത്രിയുമായി ഒരു താൽക്കാലിക സന്ധിയുടമ്പടിയിൽ ഒപ്പുവച്ചതു പെട്കോവ് ആയിരുന്നു.

റഷ്യനും ബൾഗേറിയനും കമ്മ്യൂണിസത്തോടുള്ള അദ്ദേഹത്തിൻ്റെ പ്രതികൂലനില അദ്ദേഹത്തിൻ്റെ വിധിയെഴുതി. അറസ്റ്റും വിചാരണയും വിധിയുമായിരുന്നു ഫലം. "ബൾഗേറിയൻ ജനതയുടെ ഹിതം" അനുസരിച്ചു അദ്ദേഹം തൂക്കിലിടപ്പെട്ടു. പ്രസ്തുത 'ഹിത'ത്തെപ്പററി ഇപ്പോഴും എനിക്കു അവിശ്വാസമാണു്. ഏതായാലും, പെട്കോവിൻ്റെ കൊലപാതകം ബൾഗേറിയൻ ജനതയ്ക്കു സമാധാനം നൽകുന്നതിനു പര്യാപ്തമാകുമോ എന്ന കാര്യം സംശയമാണു്.

—o—

(ഒന്നാംപേജിൽനിന്നും തുടർച്ച)

യാഥാസ്ഥിതികമനോഭാവത്തോടു് സരോജിനീദേവി തൻ്റെജീവിതത്തിൽ — വിവാഹകാര്യത്തിൽപ്പോലും— നടത്തിയ ഈ സമരം വിജയിച്ചാണു് അവർ ഇന്ത്യൻ നാഷണൽ കാൺഗ്രസ്സിൻ്റെ ഏക ഇന്ത്യൻവനിതാപ്രസിഡൻ്റായി ഉയർന്നതു്. 1920-ൽ രാഷ്ട്രീയപ്രവർത്തനരംഗത്തിലേക്കു അവർ പ്രവേശിച്ചു. 1925-ൽ കാൺപൂരിൽ നടന്ന ഇന്ത്യൻനാഷണൽകാൺഗ്രസ്സിൻ്റെ അദ്ധ്യക്ഷസ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെട്ടു. മഹാത്മജിയുടെ നേതൃത്വത്തിൽനടന്ന സമരങ്ങളിലെല്ലാം അവർ പങ്കെടുത്തു. ഇന്നു 68 വയസ്സു പ്രായമായ അവർ ഇപ്പോഴും മനസ്സുകൊണ്ടു എത്ര ചെറുപ്പമാണെന്നു്, അവരുടെ ഇക്കഴിഞ്ഞ അധികാരക്കൈമാററസന്ദർഭത്തിലെ ഉജ്ജ്വലപ്രസംഗം സാക്ഷ്യം വഹിക്കുന്നു. ഇന്ത്യയുടെ മാതാവെന്ന പേരിനുതന്നെ അർഹയായ അവർക്കു് രാഷ്ട്രീയകാര്യങ്ങളിൽനിന്നു പിന്തിരിയേണ്ട കാലമായിട്ടില്ലെന്ന അവരുടെ സഹപ്രവർത്തകരുടെ വിശ്വാസമല്ലാതെ മറെറന്താണു്, ഇപ്രകാരം ഈ ഗവർണ്ണർസ്ഥാനം നിർബ്ബന്ധിച്ചവരെക്കൊണ്ടു സ്വീകരിപ്പിച്ചതിൽ അടങ്ങിയിരിക്കുന്നകാര്യം? നെഹ്റുഗവർമ്മെൻ്റിൻ്റെ ഈ വിശ്വാസപ്രഖ്യാപനം നമുക്കേററു പാടുക. സരോജിനീദേവി നിത്യയൗവനയുക്തയായി ജീവിക്കട്ടെ.

—o—

# അഭയാർത്ഥിസംഘത്തിൻ്റെ യാത്ര

## പകിസ്ഥാനിൽനിന്നുള്ള നിർഗ്ഗമനം

വർഗ്ഗീയമായ അടിസ്ഥാനത്തിൽ ഒരു ഉപഭൂഖണ്ഡത്തെ രണ്ടായി പിളർന്നതിൻ്റെ പ്രഥമ ഫലം— ലക്ഷക്കണക്കിനു ആബാലവൃദ്ധംജനങ്ങൾ — പട്ടികൾപോലും- -നൂററാണ്ടുകളായി അധിവസിച്ചിരുന്ന രാജ്യം ഉപേക്ഷിച്ചു, കയ്യിലെടുക്കാവുന്നവമാത്രം എടുത്തുകൊണ്ടു, ൫൦ മൈൽ കാൽനടയായി അഭയംതേടി നീങ്ങുന്ന, ഹൃദയം നീറിക്കുന്ന കാഴ്ച, ചരിത്രത്തിൽ ഇതിനുമുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത സംഭവം; ഒരു മനുഷ്യമഹാസമുദ്രം അങ്ങനെ നീങ്ങുന്നു— ഒരു നിർദ്ദിഷ്ടസ്ഥാനം കടക്കുന്നതിനു എട്ടു ദിവസം വേണ്ടിവന്നു; ആ സംഘത്തിനു! വഴിനീളെ ജനനം, രോഗം, മരണം കല്ലും മുള്ളുംകൊണ്ടു കാൽപൊട്ടിയൊലിക്കുന്ന രക്തം പാതയിലെ പൊടിയിൽ കലർന്നു കഴയുന്നു! സംസ്കാരമുള്ളവനെന്നു അഭിമാനിക്കുന്ന ഇരുപതാംനൂററാണ്ടിലെ മനുഷ്യൻ മനുഷ്യനോടു മതത്തിൻ്റെ പേരിൽ ചെയ്യുന്ന അപരാധം!

ന്യൂഡെൽഹി, അക്ടോബർ ൧൭— ലോകചരിത്രത്തിലെ ഏററവും വിപുലമായ ഒരു ജനനിർഗ്ഗമനമാണു ഇന്നു പശ്ചിമപഞ്ചാവിൽനിന്നു പകിസ്ഥാൻ അതിർത്തികടന്നു ഇന്ത്യയിലേക്കുള്ള 400000 അമുസ്ലിം ജനതയുടെ സുദീർഘമായ യാത്ര കുറിക്കുന്നതു്. പശ്ചിമപഞ്ചാബിലെ ഏററവും ഫലപുഷ്ടിയുള്ള സ്ഥലങ്ങളിൽ ജനിച്ചുവളർന്ന ബഹുസഹസ്രം ജനങ്ങൾ സ്വഭവനങ്ങൾ ഉപേക്ഷിച്ചു കാൽനടയായി ഇന്ത്യൻ യൂണിയനെ അഭയം പ്രാപിക്കുന്നതിനുള്ള യാത്രയ്ക്കു സമമായി ലോകചരിത്രത്തിൽ മറെറാരു സംഭവം രേഖപ്പെടുത്തിയിട്ടില്ലെന്നുതന്നെ പറയാം. ലയൽപൂരിലെ ജലസേചിതഭൂവിഭാഗങ്ങളിൽനിന്നു സെപ്തംബർ 11-ാംനു- യാത്രയാരംഭിച്ച പ്രസ്തുത സംഘത്തിൻ്റെ അഗ്രഭാഗം 17-ാംനു- ബല്ലോക്കിഹെഡ്ഡിൽ എത്തിച്ചേർന്നു പൂർവ്വപഞ്ചാബിലേക്കു പ്രവഹിച്ചുതുടങ്ങി. അന്നു 45000 പേർ അതിർത്തികടന്നു. സെപ്തംബർ 22-നും 25-നും ഇടയ്ക്കു് 1,25,000 പേർകൂടി തുടർന്നു യൂണിയൻഭൂമിയിൽ പ്രവേശിച്ചു. മഴയും ഗതാഗതതടസ്സങ്ങളും യാത്ര സാവധാനഗതിയിലാക്കി.

പശ്ചിമപഞ്ചാബിൽനിന്നുള്ള അഭയാർത്ഥികളുടെ ഏററവും വലിയ ഒരു പ്രയാണമായിരുന്നു ഇതു്. ജീവനും വസ്തുവകകളും അപകടത്തിലായപ്പോൾ ലയൽപൂർ നിവാസികൾ പ്രസ്തുത പ്രയാണം സംഘടിപ്പിക്കുകയാണുണ്ടായതു്. തങ്ങളുടെ പൂർവ്വികസ്വത്തുക്കളും ഗൃഹങ്ങളും പരിത്യജിച്ചു കയ്യിലെടുക്കാവുന്ന ജംഗമങ്ങൾ മാത്രം വഹിച്ചും കന്നുകാലികളിൽ കൊണ്ടുപോകാവുന്നവയെ മാത്രം അടിച്ചുവിട്ടുംകൊണ്ടു അവർ യാത്രതിരിച്ചു. ചെറിയതരം വ്യാപാരികൾ, കൈത്തൊഴിൽ വേലക്കാർ, ഭൃത്യന്മാർ ഒരുകാലത്തു ധനികന്മാരായിരുന്ന ഭൂസ്വത്തുടമസ്ഥന്മാർ ബിസിനസ്സുകാർ വക്കീലന്മാർ, ഡാക്ടറന്മാർ ഇവരും സംഘത്തിലുൾപ്പെട്ടിരുന്നു. ജനവാസമില്ലാത്ത ഗ്രാമങ്ങളിൽ ജീവിക്കുന്നതിനു അസാദ്ധ്യമാകയാൽ ഗ്രാമങ്ങളിലെ പട്ടികളും അവരുടെ യജമാനന്മാരുടെ പിന്നാലെ കൂടി.

അഭയസ്ഥാനമായ പൂർവ്വപഞ്ചാബിലേക്കുള്ള 150 മൈൽ യാത്രക്കിടയിൽ ഗോജ്റ, സുമന്ദരി, ജറൻമാലാ എന്ന സ്ഥലങ്ങളിൽനിന്നും പോഷകനദിപോലെ ജനസംഘങ്ങൾ പ്രധാനസംഘത്തോടുവന്നുചേർന്നു. ഭൂരിപക്ഷം ജനങ്ങൾ ആബാലവൃദ്ധം നടക്കുകതന്നെയാണു ചെയ്തതു്. വണ്ടികൾ കൊണ്ടുവന്നിരുന്ന ചുരുക്കം ചിലർ അവയിൽ സ്വല്പസുഖം അനുഭവിച്ചുകൊണ്ടു യാത്രചെയ്തു. ഇൻഡ്യൻസേനകൾ യാത്രാസംഘത്തിനു രക്ഷ നൽകുന്നതിനായി നിയോഗിക്കപ്പെട്ടിരുന്നു.

ഏതെങ്കിലും നിർദ്ദിഷ്ടസ്ഥാനം കടക്കുന്നതിനു സംഘത്തിനു എട്ടുദിവസം വേണ്ടിവന്നു. അത്ര ഭീമമായ ഒരു മഹാ നദീപ്രവാഹംപോലെയുള്ളതായിരുന്നു പ്രയാണസംഘം. വിശ്രമത്തിനും ആഹാരത്തിനുമായി ഇടയ്ക്കിടെ യാത്ര നിർത്തേണ്ടതായി

(ശേഷം പതിനാറാംപേജിൽ)





ഇടത്തു്—ഇന്ത്യൻ സ്കൗട്ട്സംഘം ഇംഗ്ലണ്ടിൽ.—ഫ്രാൻസിൽ വച്ചു നടന്ന ലോകസ്കൗട്ട് ജാംബോറിയിൽ സംബന്ധിക്കുവാൻ പോയ ൫൦ ഇന്ത്യൻ സ്കൗട്ടുകൾ ഇംഗ്ലണ്ടിൽ വാട്ടർലൂസ്റ്റേഷനിൽ എത്തിയ അവസരത്തിൽ എടുത്ത ചിത്രം.

വലത്തു്—ഹാസ്പിററൽ ഡൊമസ്റ്റിക്ക് എയിഡ്സ് എക്സിബിഷൻ. ലണ്ടനിൽ എമ്പയർ ടീ ബ്യൂറോയിൽ ഈയിടെ നടന്ന ഹാസ്പിററൽ ഡൊമസ്റ്റിക്ക് എയിഡ്സ് എക്സിബിഷനിൽ ആശുപത്രിയുടെയും മററും സുഗമമായ നടത്തിപ്പിനു സഹായകമായിട്ടുള്ള താല്പര്യജനകമായ നിരവധി സജ്ജീകരണങ്ങളും പ്രദർശിപ്പിക്കയുണ്ടായി. അക്കൂട്ടത്തിൽ ആധുനികരീതിയിൽ ഗ്യാസുകൊണ്ടു ചൂടുപിടിപ്പിക്കുന്നതും വിദ്യുച്ഛക്തികൊണ്ടു പ്രവർത്തിക്കുന്നതുമായ സജ്ജീകരണങ്ങളും ഉൾപ്പെട്ടിരുന്നു. ചവറുത്തുകൊണ്ടു സ്വമേധയാ വൃത്തിയാക്കുന്ന ഒരു സജ്ജീകരണമാണു് ഈ ചിത്രത്തിൽ കാണുന്നതു്. ഏതു സ്ഥലമാണോ വൃത്തിയാക്കേണ്ടതു് അവിടത്തേക്കു് ഇതു ചിത്രത്തിൽ കാണിച്ചിരിക്കുന്നതുപോലെ വച്ചുകൊടുത്താൽ തനിയേ പ്രവർത്തിച്ചുകൊള്ളുന്നതാണു്.

---

(പതിനഞ്ചാംപേജിൽനിന്നും തുടർച്ച)

വന്നു. താവളം ഉറപ്പിച്ചു അടുപ്പുകൾകൂട്ടി ആഹാരം പാകംചെയ്യുക, ശിശുക്കൾക്കു പശുവിനെക്കറന്നു് പാൽകൊടുക്കുക, രോഗികളെ ശുശ്രൂഷിക്കുക ഇവ ഇടയ്ക്കിടെ അവർ ചെയ്തുകൊണ്ടിരുന്നു. ചിലപ്പോൾ സംഗീതവും, ക്ഷീണിതരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രസംഗങ്ങളും നടന്നു. ആഹാരദാരിദ്ര്യം നേരിട്ടപ്പോൾ സൈനികവിമാനങ്ങൾ അമൃതസാർ, ഡെൽഹി മുതലായ സ്ഥലങ്ങളിൽനിന്നു ആഹാരസാധനങ്ങൾ ജനസംഘത്തിനിടയിൽ വിതരണംനടത്തി. ഔഷധങ്ങളും വാക്സീനും ഡാക്ടർമാരും ഇടയ്ക്കിടെ വിമാനങ്ങളിൽ വന്നുചേർന്നു അതിർത്തികടക്കുന്നതിനുമുമ്പായി റായിപിൻഡിൽവച്ചു അഭയാർത്ഥികൾക്കു കുത്തിവയ്പുനടത്തുന്നതിനു ഫീൽഡ് ആംബുലൻസുവന്നുചേർന്നു. ചില വൃദ്ധന്മാരും രോഗികളും വഴിമദ്ധ്യേ ഇഹലോകവാസം വെടിഞ്ഞെങ്കിലും ജനസംഘം നീങ്ങിക്കൊണ്ടുതന്നെയിരുന്നു. യാത്രയിൽ മുറിവുപററിയ പാദങ്ങളിൽനിന്നു പ്രവഹിച്ച രക്തം റോഡിലെ പൊടിയിൽ കുഴഞ്ഞുചേർന്നു.

പൂർവ്വപഞ്ചാബിൽ എത്തിയ ഉടൻതന്നെ ജനങ്ങളെ സ്വീകരണത്താവളങ്ങളിൽ പ്രവേശിപ്പിച്ചു. പാദങ്ങൾ പൊട്ടിക്കീറിയ അനേകംപേർക്കു വൈദ്യശുശ്രൂഷ ചെയ്യേണ്ടതായിവന്നു. അടുത്ത രണ്ടുമൂന്നു ദിവസങ്ങൾക്കുള്ളിൽ ഈ സംഘം മുഴുവൻ പൂർവ്വപഞ്ചാബിൽ പ്രവേശിക്കുമെന്നാണു പ്രതീക്ഷ. അഭയസ്ഥാനത്തു അവർ എത്തിക്കഴിഞ്ഞാലും സ്ഥിരമായ താമസസൗകര്യങ്ങൾ അവർക്കു നല്കുകയെന്നതു ഭീമമായ ഒരു ജോലിതന്നെയാണു്.

### അഞ്ചുലക്ഷം ജനങ്ങൾ

സെപ്തമ്പർ 15-നും 25-നും ഇടയ്ക്കുള്ള ളൾപ്പടെ ഉദ്ദേശം അഞ്ചുലക്ഷംഅമുസ്ലീങ്ങൾ പശ്ചിമപഞ്ചാബിൽനിന്നു അഭയംതേടി ഇൻഡ്യൻയൂണിയനിലെത്തിയിട്ടുണ്ടു്. പശ്ചിമപഞ്ചാബിലേക്കു മൂന്നു ലക്ഷത്തോളം മുസ്ലീങ്ങളും പോയിട്ടുണ്ടു്. വെള്ളപ്പൊക്കവും വഴിനീളെയുള്ള ആക്രമണങ്ങളുമില്ലാതിരുന്നെങ്കിൽ ഇരുവശത്തേക്കും കൂടുതലായി ജനപ്രവാഹമുണ്ടാകുമായിരുന്നു. ആഗസ്റ്റ് 17 മുതൽ സെപ്തംബർ 25 വരെ 22 ലക്ഷത്തോളം അമുസ്ലീം അഭയാർത്ഥികൾ പൂർവ്വപഞ്ചാബിൽ വന്നുചേർന്നതായി കണക്കാക്കപ്പെടുന്നു. അഭയാർത്ഥികളെ മാററുന്നതിനു ചുമതലപ്പെട്ട മന്ത്രിയുടെ ആഫീസിൽനിന്നും സർവ്വവിധ വാഹനങ്ങളും ഇവരുടെ ഉപയോഗത്തിനു ഏർപ്പെടുത്തിയിരുന്നു. സെപ്തംബർ 15-നും 25-നും ഇടയ്ക്കു മാററപ്പെട്ട 8 ലക്ഷത്തോളം മുസ്ലീമും അമുസ്ലീമും ആയ അഭയാർത്ഥികളിൽ 2.50000-ത്തോളം അമുസ്ലീങ്ങളെയും 1,50,000-ത്തോളം മുസ്ലീങ്ങളെയും റെയിൽമാർഗ്ഗമായും, 1,75000 അമുസ്ലിങ്ങളെയും 1,00000 മുസ്ലിങ്ങളെയും കാൽനടയായും, 38000 അമുസ്ലിങ്ങളെയും 30000 മുസ്ലിങ്ങളെയും മിലിററി ട്രാൻസ്പോർട്ടുമാർഗ്ഗമായുമാണു മാററിയിട്ടുള്ളതു്.

ലക്ഷക്കണക്കിനു അഭയാർത്ഥികളെ മാററുന്ന ഭീമമായ ചുമതല വഹിക്കേണ്ടിവന്ന ഈസ്റ്റ് പഞ്ചാബ് റയിൽവേ തരണം ചെയ്യേണ്ടിവന്ന വിഷമങ്ങൾ അനേകമായിരുന്നു. നാർത്തുവെസ്റ്റ് റെയിൽവേയിൽനിന്നു വിഭജനം നടത്തി, ശരിയായി സംഘടിപ്പിക്കുന്നതിനു സമയം കിട്ടുന്നതിനു മുമ്പുതന്നെ ഈ ചുമതല അവർ ഏൾക്കേണ്ടതായിവന്നു. തൊഴിലാളി ദാരിദ്ര്യം ഒരു വിഷമപ്രശ്നമായി വന്നുകൂടി. മററു റെയിൽവേകളിൽനിന്നു ജോലിക്കാരെ ക്ഷണിച്ചുകൊണ്ടുള്ള ബോർഡിന്റെ വിജ്ഞാപനം അനേകം തൊഴിലാളികളെ സേവനത്തിനായി അങ്ങോട്ടു ആകർഷിച്ചു. ഇപ്പോൾ ദിവസംതോറും 12 ട്രെയിൻ അഭയാർത്ഥികൾക്കായി ഓടുന്നുണ്ടു്. ഓരോന്നും 3000 മുതൽ 5000 വരെ അഭയാർത്ഥികളെ വഹിച്ചുകൊണ്ടു പോകുന്നുണ്ടു്. വെള്ളപ്പൊക്കം ലൈനിനു കേടുവരുത്തിയെങ്കിലും ജോലിക്കാർ രാപകൽ ജോലിചെയ്തു കേടുപാടുകൾ തീർത്തുവരുന്നു.

### വിമാനമാർഗ്ഗം

കറാച്ചി, പെഷവാർ മുതലായ പകിസ്ഥാനിലെ വിദൂരപ്രദേശങ്ങളിൽനിന്നും ഭൂരിഭാഗവും ഗവർമ്മെൻറുദ്യോഗസ്ഥന്മാരുൾപ്പെടുന്ന 2500 വരുന്ന ഒരു സംഘത്തെ വിമാനമാർഗ്ഗമായും കൊണ്ടുവന്നിട്ടുണ്ടു്. സൈനികവും അല്ലാത്തതുമായ വിമാനങ്ങൾ ഇതിനായി ഉപയോഗിക്കപ്പെട്ടുവരുന്നു. വിമാനത്തിൽ മാറേണ്ടവരുടെ സംഖ്യ വർദ്ധിച്ചുവരുന്നതായിക്കാണുന്നതിനാൽ കൂടുതൽകൂടുതലായി വിമാനങ്ങൾ ഇതിനുപയോഗിച്ചുവരികയാണു്. മുൻഗണന സംബന്ധിച്ചുണ്ടായ നിശ്ചയമനുസരിച്ചു റെയിൽവേ ഉദ്യോഗസ്ഥന്മാർ, ഗതാഗതമന്ത്രിയുടെ വകുപ്പിലെ ഉദ്യോഗസ്ഥന്മാർ, കേന്ദ്രഗവർമ്മെൻറിലെ മററുദ്യോഗസ്ഥർ, പ്രവിശ്യാ ഗവർമ്മെൻറുജീവനക്കാർ, മററുള്ളവർ എന്ന ക്രമത്തിലാണു വിമാനഗതാഗതം നിശ്ചയിക്കപ്പെട്ടിട്ടുള്ളതു്. അഭയാർത്ഥികളെ മാററുന്നതിനു യു. പി. ഗവർമ്മെൻറിൽനിന്നും 117 ട്രക്കുകൾ ലഭിച്ചിട്ടുണ്ടു്; കൂടുതൽ ഇനിയും ലഭിക്കുന്നതാണു്.

പശ്ചിമപഞ്ചാബിലെ പല താവളങ്ങളിലുമായി സെപ്തംബർ 29-ാംനു-യുണ്ടായിരുന്ന അമുസ്ലിം അഭയാർത്ഥികളുടെ സംഖ്യ ഉദ്ദേശം 14,50,000 ആണു്. ഇതിൽ ലയൽപൂർ ഡിസ്ട്രിക്ടിലാണു് ഏററവും കൂടുതൽ, 4100,000. പെഷവാറിൽ 5000, ഷേക്കുപുറം, ഗുജറാത്ത്, സർഗോധാ, റാവൽപിണ്ടി, മുൽട്ടാൻ ഡിസ്ട്രിക്ടുകളിൽ ഒരുലക്ഷംവീതം. താവളങ്ങൾക്കു വെളിയിൽ അങ്ങിങ്ങായി മൂന്നു ലക്ഷത്തോളം മാത്രംവരുന്ന സംഘങ്ങളുമുണ്ടു്.

—०—


# വായനശാലയ്ക്കും വായനക്കാർക്കും?

| നോവലുകൾ | | നാടകങ്ങൾ | |
|---|---|---|---|
| മാലിനീമാലിന്യം | 3—0—0 | വേലക്കാരി | 1—0—0 |
| ഇന്ദുമതി | 2—8—0 | വജ്രവിപ്ലവം | 1—8—0 |
| ഗ്രാമസീമ | 1—8—0 | ഭഗ്നഹൃദയം | 1—8—0 |
| ദേവ | 1—8—0 | വിശ്വമോഹിനി | 2—0—0 |
| ഇരുട്ടിൽനിന്നും വെളിച്ചത്തേക്കു് | 1-12—0 | തിലോത്തമ | 1—4—0 |
| പതിദേവത | 1—0—0 | നർത്തകി | 1—4—0 |

## മലയാളം ബുക്കുഹൌസ്,

ബ്രാഞ്ചു്:—രങ്കയ്യഗൌഡർതെരുവു്, കോയമ്പത്തൂർ.

H. O റായപ്പേട്ട—മദ്രാസ്.


Printed and Published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.